# സാമൂഹ്യ ശാസ്ത്രം

**SOCIAL SCIENCE**
**MALAYALAM MEDIUM**

# ഏഴാം തരം

**STANDARD SEVEN**

**ഭാഗം** III

**TERM** III

# 1. വിജയനഗരബാമിനി സാമ്രാജ്യങ്ങൾ

## വിജയനഗര ബാമിനി സാമ്രാജ്യങ്ങളുടെ ഉദയം

ഡൽഹി സുൽത്താനായിരുന്ന മുഹമ്മദ്ബീൻ തുഗ്ലക്കിന്റെ ഭരണശേഷം രാജ്യം ഛിന്നഭിന്നമായി. ഉത്തരദക്ഷിണ പല പ്രാദേശിക ഗവർണർമാരും, നാടുവാഴികളും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബംഗാളും, മുൾട്ടാനും ഡൽഹി ഭരണത്തിൽ നിന്നും വേർപെട്ടു സ്വതന്ത്രമായി. ഗുജറാത്ത്, മാൾവാ, മേവാർ, മാർവാർ, കാശ്മീർ എന്നീ രാജ്യങ്ങളും സ്വതന്ത്രമായി.

ഡക്കാണിലും അതിന്റെ തെക്കു ഭാഗത്തും വിജയനഗര, ബാമിനി സാമ്രാജ്യങ്ങൾ പ്രബലമായി വളർന്നു വന്നു.

## വിജയനഗര സാമ്രാജ്യം (ക്രി.പി. 1336–1672)

ഹോയ്സാല രാജാവായ വീരബല്ലാള മൂന്നാമന്റെ കീഴിൽ ഹരിഹരനും, ബുക്കനും സേവനമനുഷ്ഠിച്ചിരുന്നു. ക്രി.പി. 1336–ൽ സന്യാസിയായ വിദ്യാരണ്യന്റെയും അദ്ദേഹത്തിന്റെ സഹോ ദരനായ ശയാനന്റെയും സഹായ ത്തോടെ തുംഗഭദ്ര നദിയുടെ തെക്കു ഭാഗത്ത് വിജയനഗര സാമ്രാജ്യം സ്ഥാപിച്ചു. അതിന്റെ തലസ്ഥാനം "ഹംപി"യാണ്. വിജയനഗരസാമ്രാജ്യത്തെ ഭരിച്ച നാലു പ്രധാനവംശങ്ങളാണ് സംഗമ, സാൾവാ, തുളുവ, അരവിഡു എന്നിവ.

ക്രി.പി. 1336–ൽ ഹരിഹരൻ ഒന്നാമൻ രാജാവായി. അദ്ദേഹം മൈസൂറിനേയും മധുരയേയും പിടിച്ചടക്കി. ക്രി.പി. 1356 മുതൽ അദ്ദേഹത്തിന്റെ അനന്തരാവകാശിയായി ബുക്കൻ ഒന്നാമൻ ഭരണമേറ്റു. അദ്ദേഹം തന്റെ സാമ്രാജ്യത്തെ തുംഗഭദ്ര മുതൽ തെക്ക് രാമേശ്വരം വരെ വ്യാപിപ്പിച്ചു. ഹരിഹരൻ II, ദേവരായർ I, ദേവരായർ II, കൃഷ്ണ ദേവരായർ എന്നിവർ വിജയനഗര ഭരണാധികാരികളിൽ പ്രസിദ്ധന്മാരാണ്.

## കൃഷ്ണദേവരായർ (ക്രി.പി. 1509–1529)

വിജയനഗര സാമ്രാജ്യത്തിലെ അതിപ്രശസ്തനാണ് തുളുവ വംശത്തിലെ കൃഷ്ണദേവരായർ. പോർച്ചുഗീസ് സഞ്ചാരിയായ ഡോ. ഡൊമിനിക് പയസിന്റെ അഭിപ്രായമനുസരിച്ച്, "കൃഷ്ണദേവരായരെ പോലെ പേടിക്കത്തക്കതും തികഞ്ഞതുമായ ഒരു രാജാവ് വേറെ ഇല്ല എന്നു തന്നെപറയാം".



കൃഷ്ണദേവരായർ

## ആക്രമണങ്ങൾ

കൃഷ്ണദേവരായർ ഒരു മികച്ച യോദ്ധാവായിരുന്നു. ക്രി.പി. 1510–ൽ അദ്ദേഹം ശിവസമുദ്രത്തെ ആക്രമിച്ചു. ക്രി.പി. 1512–ൽ റെയ്ച്ചൂരിനെയും, 1523–ൽ ഒറീസ്സയേയും, വാറംഗലിനേയും ആക്ര മിച്ചു കീഴടക്കി അദ്ദേഹത്തിന്റെ സാമ്രാജ്യം വടക്ക് കൃഷ്ണനദി മുതൽ തെക്ക് കാവേരി നദി വരേയും പടിഞ്ഞാറ് അറബിക്കടൽ മുതൽ കിഴക്ക് ബംഗാൾ ഉൾക്കടൽ വരേയും വ്യാപിച്ചിരുന്നു.

## സംഭാവനകൾ

കൃഷ്ണദേവരായർ ഒരു മികച്ച ഭരണാധികാരിയാണ്. ജലസേച നാവശ്യ ങ്ങൾക്കായി അദ്ദേഹം വലിയ ടാങ്കുകളും കനാലുകളും നിർമ്മിച്ചു. സമുദ്രാന്തര വാണിജ്യത്തിനായി നാവിക ശക്തി വളർത്തി കൊണ്ടുവരേണ്ടതിന്റെ

പ്രധാന്യം അദ്ദേഹം മനസ്സിലാക്കി. പോർച്ചുഗൽ, അറേബ്യ എന്നിവിടങ്ങളിലെ കച്ചവടക്കാരുമായി നല്ല സൗഹൃദബന്ധം സ്ഥാപിക്കുകയും ചെയ്തു.

കൃഷ്ണദേവരായർ മികച്ച ഒരു പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ സദസ്സിൽ അഷ്ടദിഗ്ഗജങ്ങൾ എന്ന പേരിൽ എട്ട് പണ്ഡിതൻമാർ ഉണ്ടായിരുന്നു. അദ്ദേഹം കല, വാസ്തുശില്പം എന്നിവയെ പ്രോത്സാഹിപ്പിച്ചു. മനോഹരങ്ങളായ ക്ഷേത്രങ്ങളും കൊട്ടാരങ്ങളും അദ്ദേഹം പണികഴിപ്പിച്ചിട്ടുണ്ട്. കൃഷ്ണദേവരായരുടെ കാലത്ത് വിജയനഗര സാമ്രാജ്യം പ്രശസ്തിയുടെ ഉച്ചകോടിയിലെത്തിയിരുന്നു.

## അഷ്ടദിഗജങ്ങൾ

അല്ലസാനി പെദ്ദണ്ണ, നന്ദി തിൻമണ്ണാ, തെന്നാലി രാമൻ, ഭട്ടുമൂർത്തി, പുനവീരഭദ്രൻ, ദുർജതി, മല്ലാനൻ, പനാജി സുരണൻ

## തളിക്കോട്ടയുദ്ധം (ക്രി.പി. 1565)

കൃഷ്ണദേവരായർക്കു ശേഷം വന്ന ഭരണാധികാരികൾ ദുർബലരായിരുന്നു. രാമായരുടെ ഭരണകാലത്ത് അഹമ്മദ്നഗർ ബീജാപ്പൂർ, ഗോൽകൊണ്ട, ബിടാർ എന്നിവിടങ്ങളിലെ ഭരണാധികാരികൾ ഒത്തുചേർന്ന വിജയനഗര സാമ്രാജ്യത്തെ ആക്രമിച്ചു. ക്രി.പി. 1565-ൽ തളിക്കോട്ട എന്ന സ്ഥലത്തു വച്ച് നടന്ന യുദ്ധത്തിൽ രാമരായർ പരാജയപ്പെട്ടു. പിന്നീട് അദ്ദേഹത്തെയും പ്രജകളെയും ഭാമിനി സുൽത്താൻമാർ നിർദ്ദയം വധിച്ചു. ഈ യുദ്ധത്തിനു ശേഷം വിജയനഗര സാമ്രാജ്യം അധഃപതിച്ചു.

## ഭരണ പരിഷ്ക്കാരങ്ങൾ
## കേന്ദ്ര, സംസ്ഥാന, ഗ്രാമ ഭരണം

വിജയനഗര ഭരണാധികാരികൾ നല്ലഭരണരീതി ഏർപ്പെടുത്തിയിരുന്നു. രാജാവ് സർവ്വാധികാരിയായിരുന്നു. ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിക്കുന്നതിന് ഒരു മന്ത്രിസഭയുണ്ടായിരുന്നു.

സാമ്രാജ്യത്തെ 6 പ്രവിശ്യകളായി വിഭജിച്ചിരുന്നു. ഓരോ പ്രവിശ്യയും നായിക് എന്നറിയപ്പെടുന്ന ഒരു ഗവർണ്ണറുടെ കീഴിലായിരുന്നു. പ്രവിശ്യകളെ ജില്ലകളായും ജില്ലകളെ ഗ്രാമങ്ങളായും വിഭജിച്ചിരുന്നു. ഗ്രാമങ്ങളുടെ ഭരണം നിർവ്വഹിയ്ക്കാൻ കണക്കെഴുത്തുകാർ, പരിമാണ അളവുകാർ, കാവൽക്കാർ, സൈന്യത്തിന്റെ ചുമതലയുള്ള അധികാരികൾ എന്നിങ്ങനെയുള്ള പാരമ്പര്യ ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. കേന്ദ്രഭരണത്തെ പരിപാലിച്ചിരുന്നത് ഗ്രാമങ്ങളുമായി ബന്ധമുള്ള മഹാനായ കാചാര്യൻ എന്ന പേരിലറിയപ്പെട്ട അധികാരികളാണ്.

## സൈന്യം

കാലാൾപ്പട, കുതിരപ്പട, ആനപ്പട എന്നിങ്ങനെയുള്ള സൈന്യങ്ങൾ ഉണ്ടായിരുന്നു. മുഖ്യ സൈന്യാധിപനാണ് സൈന്യങ്ങളുടെ ചുമതല നിർവ്വഹിച്ചിരുന്നത്.

## നികുതി പരിപാലനം

ഭൂനികുതിയാണ് പ്രധാനവരുമാനമാർഗ്ഗം. മണ്ണിന്റെ വളക്കൂറ നുസരിച്ച് നിലങ്ങളെ തരംതിരിച്ചു. ഭൂമിയെ ശ്രദ്ധാപൂർവ്വം അളന്നു തിട്ടപ്പെടുത്തി നികുതി കണക്കാക്കിയിരുന്നു. കൃഷിക്കുവേണ്ടത്ര ശ്രദ്ധചെലുത്തി. അണക്കെട്ടുകളും കനാലുകളും നിർമ്മിച്ചു.

## നീതി പരിപാലനം

രാജാവ് തന്നെയാണ് മുഖ്യ ന്യായാധിപൻ, ഹിന്ദു നിയമമനുസരിച്ച് സിവിൽ കേസുകൾക്ക് തീർപ്പു കല്പിച്ചിരുന്നു. കുറ്റക്കാർക്ക് കഠിനശിക്ഷ നൽകിയിരുന്നു. നിയമം ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കിയിരുന്നു.

## സ്ത്രീകളുടെ സ്ഥാനം

സ്ത്രീകൾക്ക് ഉന്നത പദവികൾ നൽകുകയും, രാഷ്ട്രീയം, സമൂഹ്യം,

സാഹിത്യം എന്നിവയിൽ സജീവമായി പങ്കെടുപ്പിക്കുകയും ചെയ്തിരുന്നു. സ്ത്രീകളെ മല്ലയുദ്ധം, ആയുധ പരിശീലനം എന്നിവ പ്രത്യേകം അഭ്യസിപ്പിച്ചിരുന്നു. അവർക്ക് സംഗീതവും ചിത്ര രചനയും പരിശീലിക്കാൻ അവസരം നൽകി. ചില സ്ത്രീകൾ ഉന്നത രീതിയിലുള്ള പരിശീലനവും നേടിയിരുന്നു. ജ്യോതിഷം, കണക്കെഴുത്ത്, ഗുമസ്തപ്പണി, അംഗരക്ഷകർ, മല്ലയുദ്ധം എന്നിവയ്ക്ക് സ്ത്രീകളെ രാജാക്കൻമാർ നിയമിച്ചിരുന്നതായി 'നുനിസ്' എന്നചരിത്രകാരൻ എഴുതിയിട്ടുണ്ട്.

### സാമൂഹിക ജീവിതം

വിദേശ സഞ്ചാരികളുടെ കുറിപ്പുകളിൽ നിന്നും വിജയനഗര ജനങ്ങളുടെ വ്യക്തമായ ചിത്രം നമുക്ക് ലഭിച്ചിട്ടുണ്ട്. സമൂഹ ജീവിതം നല്ല രീതിയിലായിരുന്നു. ബാല്യവിവാഹം, ബഹുഭാര്യാത്വം, സതി സമ്പ്രദായം എന്നിവ നിലവിലു ണ്ടായിരുന്നു. രാജാക്കൻമാർ മതസ്വാ തന്ത്ര്യം അനുവദിച്ചിരുന്നു.

### സാമ്പത്തിക നില


വിജയനഗര സാമ്രാജ്യം ധനധാന്യങ്ങളാൽ സമ്പൽ സമൃദ്ധമായിരുന്നു. ജലസേചനപദ്ധതികൾ മുഖേന കാർഷികോല്പാദനം വർദ്ധിച്ചു. അസംഖ്യം തൊഴിൽ ശാലകൾ ആരംഭിയ്ക്കപ്പെട്ടു. തുണിമില്ലുകൾ, ഖനികൾ, ലോഹസംസ്കരണവിദ്യ, സുഗന്ധ ദ്രവ്യ തൊഴിൽ ശാലകൾഎന്നിവ നിലവിലുണ്ടായിരുന്നു. ഇന്ത്യൻ മഹാസമുദ്രത്തിലെ ദ്വീപുകളായ മലായ്, ദ്വീപസമൂഹം ബർമ്മ, ചൈന, അറേബ്യ, പേർഷ്യ, ദക്ഷിണാഫ്രിക്ക, അബിസീനിയ, പോർച്ചുഗൽ എന്നീ രാജ്യങ്ങളുമായി വാണിജ്യബന്ധം പുലർത്തിയിരുന്നു. തുണിത്തരങ്ങൾ, അരി, ഇരുമ്പ്, വെടിയുപ്പ്, പഞ്ചസാര, സുഗന്ധദ്രവ്യങ്ങൾ എന്നിവ പ്രധാന കയറ്റുമതി വസ്തുക്കളാണ്.

ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്ത വസ്തുക്കൾ, ധാന്യങ്ങൾ, പരുത്തി, പട്ട്, ഓപ്പിയം, ഇൻഡിഗോ, കടൽമുത്തുകൾ, കുങ്കുമപ്പൂവ്, ഇഞ്ചി, പഞ്ചസാര, നാളികേരം എന്നിവയാണ്. കുതിരകൾ, ആനകൾ, മുത്ത്, ചെമ്പ്, മെർക്കുറി, ചൈനാപ്പട്ട്, വെൽവെറ്റ് എന്നിവ ഇറക്കുമതി വസ്തുക്കളാണ്. ഗോവ, ഡ്യൂ, കൊച്ചി, കൊല്ലം എന്നീ ഇന്ത്യയുടെ പശ്ചിമ തീരത്തുള്ള പ്രധാനപ്പെട്ട തുറമുഖങ്ങൾ വഴിയാണ് വാണിജ്യം നടത്തിയിരുന്നത്.

### കല, സാഹിത്യം എന്നിവയ്ക്ക് വിജയനഗര രാജാക്കൻമാർ നൽകിയ സംഭാവനകൾ

വിജയനഗര രാജാക്കൻമാർ കല, സാഹിത്യം എന്നിവയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഹസാരാ രാമസ്വാമി ക്ഷേത്രം, വിട്ടലസ്വാമി ക്ഷേത്രം എന്നിവ അവരുടെ ക്ഷേത്ര നിർമ്മാണ കലയ്ക്ക് ഉത്തമോദാ ഹരണമാണ്. കൃഷ്ണദേവരായരുടെ ചെമ്പ് വിഗ്രഹം എടുത്തു പറയത്തക്ക ഉദാഹ രണമാണ്. വിജയനഗര രാജാ ക്കന്മാർ പണ്ഡിത ന്മാരെ ആദരിച്ചിരുന്നു.

## ബാമിനി വിജയനഗര സാമ്രാജ്യങ്ങൾ




ബാമിനി സാമ്രാജ്യങ്ങൾ

വിജയനഗര സാമ്രാജ്യങ്ങൾ

സംസ്കൃതം, തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷ സാഹിത്യങ്ങൾ വളർച്ച പ്രാപിച്ചു. സയാനാ എന്ന ആൾ വേദങ്ങളുടെ വ്യാഖ്യാനം എഴുതി. കൃഷ്ണ ദേവരായർ തെലുങ്ക് ഭാഷയിൽ അമുക്ത മാല്യത എന്ന ഗ്രന്ഥമെഴുതി. കൂടാതെ അദ്ദേഹം സംസ്കൃതഭാഷയിൽ ഉഷാ പരിണയം, ജാംബവതി കല്യാണം എന്നീ പുസ്തകങ്ങളെഴുതി.



വിട്ടലസ്വാമിക്ഷേത്രം

വിട്ടലസ്വാമിക്ഷേത്രം നിർമ്മിച്ചത് കൃഷ്ണദേവരായരുടെ കാലത്താണ്. ഈ ക്ഷേത്രത്തിന്റെ മുന്നിൽ ഒറ്റക്കല്ലിൽ തീർത്ത ഒരു രഥമുണ്ട്. മറ്റൊരു സവിശേഷതയാണ് സംഗീത സ്തംഭങ്ങൾ (Musical Pillars). ആ തൂണുകളിൽ തട്ടുമ്പോൾ സംഗീത സ്വരങ്ങൾ (സരിഗമ) ഉണ്ടാകുന്നു.

### വിജയനഗര സാമ്രാജ്യത്തിന്റെ അധഃപതനം

അരവിഡു വംശത്തിലെ രാജാക്കന്മാർ ദുർബലൻമാരും ഭരണശേഷി കുറഞ്ഞ വരുമായിരുന്നു. അവരുടെ ദുർബലതയെ അനുകൂലമായി പ്രയോജനപ്പെടുത്തി പ്രാദേശിക ഗവർണ്ണർമാർ സ്വതന്ത്ര്യരായി. ബീജാപ്പൂർ, ഗോൽക്കൊണ്ട എന്നിവിടങ്ങളിലെ സുൽത്താൻമാർ വിജയ നഗരസാമ്രാജ്യത്തിലെ ചില പ്രദേശങ്ങളെ പിടിച്ചെടുത്തു. തെക്കുഭാഗത്ത് നായകന്മാർ സ്വതന്ത്രരായി. അങ്ങനെ ക്രി.പി. 1614-ൽ വിജയനഗര സാമ്രാജ്യം അധഃപതിച്ചു.

### ബാമിനി സാമ്രാജ്യം (ക്രി.പി. 1347-1526)

ഡക്കാൺ പ്രദേശത്ത് ക്രി.പി. 1347 മുതൽ 1526 വരെ ഭരണം നടത്തിയിരുന്ന പ്രബലമായ മുസ്ലീം സാമ്രാജ്യമായിരുന്ന ബാമിനി സാമ്രാജ്യം.

### രാഷ്ട്രീയ ചരിത്രം

ബാമിനി സാമ്രാജ്യം സ്ഥാപിച്ചത് ഹസ്സൻ ഗംഗുബാമിൽ ആയിരുന്നു. ഇദ്ദേഹം ദേവഗിരിയിലെ തുർക്കി അധികാരിയാ യിരുന്നു. ഇദ്ദേഹം ക്രി.പി. 1347-ൽ സ്വതന്ത്രബാമിനി സാമ്രാജ്യം സ്ഥാപിച്ചു. ഇദ്ദേഹം വടക്ക് കിഴക്ക് മാഹൂർ മുതൽ തെക്ക് തെലുങ്കാന വരെയുള്ള പ്രദേശങ്ങളെ പിടിച്ചെടുത്തു. വാറങ്കലിനെഭരിച്ചിരുന്ന ഹിന്ദുരാജാവിനെപരാജയ പ്പെടുത്തി കോലാപൂർ, ഗോവ, മണ്ടൂർ, മാൾവ എന്നീ പ്രദേശങ്ങളെ പിടിച്ചെടുത്തു. അദ്ദേഹ ത്തിന്റെ സാമ്രാജ്യം അറബിക്കടൽ മുതൽ ബംഗാൾ ഉൾക്കടൽ വരെയും ഡക്കാൺ പ്രദേശം മുഴുവനും ഉൾക്കൊണ്ട് കൃഷ്ണാ നദി വരെയും വ്യാപിച്ചിരുന്നു. ബാമിനി സാമ്രാജ്യത്തിന്റെ തലസ്ഥാനം ഗുൽബർഗ്ഗ ആയിരുന്നു.

### മുഹമ്മദ് ഷാ ഒന്നാമൻ (ക്രി.പി.1358-1377)

അലാവുദ്ദീൻ ബാമൻഷാക്കു ശേഷം മുഹമ്മദ് ഷാ ഒന്നാമൻ അധികാരത്തിൽ വന്നു. ഇദ്ദേഹം പ്രബലനായ രാജാവും സൈന്യാധിപനുമായിരുന്നു. ഇദ്ദേഹം വിജയനഗര രാജാവായ ബുക്കൻ ഒന്നാമനെയും, വാറങ്കലിലെ - കപായ നായ്ക്കൻമാരെയും തോല്പിച്ചു.

### മുഹമ്മദ് ഷാ രണ്ടാമൻ (ക്രി.പി. 1378-1397)

മുഹമ്മദ് ഷാ രണ്ടാമൻ ക്രി.പി. 1378-ൽ അധികാരത്തിൽ വന്നു. ഇദ്ദേഹം സമാധാനകാംക്ഷിയായി സൗഹൃദബന്ധം പുലർത്തി. ഇദ്ദേഹം ധാരാളം മുസ്ലീം പള്ളികളും, മദ്രസ്സകളും, ആശുപത്രികളും സ്ഥാപിച്ചു.

മുഹമ്മദ് ഷാ രണ്ടാമന്റെ മരണശേഷം ഫിറോസ് ഷാ ബാമിനി (ക്രി.പി. 1397-1422) രാജാവായി. ഇദ്ദേഹം മികച്ച ഒരു യുദ്ധ വീരനായിരുന്നു. വിജയനഗര രാജാവായ ദേവരായർ ഒന്നാമനെ ഇദ്ദേഹം പരാജയപ്പെടുത്തി. ധാരാളം ഹിന്ദുക്കളെ പല ഉദ്യോഗ ങ്ങളിലും നിയമിച്ചു. അദ്ദേഹത്തിന്റെ ഭരണാവസാനത്തിൽ വടക്കൻ പ്രദേശങ്ങളും, തെക്കൻ പ്രദേശ ങ്ങളും വിജയ നഗര സാമ്രാജ്യത്തിന് വിട്ട്കൊടുക്കേണ്ടതായി വന്നു.

### അഹമ്മദ് ഷാ (ക്രി.പി. 1422-1435)

ഫിറോസ് ഷാ ബാമിനിക്കു ശേഷം അഹമ്മദ് ഷാ അധികാരത്തിൽ വന്നു. അദ്ദേഹം ക്രൂരനും നിർദ്ദയനുമായ ഒരു രാജാവാ യിരുന്നു. ഇദ്ദേഹം വാറങ്കലിനെപിടിച്ചെടുത്ത് തന്റെ തലസ്ഥാനത്തെ ഗുൽബർഗ്ഗയിൽ നിന്ന് ബീഡാറിലേക്ക് മാറ്റി. ക്രി.പി. 1435-ൽ ഇദ്ദേഹം മരണമടഞ്ഞു.

**മുഹമ്മദ് ഗവാൻ**

ഇദ്ദേഹം നല്ലൊരു പണ്ഡിതനും, പ്രഗത്ഭനായ ഭരണാധികാരിയു മായിരുന്നു. വിദ്യാഭ്യാസം, ഭരണം, സമ്പത്ത്, ഭൂനികുതി സമ്പ്രദായം, സൈന്യം എന്നിവയെ പുരോഗമിപ്പിച്ചു. അഴിമതി ഇല്ലാതാക്കി. മുഹമ്മ്, ഗവാന്റെ പ്രശസ്തി ഡക്കാനിലെ മറ്റ് മുസ്ലീം രാജാക്കൻമാരെ അസൂയാലുക്ക ളാക്കി. അവർ മുഹമ്മദ് ഷാ മൂന്നാമനിൽ ഗവാനെ ക്കുറിച്ച് തെറ്റിദ്ധാരണകൾ ഉണ്ടാക്കി. അതു വിശ്വസിച്ച മുഹമ്മദ് ഷാ മൂന്നാമൻ ക്രി.പി. 1481-ൽ ഗവാനെവധിച്ചു.

### മുഹമ്മദ് ഷാ മൂന്നാമൻ (ക്രി.പി. 1463-1482)


ഇദ്ദേഹം പ്രഗത്ഭനായ ഒരു ബാമിനി സുൽത്തനായിരുന്നു. ക്രി.പി. 1463-ൽ തന്റെ 9-ാമത്തെ വയസ്സിലാണ് സുൽത്താനായത്. അതിനാൽ മുഹമ്മദ് ഗവാൻ, മുഹമ്മദ് ഷാക്ക് വേണ്ടി ഭരണം നടത്തി. മുഹമ്മദ് ഗവാന്റെ നിയന്ത്രണത്തിൽ ബാമിനി സാമ്രാജ്യം പ്രശസ്തിയുടെ ഉച്ചകോടിയിലെത്തി. മുഹമ്മദ് ഗവാൻ കൊങ്കൺ,സംഗമേശ്വരം, ഒറീസ്സ, വിജയനഗരം എന്നീ പ്രദേശങ്ങളെ പരജായപ്പെടുത്തി ഇദ്ദേഹത്തിന്റെ ഭരണകാലത്ത് ബാമിനി സാമ്രാജ്യം ഒരു കടൽക്കര മുതൽ മറ്റേ കടൽക്കര വരേയും, തപ്തി നദി മുതൽ തുംഗഭദ്രനദി വരെയും വ്യാപിച്ചിരുന്നു.

### ബാമിനി സാമ്രാജ്യത്തിന്റെ വിഭജനം

1482-ൽ മുഹമ്മദ് ഷാ മൂന്നാമൻ മരണമടഞ്ഞു. അദ്ദേഹത്തിന്റെ പിൻഗാമികൾ ദുർബലരായിരുന്നു. അതിനാൽ ബാമിനി രാജ്യത്തെ അഞ്ച് രാജവംശക്കാർ വിഭജിച്ചെടുത്തു. അവ ബീജപ്പൂർ, അഹമ്മദ് നഗർ, ബീറാർ, ഗോൽക്കൊണ്ട, ബീഡാർ എന്നിവയാണ്.

### ഭരണരീതി

സാമ്രാജ്യത്തെ താരിഫുകൾ എന്ന പേരിലുള്ള അനേകം പ്രവിശ്യകളായി വിഭജിച്ചിരുന്നു. ഓരോ താരിഫും താര ഫ് ദാർ അഥവാ അമർ എന്ന നാമധേയ ത്തി ലുള്ള ഗവർണ്ണർമാരുടെ കീഴിലായിരുന്നു. ഈ ഗവർണ്ണർമാരിലാണ് എല്ലാ അധി കാരങ്ങളും നിക്ഷിപ്തമായിരുന്നത്. യുദ്ധ കാലങ്ങളിൽ രാജാവിനാവശ്യമായ ഉപക രണങ്ങളും വേണ്ട സൈന്യങ്ങ ളെയും നൽകുന്നത് ഈ ഗവർണ്ണർമാരാണ്.



## ഗോൽ ഗുംബാർസ്

ബീജാപ്പൂരിലെ ഗോൽഗും ബാസിനെധ്വനിവർദ്ധക മന്ദിരം എന്നു പറയപ്പെടുന്നു. കാരണ മെന്തെ ന്നാൽ ഒരാൾ ഒരറ്റത്തു നിന്നും ധ്വനിയുണ്ടാക്കിയാൽ അതിന്റെ പ്രതിനധ്വനി മറ്റേ അറ്റത്ത് കേൾക്കാൻ സാധിക്കും.

## ബാമിനി സുൽത്താന്മാരുടെ സംഭാവനകൾ

ബാമിനി സുൽത്താന്മാർ വിദ്യാഭ്യാസത്തിന് അധിക പ്രാധാന്യം നൽകി. അറബി, പേർഷ്യൻ ഭാഷകൾ അഭ്യസിക്കുന്നതിന് കൂടുതൽ പ്രോത്സാഹനം നടത്തി. ഈ കാലഘട്ട ത്തിൽ ഉറുദുഭാഷ രൂപം കൊണ്ടു. അസംഖ്യം മുസ്ലീം പള്ളികളും മദ്രസ്സകളും ലൈബ്രറികളും സ്ഥാപിക്കപ്പെട്ടു.

സുൽത്താൻമാരുടെ അതിപ്രശസ്ത സ്മാരകങ്ങളാണ് ഗുൽബർഗ്ഗിലുള്ള ജുമാമസ്ജിദ്, ഗോൽ കൊണ്ടാകോട്ട, ബീജപ്പൂരിലെ ഗോൽ ഗുംബസ്, മുഹമ്മദ് ഗവാന്റെ മദ്രസ്സകൾ എന്നിവ.

## ബാമിനി സാമ്രാജ്യത്തിന്റെ അധഃപതനം

ബാമിനി സാമ്രാജ്യത്തിന്റെ അധഃപത നത്തിന് അനേകം കാരണങ്ങളുണ്ട്. ബാമിനി വിജയനഗര ഭരണാധികാരികൾക്കിടയിലു ണ്ടാ യിരുന്ന സ്ഥിരമായ യുദ്ധം ഒരു പ്രധാനകാരണമാണ്. മുഹമ്മദ് ഷാ മൂന്നാമൻ ശേഷമുള്ള ഭരണാധികാരികളുടെ ദുർബല തയും ഒരു കാരണമാണ്. ബാമിനി ഭരണാധികാരികൾക്കും വിദേശ പ്രഭുക്കന്മാർക്കുമിടയിലുള്ള പരസ്പര മത്സരവും വിജയനഗര സാമ്രാജ്യത്തിന്റെ അധഃപതനത്തിന് മറ്റൊരു കാരണമാണ്.



ഗോൽക്കൊണ്ടകോട്ട

മനോഹരമായ കോട്ടകളിൽ ഒന്നാണ് ഗോൽക്കൊണ്ട കോട്ട. ഇതിന്റെ പ്രവേശന കവാടത്തിൽനിന്ന് കൈയടിച്ചാൽ മലമുകളിൽ ആ ശബ്ദം വ്യക്തമായി കേൾക്കാം എന്നത് കോട്ടയുടെ സവിശേഷതയാണ്.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. വിജയനഗര സാമ്രാജ്യം സ്ഥാപിച്ച വർഷം ______.
   (അ) ക്രി.പി. 1337 (ആ) ക്രി.പി. 1336 (ഇ) ക്രി.പി. 1338
2. ഹരിഹരൻ ബുക്കൻ എന്നീ സഹോദരൻമാർ ________എന്ന ഹൊയ്സാല രാജാവിന്റെ കീഴിൽ സേവനമനുഷ്ഠിച്ചു.
   (അ) വീര ബല്ലാല മൂന്നാമൻ (ആ) നരസിംഹൻ രണ്ടാമൻ ( ഇ) ബില്ലിയാമ ആറാമൻ

3. വിജയനഗര സാമ്രാജ്യത്തിലെ അതിപ്രശസ്തനായ രാജാവ് ____________ .
   (അ) ഹരിഹരൻ (ആ) ബുക്കൻ(ഇ) കൃഷ്ണദേവരായർ
4. ക്രി.പി. 1347-ൽ ഡക്കാണിൽ പ്രസിദ്ധിയാർജ്ജിച്ച മുസ്ലീം രാജാവംശം ______ ആണ്.
   (അ) അടിമ (ആ) വിജയനഗരം (ഇ) ബാമിനി
5. മുഹമ്മദ് ഗവാൻ ______ യുടെ രാജപ്രതിനിധിയാണ്.
   (അ) മുഹമ്മദ് ഷാ III (ആ) ഹസ്സൻ ഗംഗു (ഇ) അഹമ്മദ് ഷാ

## II. പൂരിപ്പിക്കുക

1. എട്ട് പണ്ഡിതൻമാർ എന്നറിയപ്പെടുന്ന ______ കൃഷ്ണദേവരായരുടെ സദസ്സിനെ അലങ്കരിച്ചിരുന്നു.
2. വിജയനഗര സാമ്രാജ്യം പ്രശസ്തിയുടെ ഉന്നതിയിലെത്തിയത് ________ ന്റെ കാലത്താണ്.
3. _________ യുദ്ധത്തിൽ രാമരായരെ തോൽപ്പിച്ച് വധിച്ചു.
4. ബാമിനി സാമ്രാജ്യം സ്ഥാപിച്ചത് _______ ആണ്.
5. ബാമിനി സുൽത്താൻമാർ അറബിയെയും_______ഉം പഠിക്കാൻ പ്രേരിപ്പിച്ചു.

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. വിജയനഗരം | - | ബീജപ്പൂർ |
| 2. തളിക്കോട്ട യുദ്ധം | - | ഉഷാ പരിണയം |
| 3. കൃഷ്ണദേവരായർ | - | ഗുൽബർഗ്ഗ |
| 4. ജുമാ മസ്ജിദ് | - | തുംഗഭദ്ര |
| 5. ഗോൽഗുംബാസ് | - | ക്രി.പി. 1565 |

## IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ചുരുങ്ങിയ ഉത്തരമെഴുതുക

1. വിജയനഗര സാമ്രാജ്യത്തിന്റെ മുഖ്യഭരണാധികാരികൾ ആരെല്ലാം?
2. തളിക്കോട്ട യുദ്ധത്തെപ്പറ്റി ഒരു ചെറു കുറിപ്പെഴുതുക?
3. ബാമിനി സാമ്രാജ്യം ആരാൽ എപ്പോൾ സ്ഥാപിക്കപ്പെട്ടു?
4. ബാമിനി സാമ്രാജ്യത്തിന്റെ അവസാനം ഡക്കാണിൽ വളർച്ച പ്രാപിച്ച അഞ്ച് മുസ്ലീം രാജവംശങ്ങൾ ഏതെല്ലാം?
5. വിജയനഗരസാമ്രാജ്യത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങൾ എന്തെല്ലാം?

## V. ഉത്തരം വിശദീകരിക്കുക

1. വിജയനഗര സാമ്രാജ്യത്തിന്റെ പ്രശസ്തിയെപ്പറ്റി വിവരിക്കുക?
2. ബാമിനി സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തെപ്പറ്റി വിശദീകരിക്കുക?

## രൂപീകരണ മൂല്യനിർണ്ണയം

1. താരതമ്യം ചെയ്യുക

വിജയ നഗര സാമ്രാജ്യത്തിലെ ഗ്രാമനിർവഹണ രീതിയെയും ഇപ്പോഴുള്ള തമിഴക ഗ്രാമ നിർവഹണ രീതിയെയും താരതമ്യം ചെയ്യുക.

2. നൈപുണ്യം തെളിയിക്കുക.

അഷ്ടദിക്ക് ഗജങ്ങളിൽ ഒരാളായ തെന്നാലി രാമന്റെ ബുദ്ധിപരതയെ വിവരിക്കുന്ന ഏതെങ്കിലും ഒരു കഥയെ അഭിനയിച്ച് കാണിക്കുക.

3. ചർച്ച ചെയ്യുക

ഡോ.ഡൊമിനിക് പയസിന്റെ അഭിപ്രായത്തിൽ "കൃഷ്ണദേവരാജർ പൂർണ്ണനായ ഒരു രാജാവ്" എന്നതിനെപ്പറ്റി ചർച്ച ചെയ്യുക.

4. ന്യായീകരണം.

ചരിത്രപരമായ വിനോദയാത്രയുടെ വിജയനഗരസാമ്രാജ്യമാണോ ബാമിനിസാമ്രാജ്യമാണോ? എന്നതിനെപ്പറ്റി സംഘമായി ചർച്ച ചെയ്യുക. ഏതു സംഘമാണ് ശരിയായ ആശയങ്ങൾ മുന്നോട്ടു വച്ചത്? എന്ന് വിദ്യാർത്ഥികൾ തന്നെ തീരുമാനിക്കുക.

5. മികവ് തെളിയിക്കുക

വിജയനഗര ഭരണത്തിൽ സ്ത്രീകളുടെ നില മെച്ചപ്പെട്ടിരുന്നു. ഇന്നത്തെ കാലഘട്ടത്തിൽ താഴെക്കാണുന്ന തുറകളിൽ നിർണ്ണായകമായ പങ്കു വഹിക്കുന്ന സ്ത്രീരത്നങ്ങളുടെ പേരുവിവരം തയ്യാറാക്കുക.

രാഷ്ട്രീയം, സാംസ്ക്കാരികം, കായികം.

6. പ്രവൃത്തി പരിചയം

അ. വിജയനഗര, ബാമിനി രാജാക്കൻമാർ കല, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് നൽകിയ സംഭാവനകളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

ആ. ഇന്ത്യ ഭൂപടത്തിൽ താഴെ കാണുന്ന സ്ഥലങ്ങളെ കുറിക്കുക.

1. ബീഹാർ
2. ബിഡാർ
3. ഗോൽക്കൊണ്ട
4. അഹമ്മദ്നഗർ
5. വിജയനഗർ

# 2. ഭക്തിപ്രസ്ഥാനവും സൂഫി പ്രസ്ഥാനവും

മദ്ധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ ആരംഭിച്ച ഭക്തിപ്രസ്ഥാനം രാജ്യം മുഴുവനും അനേകം നൂറ്റാണ്ടുകൾ നിലനിന്നിരുന്നു. സന്യസിമാർ ഭക്തി പ്രസ്ഥാനത്തിലൂടെ ഭക്തി അഥവാ ഈശ്വരഭക്തി വളർത്തി ഭക്തിയിലൂടെ പാപമുക്തി നേടാം എന്നും ഇത് ഓർമ്മിപ്പിച്ചു. ഹിന്ദുമതത്തിന്റെ പുനരുദ്ധാരണം ഹിന്ദു-മുസ്ലീം ഐക്യം എന്നിവയാണ് ഭക്തി പ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യം. ഭക്തിപ്രസ്ഥാനത്തിന്റെ പ്രവാച കന്മാർ വ്യത്യസ്ഥസ്ഥലങ്ങളിൽ ജീവിച്ചി രുന്നവരാണ്.

## തെക്കേ ഇന്ത്യയിലെ ഭക്തി പ്രസ്ഥാനം

ഭക്തി മാർഗ്ഗം മുഖേനനായന്മാരും ആഴ്വാന്മാരും ശൈവവൈഷ്ണവ മതങ്ങൾക്ക് ഉണർവ്വോടുകൂടിയ പ്രചോദനം നൽകി. ഈ മാർഗ്ഗം പല്ലവ ചോള പാണ്ഡ്യ കാലഘട്ടങ്ങളിലാണ് ആരംഭിച്ചത്.

**പ്രശസ്തമായി അറിയപ്പെട്ടതിങ്ങനെ ഭക്തിപ്രസ്ഥാനം ദക്ഷിണേന്ത്യയിലാണ് ആദ്യം ആരംഭിച്ചത് ഉത്തരേന്ത്യയിൽ രാമാനന്ദൻ പ്രചരിപ്പിക്കുകയും കബീർ ഇതിന്റെ പ്രബോദനങ്ങളെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു**

## നായന്മാർ

ശിവന്റെയും ശൈവമതത്തിന്റെയും പ്രശസ്തിയെ പ്രചരിപ്പിച്ചത് പ്രസിദ്ധരായ 63 നായന്മാരാണ്. അവരിൽ പ്രധാനികളാണ് അപ്പർ, സുന്ദരർ, തിരുജ്ഞാനസംബന്ധർ, മാണിക്കവാചകർ എന്നിവർ.

ക്രി. പി. 600 -ാം വർഷത്തിൽ തെക്കൻ ആർക്കാട് ജില്ലയിലാണ് **അപ്പർ** ജനിച്ചത്. ആരംഭത്തിൽ അദ്ദേഹം ജൈനമതവിശ്വാസിയായിരുന്നു. സഹോദരിയായ കാരയ്ക്കൽ അമ്മയുടെ സ്വാധീനം കൊണ്ട് അദ്ദേഹം ഒരു ശിവഭക്തനായി മാറി.

ഇദ്ദേഹം രചിച്ച 49,000 കീർത്തനങ്ങളിൽ 311 കീർത്തനങ്ങൾ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ.

**മാണിക്കവാചകർ** ഏക ദൈവ വിശ്വാസത്തിൽ ഉറച്ച് നിന്നു. ചടങ്ങുകളിലൂ ടെയോ, സമ്പ്രദായങ്ങളിലൂടെയോ ഈശ്വ രനെപ്രാപിക്കാൻ സാദ്ധ്യമല്ലെന്നും മറിച്ച് സ്നേഹത്തിലൂടെ മാത്രമേ ഈശ്വരനെപ്രാപിക്കാൻ സാധിക്കുകയുള്ളൂ എന്നും അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം രചിച്ച ഗ്രന്ഥമാണ് തിരുവാചകം.

**സംബന്ധർ** ഏകദേശം 16,000 ഭക്തികീർത്തനങ്ങൾ ആലപിച്ചിട്ടുണ്ട്. അവയിൽ 384 കീർത്തനങ്ങൾ മാത്രമേ ഇപ്പോൾ നിലവിലുള്ളു.

ക്രി. പി. 8-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തെക്കൻ ആർക്കാട് ജില്ലയിലാണ് **സുന്ദരമൂർത്തി നായനാർ** ജനിച്ചത്. അദ്ദേഹം 38,000 കീർത്തനങ്ങൾ രചിച്ചതിൽ 100 എണ്ണം മാത്രമേ ഇപ്പോൾ നിലവിലുള്ളൂ ചേക്കിഴാരുടെ പെരിയപുരാണം (നായന്മാരുടെ ജീവചരിത്രങ്ങൾ) തേവാരം (മൂന്ന് നായന്മാരുടെ കീർത്ത നങ്ങളുടെ ശേഖരണം) തിരുവാചകം, തിരുമുറൈ എന്നിവ ഈ കാലഘട്ടത്തിൽ രചിക്കപ്പെട്ട പ്രശസ്ത ഗ്രന്ഥങ്ങളാണ്. ഈ ഗ്രന്ഥങ്ങൾ കീർത്തനങ്ങൾ, തത്വശാസ്ത്രങ്ങൾ, സാഹിത്യംഎന്നിവയുടെ വളർച്ചയ്ക്ക് വളരെ സഹായകരമായിട്ടുണ്ട്.

## ആഴ്വാന്മാർ

12 ആഴ്വാന്മാർ ഭഗവാൻ വിഷ്ണുവിനെപുകഴ്ത്തി പാടിയിട്ടുണ്ട്. നമ്മാഴ്വാർ, പെരിയാഴ്വാർ, ആണ്ടാൾ എന്നിവർ അവരിൽ പ്രധാനികളാണ്. ആഴ്വാർ രചിച്ച 4000 സ്തുഗീതങ്ങളെ 4000 ദിവ്യപ്രബന്ധം എന്നപേരിൽ നാദമുനി സമാഹരിച്ചു.

## ഭക്തിപ്രസ്ഥാനത്തിന്റെ ആരംഭചരിത്രം

ദക്ഷിണേന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ ആരംഭകാല പ്രയോക്താക്കളിൽ ഒരാളാണ് ശങ്കരാചാര്യർ. അദ്ദേഹം

കേരളത്തിലെ കാലടിയിലാണ് ജനിച്ചത്. അദ്ദേഹം അദ്വൈത സിദ്ധാന്തത്തിലൂടെ അല്ലെങ്കിൽ ഒരുദൈവത്തെ മാത്രം ആരാധിക്കുന്ന (ഏകദൈവവിശ്വാസം) തത്വത്തിലൂടെ മതപ്രസംഗം നടത്തി ബ്രഹ്മാവ് അല്ലെങ്കിൽ പരമാത്മാവ് മാത്രമാണ് ജീവിതത്തിന് മോക്ഷം ലഭിക്കുന്നത് എന്നാണ് ശ്രീ.ശങ്കരാചാര്യർ തന്റെ അനുയായികളെ പഠിപ്പിച്ചത്. സ്നേഹം, സത്യം, ബഹുമാനം ഇവയൊക്കെയാണ് ജീവിതത്തിന് ആവശ്യമായതെന്ന് അദ്ദേഹം തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു.


## ഭക്തി പ്രസ്ഥാനത്തിന്റെ പ്രായോക്താക്കൾ

ഭക്തിപ്രസ്ഥാനത്തിന്റെ ഉന്നതപ്രായോക്താക്കളിൽ ഒരാളായ രാമാനുജൻ പെരുംപുതൂരിലാണ് ജനിച്ചത്. ഇദ്ദേഹം ക്രി.പി. 12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശ്രേഷ്ഠനായ വൈഷ്ണവ നേതാവായിരുന്നു. ഈശ്വരഭക്തിയിൽ ലയിച്ചാൽ മാത്രമേ പാപമുക്തി ലഭിക്കുകയുള്ളൂ എന്ന് അദ്ദേഹം ജനങ്ങളെ ഉത്ബോധിപ്പിച്ചു. അദ്ദേഹം സമൂഹത്തിൽ താഴ്ത്തപ്പെട്ടവരെ വൈഷ്ണവ മതത്തിലേയ്ക്ക് ആനയിച്ചു.

രാമാനുജന്റെ പിൻഗാമിയായിരുന്നു **രാമാനന്ദൻ** അദ്ദേഹം ദൈവം ഉണ്ടെന്ന് വിശ്വസിച്ചു. മനുഷ്യരെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും എല്ലാവരും സഹോദരങ്ങളാണെന്നും അദ്ദേഹംകണക്കാക്കിയിരുന്നു.

നാനാജാതി മതസ്ഥരും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. അദ്ദേഹം ജനങ്ങൾക്ക് മനസിലാകുന്ന ഭാഷയിൽ തന്റെ മതതത്വങ്ങളെ പ്രബോധനം ചെയ്തു.

**വല്ലഭാചാര്യ** ( ക്രി.പി. 1479-1531 ) ഒരു കൃഷ്ണഭക്തനായിരുന്നു. ഒരു വ്യക്തിക്ക് ഭക്തിയിലൂടെ മാത്രമേ മുക്തി ലഭിക്കു കയുള്ളൂ എന്ന് അദ്ദേഹം പ്രബോധിപ്പിച്ചു.



രാമാനുജൻ

**ബാസവൻ,** വീരശൈവം ത്തിന്റെ സ്ഥാപകനാണ്. അദ്ദേഹത്തിന്റെ അനുയായികളെ വീരശൈവന്മാർ അഥവാ ലിംഗയാത്തുകൾ എന്നറിയപ്പെടുന്നു. ജാതിസിദ്ധാന്തത്തെയും അവർ വെല്ലുവിളിച്ചു.

## ഉത്തരേന്ത്യയിലെ ഭക്തിപ്രസ്ഥാനം

**ചൈതന്യൻ** ക്രി. പി. 1485 - ൽ ബംഗാളിൽ ജനിച്ചു. അദ്ദേഹം ശ്രീ.കൃഷ്ണന്റെ പരമഭക്തനായിരുന്നു. ഈശ്വര സാന്നിദ്ധ്യ ത്തിലൂ ടെയുള്ള സ്നേഹവും ഭക്തിയും കൊണ്ടു മാത്രമേ മുക്തി ലഭിക്കുകയുള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.



ചൈതന്യൻ


## കബീർ (ക്രി.പി. 1425 - 1518)

രാമാനന്ദന്റെ ശിഷ്യനായിരുന്നുകബീർ ദാസ് ഹിന്ദു മുസ്ലീം ഐക്യത്തിനുവേണ്ടി മതപ്രസംഗം നടത്തിയ ആളാണ്. കബീറിനെമുനിമാരിൽ ശ്രേഷ്ഠനായ ജ്ഞാനിയായി ബഹുമാനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുയായികളെ കബീർപണ്ഡിതന്മാർ എന്ന് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പ്രവചനങ്ങളെ സംഭരിച്ച് തയ്യാറാക്കിയിട്ടുള്ള പുസ്തകത്തിന്റെ പേര്

ബീജകം എന്നാണ് അദ്ദേഹത്തിന്റെ കവിതൾ പ്രത്യേകിച്ച് ഡോഹസ് സാധാരണ ജനങ്ങളെ ആകർഷിക്കുന്ന ഒന്നാണ്. രാമനും റഹീമും ഒന്നാണെന്ന് അദ്ദേഹം പറഞ്ഞു. ജാതിസമ്പ്രദായത്തേയും വിഗ്രഹാരാധനേയും അദ്ദേഹം എതിർത്തിരുന്നു.

**കബീർ എഴുതിയ കവിത**

എന്റെ ആസ്ഥാനം ക്ഷേത്രമോ പള്ളിയോ അല്ല. കാബയിലോ കൈലാസ ത്തിലോ എന്നെ കാണാൻ സാദ്ധ്യമല്ല ആഘോഷങ്ങളും അനുഷ്ഠാനങ്ങളും എനിക്കിഷ്ടമുള്ളതല്ല യോഗമാർഗ്ഗം സന്യാസമാർഗ്ഗം എന്നെ സമീപിക്കാൻ സാധ്യമല്ല സത്യത്തിൽ നിങ്ങൾ എന്നെ അന്വേഷിച്ചാൽ നിങ്ങളിൽ തന്നെ ഞാൻ ഉള്ളതായി അറിയും. കിഴക്ക് ഹരിയേയും പടിഞ്ഞാറ് അള്ളാവുവിനേയും തേടിയല യരുത് നിങ്ങളുടെ മനസ്സിനെസൂഷ്മമായി ദർശിച്ചാൽ രാമനും റഹീമും അവിടെ തന്നെയുണ്ടാകും.



കബീർ

## ഗുരുനാനാക്ക് (ക്രി.പി. 1469–1538)

ഭക്തിപ്രസ്ഥാനത്തിലെ അറിയപ്പെടുന്ന സന്യാസിയാണ് ഗുരുനാനാക്ക്. ഇദ്ദേഹമാണ് സിക്കു മതം സ്ഥാപിച്ചത്. കബീറിന്റെ ശിഷ്യനാണിദ്ദേഹം. ഗുരുനാനാക്ക് ക്രി.പി. 1469–ൽ ലാഹൂറിന് സമീപമുള്ള താൽവാൻ ട്രിയിലാണ് ജനിച്ചത്. ഏകദൈവവിശ്വാസം ഹിന്ദു- മുസ്ലീം ഐക്യം എന്നിവയെ പ്രോത്സാഹിപ്പിച്ചു. സത്യം, സത്യസന്ധത, ദയ എന്നിവയെ അനുകൂലിക്കുകയും വിഗ്രഹാരാധന ആചാരാനുഷ്ഠാനങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



ഗുരുനാനാക്ക്

## മീരാഭായി



ഭക്തിപ്രസ്ഥാനത്തിലെ സന്യസിനി ആയിരുന്നു മീരാഭായി. ക്രി. പി. 1498 ൽ ജനിച്ചു. ഇവർമേവാറിലെ രാജാവായിരുന്ന രാഥോർ രത്നസിംഗിന്റെ പുത്രിയും ഉദയ്പ്പൂർ ഭരണാധികാരിയുടെ പത്നിയുമായിരുന്നു മീരാഭായ്ശ്രീകൃഷ്ണ ഭഗവാന്റെ പരമഭക്തയായിരുന്നു. തന്റെ ഭജനയിലൂടെ ഇവർ രാജസ്ഥാനിൽ ഖ്യാതി നേടിയിട്ടുണ്ട്.

## മഹാരാഷ്ട്രയിലെ സന്യാസിമാർ

മഹാരാഷ്ട്ര അനേകം ഭക്തസന്യാസി മാരുടെ സ്ഥലമാണ്. ജ്ഞാനദേവർ, നാമദേവൻ, ഏക്നാഥ്, തുക്കാറാം, തുളസീദാസ്, രാമദാസ് എന്നിവർ അവരിൽ ചില പ്രധാനികളാണ്. ജ്ഞാനദേവൻ ഭഗവത്ഗീതയിലെ വ്യഖ്യാനം ജ്ഞാനേശ്വരി എന്ന പേരിൽ എഴുതിയിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ

ദലിത് എഴുത്തുകാരനായിരുന്നു ചോകമേള, ഏക്നാദ് ജാതി വ്യത്യാസത്തെ എതിർത്തിരുന്നു. ഗുരുരാമദാസിന്റെ കൃതിയെ ദശബോധ എന്നറിയപ്പെട്ടു തുളസീദാസ് രാമചരിതമാനസ എഴുതി.

## സൂഫിപ്രസ്ഥാനം

ഇത് ക്രി.പി. 12-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ ആരംഭിച്ചു. പിന്നീട് ഇന്ത്യയിൽ പ്രചാരത്തിൽ വന്ന പ്രസ്ഥാനമാണ് ഇതിന്റെ പിൻഗാമികിളേയാണ് സുൽഫി എന്നറിയപ്പെടുന്നത്. സൂഫികൾ ഖാലീഫുമാരുടെ മതപരവും രാഷ്ട്രീയവും ഭൗതികവുമായ വാതത്തേയും എതിർത്തു സന്യാസം ആദ്ധ്യാത്മിക ജീവിതം എന്നിവയിലേക്ക് തിരിയുകയും ചെയ്തു. അവർ പ്രവാചകന്മാരായ മുഹമ്മദിനെഎല്ലാം തികഞ്ഞ മനുഷ്യനായി ബഹുമാനിച്ചു. ധ്യാനം, സ്നേഹം, ഭക്തി, എന്നിയിലൂടെ മാത്രമേ ഈശ്വരനെകാണാൻ സാധിക്കുകയുള്ളൂ എന്ന് സൂഫിസം തറപ്പിച്ചു പറഞ്ഞു. അവർ മതചടങ്ങുകളെ എതിർത്തിരുന്നു.മറ്റ് മതക്കാരോട് വിശാലമനസ്കതയോടെ പെരുമാറണമെന്നും നിഷ്കർഷിച്ചിരുന്നു. സൂഫി വിഭാഗക്കാർ തങ്ങൾക്കിടയിൽ പല സംഘങ്ങൾ രൂപീകരിച്ചു. സംഘത്തിന്റെ തലവനെഅറബി ഭാഷയിൽ ഷേക്ക് എന്നും, പേർഷ്യൻ ഭാഷയിൽ ബീർ എന്നും അല്ലെങ്കിൽ മുർഷിത്ത് എന്നും വിളിച്ചിരുന്നു. ഈ സംഘങ്ങൾ 12 വിഭാഗങ്ങളായി പ്രവർത്തിച്ചിരുന്നു. ഈ വിഭാഗങ്ങളെ സിൽസില എന്നു വിളിച്ചിരുന്നു. സിൽസില എന്നാൽ തുടർ ചങ്ങല എന്നാണർത്ഥം. ഇത് ഗുരു ശിഷ്യ ബന്ധത്തെക്കുറിക്കുന്നു. ചിഷ്ടി സിൽസില സംഘം ഇന്ത്യയിൽ നിരന്തരമായതും പ്രശസ്തിയാർജിച്ചതുമായ ഒരു സൂഫി വിഭാഗമാണ്.

**സൂഫിസം - പേരിന്റെ വിവരണം**

'സൂഫ്' എന്നാൽ കമ്പിളി എന്നാണർത്ഥം സൂഫികൾ എളിമയുടെ പ്രതീകമായി പരുക്കൻ കമ്പിളി വസ്ത്രം ധരിക്കുകയും ലോകത്തിന്റെ ആഡംബരങ്ങളെ നിശബ്ദമായി എതിർക്കു കയും ചെയ്യുന്നു.

സഫാ എന്നാൽ പരിശുദ്ധി എന്നാണർത്ഥം സുഫാ എന്നുള്ളത് മുസ്ലീം ആരാധനാലയത്തിന് പുറത്തുള്ള വരാന്തയാണ്. ഇവിടെ ഒരു കൂട്ടം മതവിശ്വാസികൾ തങ്ങളുടെ മതത്തെക്കറിച്ച് കൂടുതൽ പഠിക്കുന്നതിന് വേണ്ടി ഒത്തു ചേരുന്നു.

## ഇന്ത്യയിലെ പ്രധാനപ്പെട്ട സൂഫി സന്യാസിമാർ

ഇന്ത്യയിലെ സൂഫി സന്യാസികളിൽ എടുത്തു പറയത്തക്കവരാണ് ഖ്വാജ മൊയ്ൻ -ഉദ്-ദീൻ ചിഷ്ടി, ബാബാ ഫരീത്, നിജാം-ഉദ്-ദീൻ ഔലിയ തുടങ്ങിയവർ.

## ഖ്വാജാ മൊയ്ൻ-ഉദ്-ദീൻ ചിഷ്ടി

ക്രി.പി. 1192 ൽ ഇന്ത്യയിൽ അജ്മീറിൽ താമസിച്ചു.അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം മനുഷ്യസേവനത്തിലൂടെ ഉയർന്ന ഈശ്വരഭക്തി രൂപപ്പെടും എന്നതാണ്. അദ്ദേഹത്തിന്റെ ജീവിതം മനുഷ്യസേവനത്തിനായി അർപ്പിക്കപ്പെട്ടു. ഗരീബ് നവാസ് അല്ലെങ്കിൽ പാവങ്ങളുടെ സംരക്ഷ കൻ എന്ന പേരിൽ അദ്ദേഹം പ്രസിദ്ധനാണ് ഭക്തിഗാനങ്ങളെ സംഭരിച്ച് ആലപിക്കുന്ന തിന് അദ്ദേഹം പ്രോത്സാഹനം നൽകി. ക്രി. പി. 1235-ൽ അദ്ദേഹം അന്തരിച്ചു. അജ്മീരിൽ അദ്ദേഹത്തെ അടക്കം ചെയ്ത സ്ഥലം ഒരു പ്രധാനതീർത്ഥാടന കേന്ദ്രമാണ്.

തേങ്ങ പൊട്ടിച്ച് വിളക്കു കത്തിക്കുന്ന ഹിന്ദുമത സമ്പ്രദായത്തെ ഇവിടെ അനുകരിക്കുന്നു.

## ബാബാ ഫരീദ്

ഖ്വാജാ മൊ യ്ൻ - ഉദ് -ഉദ് -ദിൻ പ്രബോദിപ്പിച്ച ഈശ്വര ഐക്യവും സാഹോദരത്വവും കൊണ്ട് ബാബാ ഹരീഫ് അദ്ദേഹത്തിന്റെ ശിഷ്യത്വം

സാമൂഹ്യ ശാസ്ത്രം

സ്വീകരിച്ചു. അദ്ദേഹം ജനങ്ങളെ എളിയ ജീവിതം നയിക്കാൻ പ്രോത്സാഹിപ്പിച്ചു. ഹിന്ദു ക്കൾക്കും മുസ്ലീങ്ങൾക്കും ഒരുപോലെ ഉച്ചരിക്കത്തക്കരീതിയിലുള്ള ധാരാളം വചനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സുൽത്താനായ ബാബർ (ബാൽബന ചക്രവർത്തി) ബാബാ ഫരീദിന്റെ ഭക്തനാണ്.

ബാനയീനിൽ നിന്നും വന്ന് ഡൽഹിയിൽ താമസമാക്കിയ പ്രസിദ്ധനായ സന്യാസിയാണ് നിസാം-ഉദ്-ദിൻ അവുലിയ അദ്ദേഹം



ബാബാ ഫരീദ്

ബാബാഫരീദിന്റെ ശിഷ്യനായി മാറി അദ്ദേഹം ജാതി വർഗ്ഗ വ്യത്യാസങ്ങളെ എതിർത്തിരുന്നു.

നിസാം-ഉദ്-ദിൻ അവുലിയയെ അദ്ദേഹത്തിന്റെ ഭക്തന്മാർ മെഹ്ബൂബ്-ഇ-ഇല്ലാഹി (ഈശ്വരനെസ്നേഹിക്കുന്നവൻ) എന്ന് വിളിച്ചു. ഡൽഹിയിലാണ് അദ്ദേഹത്തിന് ദർഹ ഉള്ളത്. അവിടം ഹിന്ദുക്കളും മുസ്ലീങ്ങളും സന്ദർശിക്കുന്നുണ്ട്.

### നാഗൂർ ആണ്ടവർ സ്വാമി

ക്രി.പി. 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആളാണ് സന്യാസിയായ നാഗൂർ ആണ്ടവർ സ്വാമി. ഇദ്ദേഹം പരക്കെ അറിയപ്പെടുന്നത് മീരാൻ സാഹിബ് അഥവാ ഖദിർവാലി എന്നാണ് നാഗൂരിലെ ആരാധനാസ്ഥലം ഇദ്ദേഹം സമർപ്പിച്ചതാണ്. നാഗൂരിലെ കാന്തൂരി ഉർസ് ഉത്സവം ആഘോഷിക്കുമ്പോൾ എല്ലാ മതവിഭാഗത്തിലേയും ജനങ്ങൾ പങ്കെടുക്കുന്നുണ്ട്. നാഗൂർ ദർഗ്ഗ സമർപ്പിച്ചത് ഒരു മുസ്ലീം സന്യാസിയാണെങ്കിലും അവിടുത്തെ ശില്പരീതിയും പൂജാവിധികളും ഹിന്ദുതത്ത്വത്തിലാണെന്നു കാണാൻ സാധിക്കും. ഉദാ: ചന്ദനലേപം അണിയുന്നത്, പ്രസാദം നൽകുന്നത്, തലയിൽ കൈവച്ച് അനുഗ്രഹിക്കുന്നത് എന്നിവ

### ദർഗാ അഥവാ കല്ലറ

ഒരു ഷെയ്ക്കിന്റെ ശവക്കല്ലറ അഥവാ ദർഗ എന്നത് തന്റെ അനുയായികളുടെ ഒരു ഭക്തി കേന്ദ്രമാണ്. അവർ വിശ്വസിക്കുന്നത് മരണശേഷം ഷെയ്ക്ക് ഈശ്വരനോട് ചേർന്ന് ജീവിച്ചിരിക്കുന്നവരുടെ സമീപത്തെത്തുമെന്നാണ് അതിനാൽ ആത്മീകാനുകൂല്യ ങ്ങളും മറ്റത്യാവശ്യ ങ്ങൾക്കായി അവർ ദർഗയെ സന്ദർശിക്കുന്നു.

### ഭക്തി, സൂഫി പ്രസ്ഥാനങ്ങളുടെ ഫലങ്ങൾ

പുരോഗിത വിഭാഗക്കാരുടെ ചൂഷണത്തിന് അറുതി വരത്തുന്നതിന് ഭക്തി സൂഫി പ്രസ്ഥാനങ്ങൾ ശ്രമിച്ചു. ജനങ്ങളുടെ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും കുറിച്ച് ബോധവല്ക്കരണം നടത്തുന്നതിന് വേണ്ടിയാണ് ഈ പ്രസ്ഥാനങ്ങൾ ആരംഭിച്ചത്. ഇത് സാഹോദര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള വഴി

തുറന്നുകൊടുത്തു. അനുഷ്ഠാനങ്ങൾ, വിഗ്രഹാരാധന, ജാതിസമ്പ്രദായം, പുരോഹിതമേധാവിത്വം, മതവ്യത്യാസം എന്നവയ്ക്കെതിരെ പ്രചരണം നടത്തി സ്നേഹം, ഭക്തി എന്നിവയിലൂടെ ഒരു വ്യക്തിക്ക് ഈശ്വര സാമീപ്യം ഉണ്ടാകുമെന്നും മോചനം ലഭിക്കുമെന്നും അവർ വിശ്വസിച്ചു. സൽചിന്തയോടും സഹകരണത്തോടും ജീവിക്കുന്നതിന് വേണ്ടി ഹിന്ദുക്കളേയും മുസ്ലീങ്ങളേയും പ്രേരിപ്പിച്ചു.

ഈശ്വരൻ ഒന്നേയുള്ളൂ എല്ലാ മനുഷ്യരും ഈശ്വരന്റെ സന്തതികളാണെന്നും സൂഫി സന്യാസിമാർ പ്രചരിപ്പിച്ചു. സാധുക്കൾക്കാവശ്യമായ സഹായം ചെയ്തു പരിശുദ്ധ ജീവിതം നയിക്കണമെന്ന് അവർ ഉറപ്പിച്ചു പറഞ്ഞു. യാഗങ്ങളേയും ആചാരങ്ങളേയും അവർ വിമർശിച്ചിരുന്നു.

ഹിന്ദി, പഞ്ചാബി, ബംഗാളി, തെലുങ്ക്, കന്നഡ, തമിഴ് എന്നീ ഭാഷകളുടെ സാഹിത്യ പുരോഗതിക്ക് ഭക്തി, സൂഫി സന്യാസിമാർ പ്രചോദനം നൽകി.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഭക്തി പ്രസ്ഥാനം ഇന്ത്യയിൽ ———കാലഘട്ടത്തിൽ വ്യാപിച്ചു.
   (അ) മദ്ധ്യകാലം (ആ) പുരാതനകാലം (ഇ) നവീനകാലം
2. ശങ്കരാചാര്യൻ കേരളത്തിൽ——— സ്ഥലത്ത് ജനിച്ചു.
   (അ) കാലടി (ആ) തൽവാണ്ടി (ഇ) മേവാർ
3. ഗുരുനാനാക്ക് സ്ഥാപിച്ച മതം——— .
   (അ) സിക്കുമതം (ആ) വീരശൈവമതം (ഇ) വൈഷ്ണവമതം
4. സൂഫിസം രൂപപ്പെട്ട രാജ്യം ———
   (അ) ഇറാക്ക് (ആ) തുർക്കി (ഇ) പേർഷ്യ
5. തുളസീദാസിന്റെ രചയിതാവാണ്
   (അ) ദോഹാസ് (ആ) ദശബോധ (ഇ) രാമചരിതമാനസ

### II. പൂരിപ്പിക്കുക

1. ശങ്കരാചാര്യൻ ——— തത്വത്തെ ബോധിപ്പിച്ചു.
2. ഭക്തി പ്രസ്ഥാനത്തിന്റെ പ്രമുഖ പ്രായോക്താക്കളിൽ ഒരാളായ രാമാനുജൻ ചെന്നയ്ക്കടുത്തുള്ള ——— എന്ന സ്ഥലത്ത് ജനിച്ചു.
3. ബാസവൻ സ്ഥാപിച്ചത്——— ആണ്
4. ജ്ഞാനദേവൻ എഴുതിയ ഭഗവത്ഗീതയുടെ വ്യാഖ്യാനം ——— എന്നറിയപ്പെടുന്നു
5. ——— ഉത്സവം നാഗോർ ദർഗ്ഗയിൽ ആഘോഷിക്കുന്നു.

## III. യോജിപ്പിക്കുക

| | | | |
|---|---|---|---|
| 1. | നായന്മാർ | - | ദലിത് സാഹിത്യകാരൻ |
| 2. | മാണിക്യവാചകർ | - | വൈഷ്ണവന്മാർ |
| 3. | ആഴ്‌വാന്മാർ | - | തിരുവാചകം |
| 4. | മീരാഭായി | - | ശൈവന്മാർ |
| 5. | ചൊക്കമേള | - | കൃഷ്ണഭക്ത |

## IV ഉത്തരം ചുരുക്കിയെഴുതുക

1. ഭക്തിപ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ എന്തെല്ലാം?
2. ഭക്തി പ്രസ്ഥാനം തെക്കേ ഇന്ത്യയിൽ സ്വാധീനം ചെലുത്തിയിത് എങ്ങനെ?
3. കബീറിനെക്കുറിച്ച് ചെറുകുറിപ്പെഴുതുക
4. ഭക്തി പ്രസ്ഥാനത്തിലെ മറാത്ത സന്ന്യാസിമാർ ആരെല്ലാം?
5. സൂഫികൾ എന്തെല്ലാം നിഷ്കർഷിച്ചിരുന്നു?

## V. ഉത്തരം വിശദമാക്കുക

1. ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രമുഖന്മാരെക്കുറിച്ച് വിവരിക്കുക?
2. ഇന്ത്യയിലെ സൂഫി പ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക?
3. ഇന്ത്യയിൽ ഭക്തി, സൂഫി പ്രസ്ഥാനങ്ങളുടെ ഫലങ്ങൾ?

## രൂപീകരണ മൂല്യനിർണ്ണയം

1. സംഘചർച്ച

   ഭക്തിപ്രസ്ഥാന മാർഗ്ഗം മൂലം വേരറുക്കപ്പെട്ട സാമൂഹ്യദുരാചാരങ്ങൾ ഇക്കാലത്തും തുടരുന്നുണ്ടോ? ചർച്ച ചെയ്യുക. ഉണ്ടെങ്കിൽ അവയെ അറുതി വരുത്താൻ വേണ്ടനിർദ്ദേശങ്ങളെ കുറിപ്പിടുക.

2. അഭിനയം.

   നിങ്ങളുടെ വിദ്യാലയത്തിലെ ഭാഷാധ്യാപകന്റെ സഹായത്താൽ ഭക്തി, സൂഫി സന്ന്യാസിമാരുടെ ജീവിതത്തിൽ സംഭവിച്ച മുഖ്യമായ സംഭവങ്ങളെ ക്ലാസ്സ് മുറിയിൽ അഭിനയിച്ച് കാണിക്കുക.

3. പാടികാണിക്കുക

   ഭാഷാധ്യാപകന്റെ സഹായത്താൽ ഭക്തി, സൂഫി സന്ന്യാസിമാരുടെ ഭക്തിഗാനങ്ങൾ, ശ്ലോകങ്ങൾ എന്നിവ പാടുക.

4. വിവരങ്ങൾ ശേഖരിക്കാം.

   ഭക്തി, സൂഫി സന്ന്യാസിമാരുടെ കഥകൾ, മാസിക, ദിനപത്രം എന്നിവയിൽ നിന്നും ശേഖരിച്ച് ക്ലാസ് മുറിയിൽ വായിക്കുക.

5. ചെയ്തു കാണിക്കൽ

   1. ഭക്തി, സൂഫി സന്ന്യാസിമാരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.
   2. 12 ആഴ്‌വാന്മാരുടെ പേരുകൾ, അവരുടെ സാഹിത്യരചനകൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ തയ്യാറാക്കുക.

# 1. ദുരന്തങ്ങളും പ്രതിവിധികളും

ഇന്ത്യയിൽ സമീപകാലമായി വെള്ളപ്പൊക്കം, മൺചരിവ്, സുനാമി, ഭൂകമ്പം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ ദുരന്തങ്ങൾ വൻനാശങ്ങളും ദുരിതങ്ങളും അവശേഷിപ്പിക്കുന്നു. നശിച്ചുപോയവയുടെ പുനർനിർമ്മാണത്തിനും ബാധിക്കപ്പെട്ട ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനും വളരെയേറെ സമയവും ധനവും ആവശ്യമാകുന്നു. ദുരന്തമെന്താണെന്നും അവയെ നേരിടുക എങ്ങനെയെന്നും ദുരന്തത്താലുള്ള ദുരിതങ്ങളെ എങ്ങനെ ലഘൂകരിക്കാമെന്നും ഈ പാഠത്തിലൂടെ പഠിക്കാം.

## ദുരന്തം എന്നാലെന്ത്?

സമൂഹത്തെയോ പരിസ്ഥിതിയെയോ പ്രതികൂലമായി ബാധിക്കുന്ന സംഭവത്തെ ദുരന്തം എന്നു പറയുന്നു.

ഐക്യരാഷ്ട്ര സംഘടന ദുരന്തത്തെ നിർവചിക്കുന്നത് ഇപ്രകാരമാണ്. സമൂഹത്തിന്റെ പ്രവർത്തനത്തിൽ അതീവ ഗുരുതരമായ തടസ്സം, മനുഷ്യർ, വസ്തുക്കൾ, പരിസ്ഥിതി എന്നിവയ്ക്കുള്ള വ്യാപകമായ നാശം ബാധിക്കപ്പെട്ട സമൂഹത്തിന് സ്വന്തം വിഭവങ്ങൾ കൊണ്ട് നിലനിൽക്കാനാവാത്ത അവസ്ഥ ഇവയെല്ലാമാണ് ദുരന്തസാഹചര്യങ്ങൾ കൊണ്ട് ഉണ്ടാകുന്നത്.

## ദുരന്തം ഉണ്ടാകുന്നതെങ്ങനെ?

ചില ദുരന്തങ്ങൾ നമുക്ക് നിയന്ത്രിക്കാനാവാത്ത പ്രകൃതി ശക്തികളാൽ ഉണ്ടാകുന്നു. മറ്റു ചില സംഭവങ്ങൾ ഉണ്ടാകുന്നത് കാലങ്ങളായി മനുഷ്യൻ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതുകൊണ്ടാണ്. അതിനാൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണൊലിപ്പ്, ആഗോളതാപനം, വരൾച്ച എന്നിവ സംഭവിക്കുന്നു. ഇത്തരം ദുരന്തങ്ങൾക്ക് നാം കാരണമാകുന്നതിനാൽ വിഭവങ്ങളെ ആവശ്യത്തിനു മാത്രം ഉപയോഗിച്ച് ജീവിതനിലനിൽപിന് വഴിയൊരുക്കിയാൽ വിവിധ ദുരന്തങ്ങളാലുണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കാവുന്നതാണ്.

അപകടംകൊണ്ട് ജീവപായ സാദ്ധ്യതകളുണ്ടാകുന്നു. എന്നാൽ ദുരന്തം സമൂഹത്തിൽ ജീവനും സ്വത്തിനും ഭീഷണിയാകുന്നു. ചുഴലിക്കാറ്റ് ഒരുപകടമാണെങ്കിൽ അത് ജീവനും സ്വത്തിനും നാശമുണ്ടാക്കുമ്പോൾ ദുരന്തമായി മാറുന്നു.

**ദുരന്തം**

| പ്രകൃതി ദുരന്തങ്ങൾ | മാനുഷിക ദുരന്തങ്ങൾ |
|---|---|
| ഭൂകമ്പം, അഗ്നിപർവ്വത സ്ഫോടനങ്ങൾ, മൺ ചരിവ്, ഹിമനദി, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ക്ഷാമം, കൊടുങ്കാറ്റ് | യുദ്ധം, തീപിടുത്തം, റോഡപകടം, കപ്പൽദുരന്തം അണുസ്ഫോടനം, വൈദ്യുത അപകടം |

ദുരന്തത്തിനെപ്രകൃതി ദുരന്തമെന്നും മനുഷ്യൻ ഉണ്ടാക്കുന്ന ദുരന്തമെന്നും രണ്ടായി തരംതിരിക്കാം. പ്രകൃതി ദുരന്തങ്ങൾ പ്രകൃതി ശക്തി കാരണമായും മാനുഷിക ദുരന്തങ്ങൾ മനുഷ്യന്റെ ഉപേക്ഷയാലും അശ്രദ്ധയാലും, അവിവേകത്താലും ഉണ്ടാകുന്നു.

ചുഴലിക്കാറ്റുപോലുള്ള പ്രകൃതിശക്തികൾ കൊണ്ടുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാനാവുന്നവയല്ലെങ്കിലും മുൻകൂട്ടിയുള്ള ലഘൂകരണ നടപടികൾ കൊണ്ട് അവയിൽനിന്നുള്ള ദുരിതങ്ങൾ കുറയ്ക്കാവുന്നവയാണ്.

## ലഘൂകരണം

തീവ്രത കുറയ്ക്കൽ എന്നതാണ് ഇതിനർത്ഥം. അതിനാൽ അപകടത്തിന്റെ തീവ്രതയെ കുറയ്ക്കുവാൻ എടുക്കുന്ന പ്രവൃത്തികൾക്ക് ലഘൂകരണം എന്നു പറയുന്നു.


## ഭൂകമ്പം

ഭൂമിയുടെ ഉപരിതലത്തിൽ ഉണ്ടാകുന്ന കുലുക്കത്തെയോ, കമ്പനത്തെയോ ഭൂകമ്പം എന്നു പറയുന്നു.

| ഭൂകമ്പ മണ്ഡലങ്ങൾ | പ്രദേശങ്ങൾ | തരങ്ങൾ |
|---|---|---|
| അഞ്ച് | കാശ്മീർ, പഞ്ചാബ്, പടിഞ്ഞാറ്, മദ്ധ്യഹിമാലയം വടക്കുകിഴക്കൻ ഇന്ത്യാപ്രദേശം, കച്ച്പ്രദേശത്തിലെ റാൻ. | വളരെയധികം ബാധിത പ്രദേശം |
| നാല് | ഇൻഡോ – ഗംഗാ താഴ് വര, ഡൽഹി, ജമ്മു,ബീഹാർ | അധികബാധിത പ്രദേശം |
| മൂന്ന് | ആന്റമാൻ നിക്കോബർ പ്രദേശം, പടിഞ്ഞാറൻ ഹിമാലയം. | മിതബാധിത പ്രദേശം |
| രണ്ട് | ഡക്കാൺപീഠഭൂമി, തമിഴ്നാട് | കുറഞ്ഞബാധിത പ്രദേശം |




ബഹുനിലക്കെട്ടിടങ്ങൾ ഭൂകമ്പത്താൽ തകർന്നടിയുന്നു.




റ്റെക്ടോനിക് പാറകളുടെ ചലനങ്ങൾ അഗ്നി പർവ്വത സ്ഫോട നങ്ങളാൽ പുറത്തുവരുന്ന വസ്തുക്കൾ ജൈവ അവശിഷ്ടങ്ങൾ, നിലചരിവ്, ഭൂമിയുടെ ഉപരിതലത്തിലുണ്ടാകുന്ന വിള്ളലുകൾ ഭൂകമ്പം ഉണ്ടാകുന്നതിനു കാരണമാകുന്നു. ഡാമുകളുടെ പോരായ്മകൾ, നിലചരിവുകൾ എന്നിവ ഭൂകമ്പത്തിന് കാരണ മാകുന്നു. കൂടാതെ ഇത് നദീ പ്രവാഹത്തിന്റെ ഗതിയെ മാറ്റുന്നു. കമ്പനം പല നാശനഷ്ട ങ്ങൾക്കും കെട്ടിടങ്ങളുടെ തകർച്ചയ്ക്കും കാരണമാകുന്നു. വലിയ തിരമാലകളും സുനാമികളും ഉണ്ടാകുന്നു. ആരോഗ്യ നില തകരാറിലാകുന്നു. ജലവിതരണം വിദ്യുത്ച്ഛക്തി, ഗതാഗതം എന്നിവ ബാധിക്കപ്പെടുന്നു. ഇവയ്ക്കെല്ലാത്തിനുമു പരി ഭൂകമ്പം വലിയ ജീവനാശത്തിനു കാരണമാകുന്നു. ഇന്ത്യയെ 4 ഭൂകമ്പ മേഖലകളായി വിഭജിച്ചിരിക്കുന്നു. അവയെ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണുക. 2001 ജനുവരി 26 നു ഇന്ത്യയുടെ 51-ാം റിപ്പബ്ലിക് ദിനത്തിൽ ഗുജറാത്ത് സംസ്ഥാനത്തിലുണ്ടായ ഭൂകമ്പം റിക്ചർ സ്ക്കെയിലിൽ 7.6 ഉം 8.1 ഉം രേഖപ്പെടുത്തി. അതിനാലുണ്ടായ കടൽ തിരമാലകൾ ഏകദേശം 700 കി.മീ. ദൂരത്തിൽ വ്യാപിച്ചു. 21 ജില്ലകൾ

ബാധിക്കപ്പെട്ടു. 6,00,000 പേർ ഇതിനാൽ ബാധിക്കപ്പെട്ടു. 19,727 പേർ മരണ മടയുകയും 1,66,001 പേർക്ക് പരിക്കേൽ ക്കുകയും ചെയ്തു. ഈ ഭൂകമ്പം ഏക ദേശം 90% വീടുകളെയും, 8 വിദ്യാലയങ്ങ ളെയും, 2 ആശുപത്രികളെയും, ചരിത്ര പ്രധാനമായ സ്വാമിനാരായണൻ ക്ഷേത്ര ത്തേയും നശിപ്പിച്ചു.

## ലഘൂകരണം

ഭൂകമ്പ സമയത്ത് നാം പ്രധാനമായി ചെയ്യേണ്ടത് കെട്ടിടങ്ങൾക്കു പുറത്തുവന്ന് മരങ്ങളോ വൈദ്യുതികമ്പികളോ, ടെലഫോൺ ടവറുകളോ ഇല്ലാത്ത തുറസ്സായ സ്ഥലത്ത് നിൽക്കുക.

പുറത്തുവരാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ തലയിൽ പരിക്കേൽക്കാതിരിക്കാൻ മേശയുടെയോ കസേരയുടെയോ അടിയിൽ സുരക്ഷിതമായി ഇരിക്കണം.

ഭൂകമ്പത്താൽ ബാധിക്കപ്പെടാത്ത രീതി യിലുള്ള വീടുകൾ വയ്ക്കുന്നതിന് ജനങ്ങളെ പ്രോത്സാഹപ്പിക്കുക.

ബഹുനില കെട്ടിടങ്ങളിൽ താമസിക്കുമ്പോൾ കെട്ടിടത്തിനു പുറത്തു പോകാൻ ലിഫ്റ്റ് ഉപയോഗിക്കുന്നതിനു പകരം പടികെട്ടുകൾ ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്.

തീപിടിത്തം ഒഴിവാക്കാൻ പാചകവാതക അടുപ്പുകൾ, വൈദ്യുത വിളക്കുകൾ, മെഴുകുതിരി മറ്റു വിളക്കുകൾ എന്നിവയെ അണയ്ക്കുക.

മണ്ണിന്റെ തരങ്ങളെ പരിശോധിച്ച് മൃദുവായ മണ്ണുള്ള സ്ഥലത്ത് വീടുകൾ നിർമ്മിക്കാൻ പാടില്ല.

വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഭൂകമ്പത്തെക്കുറി ച്ച് ബോധവാൻമാരാക്കുക.

പരിക്കേറ്റവരുടെ ആവശ്യകതക്കേറ്റ പ്രഥമ ശുശ്രൂഷ അവർക്ക് നൽകുക.

## അഗ്നിപർവ്വത സ്ഫോടനങ്ങൾ

അഗ്നിപർവ്വത സ്ഫോടനങ്ങൾ ഭൂകമ്പത്തെപ്പോലെയല്ല. അവയെ മുൻകൂട്ടി അറിയാൻ സാധിക്കും എന്തുകൊണ്ടെന്നാൽ സ്ഫോടനത്തിനു മുമ്പ് പുകയും, വാതകങ്ങളും, ചെറിയ കമ്പന ങ്ങളും ഉണ്ടാകുന്നു. അഗ്നിപർവ്വത സ്ഫോടനത്താൽ കാടുകൾ പൂർണ്ണ മായും നശിച്ചുപോകുകയും, മഞ്ഞു ഉരുകുകയും ചെയ്യുന്നതിനാൽ വെള്ളപ്പൊക്കം ഉണ്ടാകുന്നു. അതിനാൽ മനുഷ്യവാസ പ്രദേശങ്ങൾ ബാധിക്കപ്പെടുന്നു. അഗ്നിപർവ്വത സ്ഫോടക സമയത്ത് പുറത്തുവരുന്ന ചൂടു വാതകങ്ങൾ വ്യോമഗതാഗതം, തൊട്ടടുത്ത പ്രദേശങ്ങളിലെ കൃഷി, മറ്റു സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയെ സാരമായി ബാധിക്കുന്നു.



ഐസ്ലാന്റിലെ അഗ്നിപർവ്വത സ്ഫോടനത്താലുണ്ടാകുന്ന പുകയും ചാരവും

അഗ്നിപർവ്വതങ്ങൾ നാശ നഷ്ടങ്ങളെ ഏർപ്പെടുത്തുന്നു. എങ്കിലും പല നന്മകളെയും അഗ്നിപർവ്വതങ്ങളിൽ നിന്നും ലഭിക്കുന്നു. തൊഴിൽശാലകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളും ലാവയാൽ രൂപം കൊള്ളുന്ന പാറകൾ, കെട്ടിടങ്ങൾ റോഡുകൾ എന്നിവ നിർമ്മിക്കാൻ പ്രയോജനപ്പെടുന്നു. അഗ്നിപർവ്വത ചാരം മണ്ണിന്റെ ഫലഭൂയിഷ്ടതയെ വർദ്ദിപ്പിക്കുന്നു. അഗ്നിപർവ്വതത്തിൽ നിന്നും പുറത്തുവരുന്ന നീരോടകൾ,ചൂട് ഊറ്റുകൾ ഭൂമിയുടെ താപശക്തിയെ സംതുലനം ചെയ്യുന്നു.

1985 നവംബർ 13-ാം തീയതി കൊളംബിയയിലുള്ള നെവാഡോഡെൽ റൂയിസ് എന്ന സ്ഥലത്തുണ്ടായ സ്ഫോടനം 40,000 ആളുകളുടെ മരണത്തിന് കാരണമായി. ഇത് അർമേറോ നഗരത്തെ പൂർണ്ണമായും ഇല്ലാതാക്കി. ഇതുപോലെ 2010 ഏപ്രിൽ 14 ന് ഐസ്‌ലേൻഡിൽ നടന്ന അഗ്നി പർവ്വത സ്ഫോടനത്തിൽ നിന്ന് ധാരാളം ചാരം പുറത്തുവന്നു. ഈ സംഭവത്താൽ 200ൽ പരം യൂറോപ്യൻ രാജ്യങ്ങൾ അവരുടെ വിമാനത്താവളങ്ങളെ അടച്ചു പൂട്ടി.

## ദുരന്ത ലഘൂകരണം

അഗ്നിപർവ്വത പ്രദേശങ്ങളിൽ മനുഷ്യൻ താമസിക്കാൻ പാടില്ല.

അഗ്നിപർവ്വത സ്ഫോടനസമയത്ത് എല്ലാഗതാഗത മാർഗ്ഗവും പ്രത്യേകിച്ച് വ്യോമ ഗതാഗതത്തെ ഒഴിവാക്കുക.

അഗ്നിപർവ്വത സ്ഫോടനം ഭൂകമ്പത്തിന് കാരണമാകുന്നു. അതിനാൽ ജനങ്ങൾ മുൻകരുതലുകൾ എടുക്കണം.

മഞ്ഞുമൂടപ്പെട്ട പർവ്വതപ്രദേശങ്ങളിൽ അഗ്നിപർവ്വത സ്ഫോടനം നടക്കുമ്പോൾ മഞ്ഞുരുകി വെള്ളപ്പൊക്കമുണ്ടാകുന്നു. അതിനാൽ ഇതിനെ നിയന്ത്രിക്കുന്നതിനു വേണ്ടി ബലമായി മതിലുകൾ കെട്ടേണ്ടതാണ്.

അഗ്നിപർവ്വത സ്ഫോടനത്താൽ ബാധിക്കപ്പെടാത്ത രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുക.

അഗ്നിപർവ്വത സ്ഫോടനത്തിന്റെ വ്യാപനത്തെ അളക്കുന്ന റ്റിൽറ്റ് മീറ്ററിന്റെ പ്രയോജനത്തെക്കുറിച്ച് ബോധവാൻമാരാകണം.

## സുനാമി (Tsunami)

ഇവ ജലത്തിനടിയിൽ ഉണ്ടാകുന്ന നിലചരിവ് അല്ലെങ്കിൽ അഗ്നിപർവ്വത സ്ഫോടനം, ഭൂകമ്പം എന്നിവയാൽ ഉണ്ടാകുന്ന മരണ അലകൾ അഥവാ രാക്ഷസ അലകളാണ്. ഇവ 15 മീറ്റർ അല്ലെങ്കിൽ അതിൽ കൂടുതൽ ഉയരത്തിൽ ഉണ്ടാകുന്നു. കടലിൽ അല്ലെങ്കിൽ സമുദ്രത്തിൽ ഭൂകമ്പം ഉണ്ടാകുമ്പോൾ കടൽ തിരമാലകൾ കൂടുതൽ ഉയരത്തിൽ ഉണ്ടാവുകയും അത് ചുരുങ്ങിയ സമയത്തിനുള്ളിൽ കടൽ തീരത്തേയ്ക്ക് എത്തുകയും ചെയ്യുന്നു. ഭൂകമ്പം സംഭവിച്ചതിനു ശേഷം വളരെ കൂടുതൽ സമയം സുനാമിയാൽ ഉണ്ടാകുന്ന അപകടം നീണ്ടുനിൽക്കുന്നു.

**നിങ്ങൾക്കറിയാമോ ?**

കടൽ തിരമാലകളുടെ ഇംഗ്ലീഷ് പദമാണ് സുനാമി (Tsunami) ഈ വാക്ക് ജപ്പാൻ ഭാഷയിൽ നിന്നു വന്നതാണ്. "Tsu" എന്നതിന്റെ അർത്ഥം Harbour (തുറമുഖം), Nami എന്നതിന്റെ അർത്ഥം Waves (അലകൾ) എന്നുമാണ്.

സുനാമി തിരമാലകളുടെ വേഗത മണിക്കൂറിന് 500 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുകയും അവ ഭൂഖണ്ഡങ്ങൾക്കടുത്തെത്തുമ്പോൾ അവയുടെ വേഗത വർദ്ധിക്കുകയും ചെയ്യുന്നു.

**നിങ്ങൾക്കറിയാമോ?**

ഇന്ത്യയിൽ സുനാമി മുന്നറിയിപ്പു കേന്ദ്രം ഹൈദ്രാബാദിൽ സ്ഥിതിചെയ്യുന്നു.

2004 ഡിസംബർ 26-ാം തിയതി തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ ഉണ്ടായ സുനാമിയിൽ ഏകദേശം 1,50,000ത്തിൽ പരം ആളുകൾക്ക് ജീവഹാനി ഉണ്ടായി. ഇത് സ്ഥിതി വിവര കണക്കുകൾ പ്രകാരമാണ്. എന്നാൽ കൃത്യമായ കണക്ക് നൽകാൻ ഇതുവരെയും സാധിച്ചിട്ടില്ല. ഇതിനാലുണ്ടായ സാമ്പത്തിക നഷ്ടം പരിസ്ഥിതി പ്രശ്നങ്ങൾ, ജനങ്ങളുടെ മാനസികതകർച്ച എന്നിവ കണക്കറ്റതാണ്. പല ഗ്രാമങ്ങൾ ജനരഹിതമായി. 40 വർഷങ്ങൾക്കുള്ളിൽ ഭൂമിയിലുണ്ടായ ഏറ്റവും വലിയ ഭൂകമ്പമാണിത്. അതിന്റെ പ്രത്യാഖ്യാതം ലോകത്തിൽ മുഴുവനും പ്രതിഫലിച്ചു.



സുനാമിയുടെ ചിത്രം



സുനാമിയുടെ ചിത്രം



സുനാമിയാൽ ഏർപ്പെട്ട നാശങ്ങൾ

## ലഘൂകരണം

ഇന്ത്യയിൽ ഹൈദ്രാബാദിൽ സ്ഥിതിചെയ്യുന്ന സുനാമി മുന്നറിയിപ്പു കേന്ദ്രങ്ങളിൽ നൽകുന്ന വിവരങ്ങൾ മൂലം ജനങ്ങളെ ബോധവാൻമാരക്കുക.

സുനാമിയെക്കുറിച്ചുള്ള വിവരങ്ങൾ കിട്ടിയാലുടൻ തന്നെ ജനങ്ങൾ ആ പ്രദേശത്തു നിന്നും മാറി താമസിക്കുക.

സുനാമിയാൽ കഠിനമായി ബാധിച്ച വ്യക്തിക്ക് ഉടൻ തന്നെ പ്രഥമശുശ്രൂഷ നൽകണം.

ആ സമയത്ത് മീൻ പിടിത്തക്കാർ മീൻപിടിക്കുന്നതും ഒഴിവാക്കുക.

ആദ്യത്തെ തിരമാലകൾ അപകടകാരികൾ എന്ന് നമുക്ക് ഊഹിക്കാൻ സാധിക്കില്ല. കാരണം അതിനെ തുടർന്നുവരുന്ന തിരമാലകൾ അതിനെക്കാൾ അപകടകാരികളായിരിക്കും.

## നിലചരിവുകൾ

നിലചരിവ് എന്നു പറയുന്നത് പാറകഷ്ണങ്ങളും, പാറക്കൂട്ടങ്ങളും, താഴേക്ക് വരുന്ന പ്രവൃത്തിയാണ്. പാറകഷ്ണങ്ങൾ താഴോട്ട് വരുന്നതിന് മൺചരിവുകൾ എന്നു പറയുന്നു.



നിലച്ചരിവ്

നിലചരിവുകൾ അസ്ഥിരമായ ചരിവ് കഠിനമായ മഴ, ഭൂകമ്പങ്ങൾ, അഗ്നിപർവ്വത സ്ഫോടനങ്ങൾ, വനനശീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയാൽ ഉണ്ടാകുന്നു.



നിലച്ചരിവ്

നിലചരിവുകൾ കാർഷികോല്പാദനം, വാസസ്ഥലങ്ങൾ, റോഡുകൾ, റയിൽ പാതകൾ, ഭൂമിയുടെ ഉപരിതല പ്രവർത്തനങ്ങൾ എന്നിവയെ സാരമായി ബാധിക്കുന്നു.

## ലഘൂകരണം

മൺചരിവ് പ്രദേശങ്ങളിൽ വീടുകൾ നിർമ്മിക്കുമ്പോൾ ചരിഞ്ഞുവരുന്ന മണ്ണിനു ഗതിമാറി പോകാൻ പുതിയ വഴികൾ തയാർ ചെയ്യേണ്ടതുണ്ട്.

നിലചരിവിന്റെ മുന്നറിയിപ്പു സൂചനയായി വാതിലുകളും ജനാലകളും ഇറുകുന്നു.

മൺചരിവിനാൽ റോഡുകൾ അടയുന്നപക്ഷം പെട്ടെന്നു രക്ഷപ്പെടുന്നതിലേയ്ക്ക് രണ്ടുമൂന്ന് മാറ്റു വഴികൾ മുട്ടിട്ടു നിർമ്മിക്കേണ്ടതാണ്.

നാം വീട്ടിലിരിക്കുന്ന സമയത്ത് നിലചരിവ് ഏർപ്പെടുകയാണെങ്കിൽ മുട്ടിട്ടു നിൽക്കുകയോ തറയോട് ചേർന്ന് ഇരിക്കുകയോ ചെയ്യണം. മാത്രമല്ല കൈകളെ പിൻ കഴുത്തിൽ ചേർത്ത് വയ്ക്കേണ്ടതാണ്.

കഠിനമായി ബാധിച്ചവരെ പുറത്തെടുക്കുകയും പ്രഥമശുശ്രൂഷ നൽകുകയും ചെയ്യേണ്ടതാണ്.

## ഹിമപ്രവാഹം

ഹിമപ്രവാഹം എന്നത് വലിയ അളവ് മഞ്ഞ് അഥവാ മഞ്ഞ്കട്ടകൾ മലഞ്ചരിവുകളിലൂടെ താഴേയ്ക്ക് വരുന്നവയാണ്. ഇത് ധ്രുവ പ്രദേശങ്ങളിലും വളരെ ഉയരമുള്ള മലമ്പ്രദേശങ്ങളിലും സംഭവിക്കുന്നു.

ഹിമപ്രവാഹം ഭൂകമ്പത്താലോ, മഞ്ഞു അധികമായി ഉറയുന്നതിനാലോ മാനുഷ്യപ്രവർത്തനങ്ങളായ ഉയർന്ന ശബ്ദത്താലോ, ഭാരമുള്ള വസ്തുക്കളുടെ ചലനം, സ്ഫോടക വസ്തുക്കളുടെ ഉപയോഗം എന്നിവയാൽ ഉണ്ടാകുന്നു. ഹിമ പ്രവാഹം കഠിനമാകുന്നത് എപ്പോഴെന്നാൽ അവയിൽ വലിയൊരളവ് മഞ്ഞ് പ്രവഹിക്കുമ്പോഴാണ്.

ഹിമ പ്രവാഹത്താൽ റോഡുകൾ, കുടിലുകൾ, കാടുകൾ, വന്യമൃഗങ്ങൾ എന്നിവയ്ക്ക് നാശം സംഭവിക്കുന്നു.



ഹിമപ്രവാഹം



ഹിമപ്രവാഹം

## ലഘൂകരണം

ഹിമപ്രവാഹത്തെ തടുക്കുവാനോ, നിറുത്തുവാനോ സാദ്ധ്യമല്ല. എന്നാൽ ഹിമപ്രവാഹത്തിന്റെ ശക്തി കുറയ്ക്കാനും, അതിലുണ്ടാകുന്ന നാശത്തെ കുറയ്ക്കുവാനും സാധിക്കും.

സുഖവാസകേന്ദ്രങ്ങൾ, പർവ്വത പട്ടണങ്ങൾ, റോഡുകൾ, റയിൽ പാതകൾ എന്നിവ ഹിമപ്രവാഹ പ്രദേശങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

സ്ഫോടക വസ്തുകൾ ഉപയോഗിക്കാൻ പാടില്ല.

മനുഷ്യവാസ പ്രദേശത്തിനും, ഹിമപ്രദേശത്തിനും ഇടയിൽ വളരെയധികം മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതാണ്.

## ചുഴലിക്കാറ്റ്

തെക്കേ ഇന്ത്യയിലെ കടൽ തീര പ്രദേശങ്ങളിൽ മറ്റു ദുരന്തങ്ങളെക്കാൾ ചുഴലിക്കാറ്റിനാൽ ബാധിക്കപ്പെടുന്നു. എല്ലാ വർഷവും ചോഴമണ്ഡലക്കരയിൽ പ്രത്യേകിച്ച് ഒഡീഷ ആന്ധ്ര എന്നിവിടങ്ങളിൽ വളരെ കുറച്ചെങ്കിലും മരണങ്ങൾ ചുഴലിക്കാറ്റിൽ സംഭവിക്കാറുണ്ട്.



ചുഴലിക്കാറ്റ്-1999

ലോകത്തിലുള്ള 6 ചുഴലിക്കാറ്റ് തീര പ്രദേശങ്ങളിൽ ഇന്ത്യൻ തീരപ്രദേശങ്ങളും ഉൾപ്പെടുന്നു.

നാം പഠിച്ചതനുസരിച്ച് ചുഴലിക്കാറ്റ് എന്നത് ന്യൂനമർദ്ദ പ്രദേശങ്ങളിൽ തണുപ്പും, ചൂടും സന്ധിക്കുന്നതിനാൽ ഉണ്ടാകുന്ന ശക്തമായ കാറ്റാണ്. ഈ കാറ്റ് കടൽ, സമുദ്രം എന്നിവയുടെ മേൽപ്പരപ്പിൽ രൂപം കൊള്ളുമ്പോൾ അവിടെ കാറ്റിന്റെ വേഗതയെ തടുക്കുന്നതിന് തടസ്സങ്ങളില്ലാത്തതിനാൽ കൂടുതൽ ശക്തമാകുന്നു.

ചുഴലിക്കാറ്റിനാൽ അധികശക്തമായ കാറ്റ് കഠിനമായ മഴ, എന്നിവ ഉണ്ടാക്കുന്നു. ഇത് വെള്ളപ്പൊക്കത്തിന് കാരണമാകുന്നു. മരങ്ങൾ പിഴുതെറിയപ്പെടുന്നു. മലിനജല നിർമ്മാർജ്ജനമാർഗ്ഗങ്ങൾ ബാധിക്കപ്പെടുന്നു. വൈദ്യുത ബന്ധം വിച്ഛേദിക്കപ്പെടുന്നു. വെള്ളം കെട്ടികിടന്ന് പല അസുഖങ്ങൾക്കും കാരണമാകുന്നു. വിളവുകൾ നശിപ്പിക്കപ്പെടുന്നു. മണ്ണൊലിപ്പ് ഉണ്ടാകുന്നു. പഴയ കെട്ടിടങ്ങൾക്ക് ഛേദം സംഭവിക്കുന്നു. അങ്ങനെമനുഷ്യന് ഹാനി ഉണ്ടാവുകയും ചെയ്യുന്നു

**നിങ്ങൾക്കറിയാമോ ?**

1999 ഒക്ടോബർ 29-ാം തിയതി ബംഗാൾ ഉൾക്കടലിൽ ഒഡീഷ യുടെ തീരത്തുണ്ടായ ചുഴലിക്കാറ്റ് മണിക്കൂറിന് 260 മുതൽ 300 കി.മീ. വരെ വേഗത്തിൽ വീശി. ഇത് ഒഡീഷയുടെ തീരപ്രദേശത്ത് ഏകദേശം 144 കി.മീ. വിസ്തൃതിയിൽ വ്യാപിച്ചു. ജലനിരപ്പ് 8 മീറ്റർ ഉയർന്നു. ഈ കൊടുങ്കാറ്റ് 250 കി.മീ. പ്രദേശങ്ങളിൽ ബാധിപ്പ് ഏർപ്പെടുത്തി. 36 മണിക്കൂർ കൊണ്ട് ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായി. 200 ലക്ഷം ഹെക്ടർ നിലങ്ങൾ ബാധിക്കപ്പെട്ടു. മരങ്ങൾ, കൃഷി എന്നിവ നശിച്ചു. പല നാശനഷ്ടങ്ങൾക്കും ഇതു കാരണമായി. ഒഡീഷ സംസ്ഥാനത്തിന്റെ അടിസ്ഥാനത്തെ തന്നെ ഈ ചുഴലിക്കാറ്റ് നിഷ്കരുണം തകർത്തു കളഞ്ഞു. ആയിരക്കണക്കിന് ആളുകൾ മരണമടഞ്ഞു. കോടികണക്കിന് ജനങ്ങൾക്ക് ജീവഹാനി ഉണ്ടായി.

## ലഘൂകരണം

വെള്ളം കെട്ടി നിൽക്കുന്നതിനെ മാറ്റുന്നതിനുവേണ്ടി താൽക്കാലിക ചാനലുകൾ നിർമ്മിക്കുക.

പഴയ കെട്ടിടങ്ങളിൽ താമസിക്കുന്നവരോട് താൽക്കാലികമായി

സുരക്ഷിതമായ സ്ഥലങ്ങളിലേയ്ക്ക് മാറാൻ നിർദ്ദേശം നൽകുക.

ജനങ്ങൾ തങ്ങളുടെ പ്രധാനപ്പെട്ട ആധാരങ്ങൾ, ആഭരണങ്ങൾ എന്നിവയെ സുരക്ഷിതമായി വയ്ക്കേണ്ടതാണ്.

ജനങ്ങൾ വൈദ്യുതി കമ്പികൾക്ക് വിച്ഛേദനം സംഭവിച്ച് വൈദ്യുതി ചോർച്ചയോ, വിച്ഛേദനമോ ഉണ്ടോ എന്ന് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതാണ്.

മീൻ പിടിത്തക്കാർ മത്സ്യ ബന്ധനത്തിന് പോകരുതെന്ന് ഉപദേശിക്കേണ്ടതാണ്.

എല്ലാപേരും പ്രാദേശിക റേഡിയോ, ദൂരദർശൻ നിർദ്ദേശങ്ങളെ ശ്രദ്ധിക്കേണ്ടതാണ്. എല്ലാപേരും രോഗത്തെ തടുക്കുന്നതിന് തിളപ്പിച്ചാറിയ വെള്ളം ഉപയോഗിക്കണം.

## വെള്ളപ്പൊക്കം

വെള്ളപ്പൊക്കമെന്നത് അമിത ജലം താൽക്കാലികമായി കരകവിഞ്ഞൊഴുകുന്നതാണ്. ഇത് അമിത മഴ, ചുഴലിക്കാറ്റ്, മഞ്ഞുരുകൽ, സുനാമി, തടാകങ്ങൾ തകരുന്നത് എന്നിവയാൽ ഉണ്ടാകുന്നു. തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ വടക്കു കിഴക്ക് കാലവർഷക്കാറ്റിനാൽ അമിതമായ മഴ പെയ്യുന്നതിനാൽ വെള്ളപ്പൊക്കം സാധാരണമാണ്. ബോംബേയിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാറ്റിനാൽ അമിത മഴ പെയ്യുന്നു.

വെള്ളപ്പൊക്കം, മലിനജല നിർമ്മാർജ്ജന സംവിധാനത്തെ തകർക്കുന്നു. ജലമലിനീകരണം, മണ്ണരിപ്പ്, വണ്ടൽ നിക്ഷേപം, വെള്ളക്കെട്ട്, വിളനിലങ്ങൾ എന്നിവയിൽ ബാധിപ്പുകൾ ഉണ്ടാകുന്നു. മാത്രമല്ല ജീവജാലങ്ങൾ, മത്സ്യബന്ധനഉപകരണങ്ങൾ, മൺചരിവ്, കെട്ടിടങ്ങൾ എന്നിവയ്ക്ക് നാശനഷ്ടം ഉണ്ടാകുന്നു.



വെള്ളപ്പൊക്കം

ദക്ഷിണേന്ത്യൻ നദികളെ അപേക്ഷിച്ച് ഉത്തരേന്ത്യൻ നദികളിൽ എല്ലാ വർഷവും വെള്ളപ്പൊക്കം ഉണ്ടാകുന്നത് എന്തുകൊണ്ട്?

വെള്ളപ്പൊക്കവും, ക്ഷാമവും കാലവർഷത്തിന്റെ ചാഞ്ചല്യത്താൽ ഉണ്ടാകുന്നു.

## ലഘൂകരണം

ജലം കരകവിഞ്ഞൊഴുകുന്നതിനെ ഒഴിവാക്കുന്നതിനും, വറ്റിക്കുന്നതിനും, താഴ്ന്ന പ്രദേശങ്ങളിലും, വിളനിലങ്ങളിലും കനാലുകൾ അത്യാവശ്യമാണ്.

നദികളുടെ തീരങ്ങളിൽ ചുവരുകൾ നിർമ്മിക്കേണ്ടതും കുളങ്ങൾ തടാകങ്ങൾ എന്നിവയിൽ നിന്നും വണ്ടൽ നിക്ഷേപങ്ങളെ അകറ്റേണ്ടതുമാണ്.

താഴ്ന്ന പ്രദേശങ്ങളിലുള്ള വീടുകളിൽ വെള്ളം ഉള്ളിൽ പ്രവേശിക്കുന്നത് തടുക്കുവാൻ മണൽ ചാക്കുകൾ മുന്നിൽ അടുക്കേണ്ടതാണ്.

വനവൽക്കരണം പ്രോത്സാഹിപ്പിക്കേണ്ടതും ഏതെങ്കിലുമൊരു മഴജലകൊയ്ത്ത് പിൻതുടരേണ്ടതുമാണ്.

താഴ്ന്ന പ്രദേശങ്ങളിലുള്ള ജനങ്ങളെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് മാറ്റേണ്ടതാണ്.

വെള്ളപ്പൊക്ക സമയത്ത് സാമൂഹ്യ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കേണ്ടതാണ്.

## ക്ഷാമം (വരൾച്ച)

ക്ഷാമം എന്നത് മഴ കുറവിനാൽ ഉണ്ടാകുന്ന നീണ്ടനാൾ വരൾച്ചയാണ്. ക്ഷാമത്തിന്റെ ആരംഭവും അവസാനവും കാലനിർണ്ണയം ചെയ്യാൻ പ്രയാസമാണ്.

ഇന്ത്യയിലെ കാലാവസ്ഥാ നിരീക്ഷണ വകുപ്പിനനുസരിച്ച് ഒരു പ്രദേശത്തെ മഴപ്പൊഴിവിന്റെ കുറവ് 10% ത്തിൽ കൂടുതലാണെങ്കിൽ ആപ്രദേശത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നു.

ക്ഷാമമുണ്ടാകുന്നതിന് പ്രധാന കാരണം മഴപ്പൊഴിവിന്റെ അഭാവമാണ്.


മഴപ്പൊഴിവ് കുറയാൻ പലകാരണങ്ങൾ ഉണ്ട്. അവ കാലവർഷത്തിന്റെ അഭാവം, കാലവർഷത്തിന്റെ ചാഞ്ചാട്ടം, വനനശീകരണം, പരിസര മലിനീകരണം, ഉയർന്ന അളവ് ബാഷ്പീകരണം, മോശമായ മൺപരിപാലനം, അമിതമായ മേച്ചിൽ, മണ്ണൊലിപ്പ് എന്നിവയാൽ ഉണ്ടാകുന്നു.

ക്ഷാമത്താൽ മഴയെ ആശ്രയിക്കുന്ന വിളവുകൾ നശിച്ചുപോകുന്നു.

മറ്റ് ബാധിപ്പുകൾ (i) ശുദ്ധജലക്ഷാമം (ii) രോഗങ്ങൾ (iii) ഭക്ഷ്യ ക്ഷാമം (iv) കന്നുകാലികൾക്ക് ജലക്ഷാമം (v) പോഷകാഹാരക്കുറവ് മണ്ണൊലിപ്പ് എന്നിവ ഉണ്ടാകുന്നു.



വരൾച്ച



വരൾച്ച

## ലഘൂകരണം

തുള്ളി ജലസേചനത്തിലൂടെ മാറ്റകൃഷി ആസൂത്രണം ചെയ്ത് വികസിപ്പിക്കേണ്ടതാണ്. നല്ല രീതിയിൽ മഴവെള്ളത്തെ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.

ക്ഷാമ പ്രദേശങ്ങളിൽ കുടിവെള്ളത്തിനും കാലിത്തീറ്റയ്ക്കും ഏർപ്പാടു ചെയ്യുക.

ഗ്രാമതലത്തിൽ ക്ഷാമ നിവാരണത്തിന് പദ്ധതി തയ്യാറാക്കുക.

ക്ഷാമ പ്രദേശങ്ങളിലേയ്ക്ക് ആഹാര സാധനങ്ങളെ ഇറക്കുമതി ചെയ്ത് എത്തിക്കുക.

## ചുഴലിക്കാറ്റ്

ചുഴലിക്കാറ്റ് എന്നത് ഉഗ്രമായി ചുറ്റുന്ന കാറ്റിന്റെ നിരയാണ്. അത് ഫണലാകൃതിയിൽ ആകാശത്തിൽ നിന്നും കാർമേഘ പടലത്തെ ഭൂമിയിലേയ്ക്ക് എത്തിക്കുന്നു. അതിന്റെ വ്യാസം ചില മീറ്റർ മുതൽ ഒരു കിലോമീറ്റർ വരെ വ്യത്യാസപ്പെടുത്തുന്നു. ഇത് മണിക്കൂറിന് 64 കി.മീ. മുതൽ 508 കി.മീ വരെ വേഗത്തിൽ ചുറ്റി സഞ്ചരിക്കുന്നു.

അത് ഭൂമിയിൽ ന്യൂനമർദ്ദം ഉണ്ടാകുന്നതിനാൽ ആവിർഭവിച്ച് വേഗത്തിൽ ചുഴലുന്ന കാറ്റായി മാറുന്നു. ഇവ ശൈത്യകാറ്റും, ഉഷ്ണകാറ്റും കലരുമ്പോൾ ഉണ്ടാകുന്നു. ഇത് ജീവനും വസ്തുക്കൾക്കും കൊടുങ്കാറ്റുപോലെ കനത്ത നാശത്തിനു ഇടയാക്കുന്നു.

1998–ാം മാർച്ച് 24–ാം തിയതി പശ്ചിമ ബംഗാൾ, ഒഡീഷ കടൽ തീരത്ത് ഒരു ചുഴലിക്കാറ്റ് 20 കടലോര ഗ്രാമങ്ങളിൽ വീശുകയും ആ കാറ്റിനാൽ 160 പേർ മരിക്കുന്നതിനും 2000 പേർക്ക് പരിക്കേൽക്കുന്നതിനും ഇടയായി. ഡാൻസൻ പട്ടണത്തിനടുത്തുള്ള ചക്രസിംബർ എന്ന സ്ഥലത്ത് ബോട്ടിൽ യാത്ര ചെയ്തു കൊണ്ടിരിക്കുമ്പോൾ ബോട്ടിനെ20 അടി ഉയരത്തിൽ ഉയർത്തുകയും നദീ തീരത്ത് വന്നിടിച്ചതിന്റെ ഫലമായി 10 പേർ കൊല്ലപ്പെടുകയും ചെയ്തു. ഉരുളക്കിഴങ്ങ്



ടൊർനഡോ

കൊയ്തു കൊണ്ടിരുന്ന 9 കർഷകരെ വേഗത്തിൽ അന്തരീക്ഷത്തിലേയ്ക്കു യർത്തിയതിന്റെയും താഴേയ്ക്കു പതിപ്പിച്ചതിന്റെയും ഫലമായി അവർ മരണപ്പെടുകയുണ്ടായി. ഒരു ബസ്സിൽ യാത്ര ചെയ്തിരുന്ന 50 യാത്രക്കാരെ ശക്തമായക്കാറ്റ് അടുത്തുള്ള കനാലി ലേയ്ക്ക് തള്ളിയതിനാൽ പരിക്കേൽ ക്കുകയുണ്ടായി. ഒഡീഷ യിലുള്ള ബാലസോർ ജില്ലയിൽ ഗബോർഗട്ടാർ എന്ന സ്ഥലത്ത് ഒരു സ്കൂൾ കെട്ടിടത്തിൽ അഭയംപ്രാപിച്ച മുപ്പതോളം കുട്ടികൾ കെട്ടിടം തകർന്ന് മരണമടഞ്ഞു. ചുഴലികാറ്റ് 15,000 വീടുകളെ തറമട്ടമാക്കുകയും 10,000 ജനങ്ങളെ ഭവനരഹിതരാക്കുകയും ചെയ്തു.

**നിങ്ങൾക്കറിയാമോ?**

അമേരിക്കയിൽ ചുഴലിക്കാറ്റിന്, "ടിസ്റ്റർ" (Twister) എന്നു പറയുന്നു. എന്തെന്നാൽ ഇതിന്റെ ഫണലാകൃതിയിലുള്ള മേഘത്തിന്റെ ആകൃതികൊണ്ടാണ്.

## ലഘൂകരണം

ചുഴലിക്കാറ്റിനെമനസ്സിലാക്കിയ ഉടനെജനങ്ങൾ വീട്ടിനുള്ളിൽ ഭദ്രമായ മുറിയിൽ തങ്ങേണ്ടതാണ്.

നിങ്ങൾ വീടിനു പുറത്ത് തങ്ങുക യാണെങ്കിൽ അധികാരികളുടെ സുരക്ഷിത നിർദ്ദേശപ്രകാരം മാത്രമേ വീടിനുള്ളിലേയ്ക്കു പോകാവൂ.

പരിക്കേറ്റവരെയും ബാധിച്ച വരെയും ഉടനെപ്രഥമശുശ്രൂഷ നൽകേണ്ടതാണ്.

## ദുരന്ത നിവാരണം:

വിവിധ തരത്തിലുള്ള ദുരന്തങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ദുരന്തത്തെ നേരിടുന്നതിനുള്ള സജ്ജീകരണ പ്രവർത്തനങ്ങൾ, വരാതെ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ, ദുരിതാശ്വാസം, രക്ഷാപ്രവർത്തനം എന്നിവ ദുരന്ത നിവാരണത്തിൽ ഉൾപ്പെടുന്നു.

ദുരന്തങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വ്യക്തമായ മുന്നറിയിപ്പു നൽകുകയും ജീവനും, സ്വത്തുക്കളും സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിദ്യാഭ്യാസം നൽകേണ്ടതുമാണ്. സ്കൂളുകൾ, കോളേജുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതാണ്.

റേഡിയോ, വർത്തമാന പത്രങ്ങൾ, ടെലിവിഷൻ പരിപാടികൾ എന്നിവകൊണ്ട് പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ച് ബാധിക്കപ്പെട്ട ജനങ്ങൾക്ക് അതിവേഗത്തിൽ സമയോചിതമായ ദുരിതാശ്വാസം എത്തിക്കുന്നതിന് ഗവൺമെന്റിന് ഒരു പ്രവർത്തനപദ്ധതി ഉണ്ടാകേണ്ടതാണ്.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. വരൾച്ച ഉണ്ടാകുന്നതിന് മുഖ്യകാരണം.
   (അ) കുറഞ്ഞതോതിലുള്ള മഴ (ആ) പരിസ്ഥിതി വിനാശം
   (ഇ)കാടുകളെ വളർത്തുന്നത് (ഈ) വ്യവസായ ശാലകൾ
2. ചുഴലിക്കാറ്റുകൾ സർവ്വസാധാരണമായി ഉണ്ടാകുന്നത്
   (അ) ഇന്ത്യ (ആ) ബംഗ്ലാദേശ് (ഇ) ചൈന (ഈ) യു.എസ്.എ.
3. മൺ ചരിവുകൾ ഈ പ്രദേശങ്ങളിൽ ഇടയ്ക്കിടെ ഉണ്ടാകുന്നു.
   (അ) മരുഭൂമി (ആ) വനങ്ങൾ (ഇ) തുന്ദ്രാ പ്രദേശം (ഈ) മലമ്പ്രദേശം
4. സുനാമി എന്ന പദം ഏതു ഭാഷയിൽ നിന്നാണ് ഉണ്ടായത്
   (അ) തമിഴ് (ആ) ഫ്രഞ്ച് (ഇ) ജപ്പാൻ (ഈ) ലാറ്റിൻ
5. താഴെ കൊടുത്തിരിക്കുന്നവയിൽ പ്രകൃതി ദുരന്തം അല്ലാത്തത്
   (അ) അണു വിസ്ഫോടനം (ആ) വനനശീകരണം (ഇ) കാട്ടു തീ (ഈ) മിന്നൽ

### II. പൂരിപ്പിക്കുക

1. അപകടം എന്നത് ഒരു__________
2. ഇന്ത്യയെ ______________ഭൂകമ്പ മേഘലകളായി പിരിച്ചിട്ടുണ്ട്
3. ഇന്ത്യയിൽ സുനാമി മുന്നറിയിപ്പു കേന്ദ്രം __________ൽ സ്ഥാപിച്ചിട്ടുണ്ട്.
4. പാറക്കഷണങ്ങൾ ജലത്തോടുകൂടി ഒലിച്ചുവരുന്നതിന് __________എന്നു പറയുന്നു.
5. ഹിമപ്രവാഹം ഉയർന്ന ____________ ലും__________ലും ഏർപ്പെടുന്നു.

### III. യോജിപ്പിക്കുക

| | | | |
|---|---|---|---|
| 1. | ചുഴലിക്കാറ്റ് | - | അധിക മഴ |
| 2. | കട്ടിയുള്ള പാറക്കുഴമ്പ് | - | ചുറ്റിയടിക്കുന്ന കാറ്റ് |
| 3. | നില ചരിവ് | - | അഗ്നിപർവ്വത സ്പോടനം |
| 4. | വരൾച്ച | - | സുനാമി |
| 5. | ഭൂകമ്പം | - | മഴയുടെ അഭാവം |

### IV. ചുരുക്കി ഉത്തരമെഴുതുക

1. ദുരന്തം എന്നാൽ എന്ത്?
2. ലഘൂകരണം നിർവചിക്കുക?
3. നില ചരിവ് എന്നാൽ എന്ത്?
4. വെള്ളപ്പൊക്കം വരൾച്ച ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?
5. കൊടുങ്കാറ്റിനും ചുഴലിക്കാറ്റിനും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?

### V. വിവരിച്ച് ഉത്തരമെഴുതുക

1. ദുരന്തമെന്നാലെന്ത്? പ്രകൃതി ദുരന്തങ്ങളെക്കുറിച്ചും മനുഷ്യനാൽ ഉണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ചും വിവരിക്കുക.
2. സുനാമി എന്നാൽ എന്ത്? അതിനാൽ പരിസ്ഥിതിയ്ക്കുള്ള ബാധിപ്പുകൾ എന്തെല്ലാം?
3. വെള്ളപ്പൊക്ക ബാധിത പ്രദേശത്തിലെ ലഘൂകരണ പ്രവർത്തനങ്ങൾ ഏവ?
4. വരൾച്ച എന്നാൽ എന്ത്? അതിന്റെ ദോഷങ്ങളെക്കുറിച്ചെഴുതുക.
5. ഇന്ത്യയിലെ ഭൂകമ്പ ബാധിത മേഖലകളെക്കുറിച്ചെഴുതുക.

### VI. ഭൂപട പരിശീലനം

ഇന്ത്യയിലെ ഭൂകമ്പ ബാധിത പ്രദേശങ്ങളെ ഭൂപടത്തിൽ കുറിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. 2011, 2012–ാം ആുകളിൽ ഇന്ത്യയിൽ ബാധിക്കപ്പെട്ട ഭൂകമ്പങ്ങളെപ്പറ്റി ഒരു ഉപന്യാസം എഴുതുക.

2. ഡിസംബർ 26, 2004–ൽ സുനാമിയാൽ ബാധിക്കപ്പെട്ട നാശനഷ്ടങ്ങളെയും നിവാരണ പ്രവൃത്തികളുടെയും ചിത്രങ്ങൾ ശേരിച്ച് ഉപന്യാസം തയ്യാറാക്കുക.

3. സമീപകാലത്ത് താനേ കൊടുങ്കാറ്റാൽ ബാധിക്കപ്പെട്ട പ്രദേശങ്ങളെയും തുടർന്നുള്ള നിവാരണ പ്രവൃത്തികളെയും കുറിച്ച് ചർച്ച ചെയ്യുക.

4. വരൾച്ച അനുഭവപ്പെടുന്ന കാലങ്ങളിൽ മഴനീർ ശേഖരണം മൂലം നമ്മെ സംരക്ഷി ക്കാനുള്ള മുഖ്യ പ്രതിവിധിയെന്ന കാര്യത്തെ ആസ്പദമാക്കി പരസ്യവാചക ങ്ങൾ , വിളംബര പലകകൾ എന്നിവ തയ്യാറാക്കുക.

5. ഇന്ത്യയിലെ ഭൂകമ്പബാധിത പ്രദേശങ്ങളെ ഇന്ത്യഭൂപടത്തിൽ അടയാളപ്പെടുത്തുക.

6. നീലഗിരി ജില്ലയിൽ ഉരുൾപൊട്ടൽ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുക. ഉരുൾപൊട്ടൽ തടയാനുള്ള മാർഗങ്ങളെക്കുറിച്ച് നിങ്ങളുടെ നിർദ്ദേശങ്ങളും അനുയോജ്യമായ ചിത്രങ്ങളും ഉൾപ്പെടുന്ന ഒരു ലേഖനം തയ്യാറാക്കുക.

# 2 . മഹാസമുദ്രം – ആമുഖം

മഹാസമുദ്രങ്ങൾ ഭൂമിയിൽ ജീവജാലങ്ങളുടെ നിലനില്പിന് പ്രധാന പങ്ക് വഹിക്കുകയും കാലാ വസ്ഥയുടെ മാറ്റങ്ങൾക്ക് കാരണമായിരി ക്കുകയും ചെയ്യുന്നു. മഹാസമുദ്രങ്ങൾ ധാതു വിഭവങ്ങളുടെകലവറയാണ്. സമുദ്രതീര പ്രദേശങ്ങളും ചെറിയ ദ്വീപുകളും പ്രശ്ന ങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഉദാ : മലിനീകരണം, അളവറ്റ മീൻപിടിത്തം, സമുദ്രതീരങ്ങ ളുടെ തിരോധാനം, സമുദ്ര നിരപ്പിന്റെ ഉയർച്ച, സമുദ്ര ഉപരിതലത്തിൽ ചൂട് വർദ്ധിക്കൽ ഇവയെല്ലാം കരയിലെ ജീവജാലങ്ങൾക്ക് ഭീഷണി യായിരി ക്കുന്നു. മഹാസമുദ്രങ്ങളെക്കുറിച്ച് നമുക്ക് നല്ല അറിവുണ്ടെങ്കിൽ ഭാവിയിൽ സമുദ്രത്തിലുണ്ടാകുന്ന മാറ്റത്തെ മുൻകൂട്ടി അറിയാനും അവയ്ക്ക് പരിഹാരം നേടാനും സാധിക്കും. ക്രമമായ സമുദ്രനിരീക്ഷണം കൊണ്ട് പെട്ടെന്നു ണ്ടായ പ്രകൃതി ദുരന്തങ്ങളായ കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, വരൾച്ച എന്നിവയെ മുൻകൂട്ടി അറിയുവാനും ജനങ്ങൾക്ക് ആപത് ഘട്ടങ്ങളിൽ മുന്നറിയിപ്പ് കൊടുക്കുവാനും സാധിക്കുന്നു.

**നിങ്ങൾക്കറിയാമോ ?**
മഹാസമുദ്രം എന്നവാക്ക് ഗ്രീക്കു ഭാഷയിലെ ഒക്കാനോസ് എന്ന പദത്തിൽ നിന്നും ഉണ്ടായതാണ്. മഹാസമുദ്രം ഉപ്പുവെള്ളത്താൽ നിറഞ്ഞതാണ്. ഉപ്പ് ജലവിഭാഗത്തിന്റെ മുഖ്യഘടകമാണ്.

## സമുദ്രശാസ്ത്രം എന്നാലെന്ത്?

സമുദ്രശാസ്ത്രം എന്നത് വിജ്ഞാനത്തിന്റെ ഒരു പിരിവാണ്. സമുദ്രജലത്തിന്റെ ഭൗതീകവും രസായനവുമായ സവിശേഷതകൾ, സമുദ്രത്തിന്റെ ആഴം, താപം, ഉപ്പുരസം, സമുദ്ര പ്രവാഹം, അല, തിരമാല, സമുദ്രത്തിനടിയിൽ കാണുന്ന ജീവജാലങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു.

ഭൂമിയുടെ ഉപരിതലം ഏകദേശം 70% സമുദ്രത്താൽ മൂടപ്പെട്ടിരിക്കുന്നു. ഭൂമിയിലുള്ള ജലത്തിന്റെ ഏകദേശം 97 ശതമാനവും സമുദ്രങ്ങളിലാണുള്ളത്. വലുതും വിശാലവും ജലത്താൽ മൂടപ്പെട്ടതുമായ പ്രദേശത്തെ മഹാസമുദ്രം എന്നു പറയുന്നു.

ഭൂമി “ജലഗ്രഹം(Water Planet)” എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. ഭൂമിയിലെ മഹാസമുദ്രങ്ങൾ സൗരയൂഥത്തിലെ പ്രത്യേകതയാണ്. സൗരയൂഥത്തിൽ ഭൂമിയിലല്ലാതെ വേറൊരു ഗ്രഹത്തിലും ജലം കാണുന്നില്ല. (സമീപകാലത്ത് ചൊവ്വ ഗ്രഹത്തിലെ കണ്ടുപിടിത്തങ്ങളിൽ നിന്നും അവിടെ ജലം ഉള്ളതായി സംശയിക്കുന്നു) ജീവൻ ആദ്യമായി ഉടലെടുത്തത് സമുദ്രത്തിലാ ണെന്ന് വിശ്വസിക്കുന്നു.


കാലാവസ്ഥയേയും താപത്തേയും ബാധിക്കുന്ന പല പ്രവർത്തികളും ഭൂമിയിലുള്ള മഹാസമുദ്രങ്ങൾ ചെയ്യുന്നു. സൂര്യവികിരണങ്ങളെ വലിച്ചെടുത്ത് ഭൂമിയുടെ താപത്തെ ക്രമീകരിക്കുന്നു. മഹാസമുദ്ര പ്രവാഹങ്ങൾ വലിച്ചെടുത്ത ചൂടിനെ ആഗോളത്തിൽ വിതരണം ചെയ്യുന്നു.

പ്രധാനപ്പെട്ട അഞ്ചു മഹാസമുദ്ര ങ്ങളാണ്. പസഫിക് മഹാസമുദ്രം, അറ്റ്ലാന്റിക് മഹാസമുദ്രം, ഇന്ത്യൻ മഹാസമുദ്രം, ആർട്ടിക് മഹാസമുദ്രം, ദക്ഷിണ മഹാസമുദ്രം തുടങ്ങിയവ. ഇവ കടലുകൾ, ഉൾക്കടലുകൾ, ജലസന്ധി, ചാനലുകൾ എന്നിവ വഴി ഒന്നിനൊന്ന് ബന്ധപ്പെട്ടിരിക്കുന്നു.

## പസഫിക് മഹാസമുദ്രം

ലോകത്തിലെ ഏറ്റവും വലുതും ആഴം കൂടിയതുമായ സമുദ്രമാണ് പസഫിക് മഹാസമുദ്രം. ഇത് ത്രികോണാകൃതിയിൽ ഭൂമിയുടെ ഉപരിതലത്തിൽ 33% വും മൂടി കിടക്കുന്നു.

## ലോകത്തിലുള്ള സമുദ്രങ്ങളും, കടലുകളും



ഇതിന്റെ ശരാശരി ആഴം 5,000 മീറ്ററാണ്. ഇതിന് പടിഞ്ഞാറ് ഏഷ്യ ആസ്ത്രേലിയ, കിഴക്ക് വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, തെക്ക് അന്റാർട്ടിക്ക എന്നിവ അതിർത്തികളായി കാണപ്പെടുന്നു.

ലോകത്തിലെ ്ഏറ്റവും ആഴം കൂടിയ കടൽ തെക്കേ പസഫിക് സമുദ്രത്തിലെ ചലഞ്ചർഡീപ്പ് (മറിയാന ട്രഞ്ച്) ആണ്. ഇതിന്റെ ആഴം 11,933 മീറ്ററാണ്. തെക്കേ പസഫിക് സമുദ്രത്തിൽ 20000 ദ്വീപുകൾ ഉണ്ട്. അവയിൽ പ്രശസ്തിയാർജ്ജിച്ചവ ന്യൂസ്ലാന്റ്, ഇൻഡോനേഷ്യ, ജപ്പാൻ, ഹവായ് എന്നിവയാകുന്നു.

## അറ്റ്ലാന്റിക് മഹാസമുദ്രം

അറ്റ്ലാന്റിക് മഹാസമുദ്രം 'ട' ആകൃതിയിൽ കാണപ്പെടുന്നു. ഇത് ഭൂമിയുടെ ആകെ വിസ്തൃതിയിൽ 16.5% ആണ്. ഇതിന്റെ വിസ്തൃതി പസഫിക് മഹാസമുദ്രത്തിന്റെ 50% ആണ്. ഇതിന്റെ പടിഞ്ഞാറ് ഭാഗത്ത് വടക്കെ അമേരിക്കയും, തെക്കേ അമേരിക്കയും, കിഴക്ക് ഭാഗത്ത് യൂറോപ്പും ആഫ്രിക്കയും സ്ഥിതിചെയ്യുന്നു.
ഗ്രീൻലാന്റ്, ബ്രിട്ടീഷ് ദ്വീപുകൾ (ആൃശശേവെ കഹെലെ) ന്യൂഫൗണ്ട് ലാന്റ്, വെസ്റ്റിൻഡീസ്, കേപ്പ് വെർഡീസ് (ഇമുല ഢലൃറല) ക്യാനറീസ് (ഇമിമൃശലെ) തുടങ്ങിയവ ഈ സമുദ്രത്തിൽ കാണപ്പെടുന്ന പ്രധാനദ്വീപുകളാണ്. അറ്റ്ലാന്റിക് മഹാസമുദ്രത്തിലെ വാണിജ്യ മാർഗ്ഗം ലോകത്തിലെ ഏറ്റവും തിരക്കേറിയതാണ്.

## ഇന്ത്യൻ മഹാസമുദ്രം

ലോകത്തിന്റെ മൊത്തസമുദ്ര വിസ്തൃതിയുടെ 20% ആണ് ഇന്ത്യൻ മഹാസമുദ്രം. ഇതിന്റെ വടക്ക് ഇന്ത്യ പാകിസ്ഥാൻ ഇറാൻ എന്നീ രാജ്യങ്ങളും കിഴക്ക് ആസ്ത്രേലിയ, സുന്താദ്വീപുകൾ, മലേഷ്യ എന്നീ രാജ്യങ്ങളും പടിഞ്ഞാറ് അറേബ്യൻ ഉപദ്വീപ്, ആഫ്രിക്ക എന്നീ രാജ്യങ്ങളും സ്ഥിതിചെയ്യുന്നു. ഇതിന്റെ തെക്കുപടിഞ്ഞാറ് ഭാഗം അറ്റ്ലാന്റിക് മഹാസമുദ്രത്തോട് ചേർന്ന് ആഫ്രിക്കയുടെ തെക്കെ മുനമ്പുമായി സന്ധിക്കുന്നു. ഇതിന്റെ തെക്കുപടിഞ്ഞാറ് ഭാഗം അറ്റ്ലാന്റിക് മഹാസമുദ്രത്തോട് ചേർന്ന് ആഫ്രിക്കയുടെ തെക്കെ മുനമ്പുമായി സന്ധിക്കുന്നു. കിഴക്കും തെക്കു കിഴക്കുഭാഗവും പസഫിക് സമുദ്രത്തോട് ചേരുന്നു. ഇതിന്റെ ശരാശരി ആഴം 4000 മീറ്ററാണ്. ആൻഡമാൻ-നിക്കോബർ, മാലദ്വീപുകൾ, മഡഗാസ്ക്കർ, ശ്രീലങ്ക, സുമാട്രാ, ജാവാ എന്നിവ ഇൻഡ്യൻ മഹാസമുദ്രത്തിലെ അറിയപ്പെടുന്ന ദ്വീപുകളാണ് ഇത് ഒരു രാജ്യത്തിന്റെ പേരിലറിയപ്പെടുന്ന ഏകസമുദ്രമാണ്. ഈ സമുദ്രമാർഗ്ഗം വളരെ പണ്ടുകാലം മുതൽക്കെ കച്ചവടക്കാർക്ക് സുപരിചിതമാണ്.

## അന്റാർട്ടിക് മഹാസമുദ്രം

അന്റാർട്ടിക് ഭൂഖണ്ഡങ്ങളെ ചുറ്റി സ്ഥിതിചെയ്യുന്ന ലോകത്തിലെ നാലാമത്തെ വലുതും തണുപ്പുകൂടിയതും തെക്കെ അറ്റത്ത് കാണപ്പെടുന്നതുമായ മഹാസമുദ്രമാണിത്. ഇതിനെതെക്കൻ മഹാസമുദ്രം എന്നു വിളിക്കപ്പെടുന്നു. അലക്സാണ്ടർ ദ്വീപുകൾ, ബെല്ലിനി ദ്വീപുകൾ, റോസ്സ് ദ്വീപുകൾ എന്നിവ ഈ സമുദ്രത്തിലെ പ്രധാനദ്വീപുകളാണ്. ഈ സമുദ്രത്തിന്റെ ശരാശരി ആഴം 4500 മീറ്ററാണ്. ഇതിന്റെ ഉഷ്ണനില 2° മുതൽ 10° വരെ വ്യത്യാസം കാണപ്പെടുന്നു. കുളിർകാലത്ത് ഇതിന്റെ പകുതിക്കുമേൽ ഭാഗം മഞ്ഞ്കൊണ്ട് മൂടപ്പെട്ടിരിക്കുന്നു.

## ആർട്ടിക് മഹാസമുദ്രം

ആർട്ടിക് മഹാസമുദ്രം ഏകദേശം വൃത്താകൃതിയിൽ സ്ഥിതിചെയ്യുന്നു. ഇതിന്റെ മൊത്ത വിസ്തീർണ്ണം 14000 മില്ല്യൻ (Square Kilometre) സ്ക്വയർ കിലോമീറ്ററാണ്. ഇതിന്റെ ശരാശരി ആഴം 4000 മീറ്ററാണ്. വിക്ടോറിയ ദ്വീപുകൾ എലിസബത്ത് ദ്വീപുകൾ (Iceland) അയിസ്സ്ലേന്റ്, സ്പിറ്റ്സ് ബെർഗൺ (Spitesbergen) നോവഗാ സോമ്ലിയാ തുടങ്ങിയവ പ്രധാനദ്വീപുകളാണ്.

## ലോകത്തിലുള്ള കടലുകൾ

ഈ മഹാസമുദ്രത്തിൽ ധാരാളം

ഉൾക്കടലുകൾ കാണപ്പെടുന്നു. ഇതിനെകടലുകൾ എന്ന് പറയപ്പെടുന്നു. ഈ കടലുകൾ സാധാരണയായി നിലത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. തെക്കെ ചൈനാക്കടൽ, കരീബിയൻ കടൽ, മെഡിറ്ററേനിയൽ കടൽ തുടങ്ങിയവ ലോകത്തിലെ പ്രധാനകടലുകളാണ്.

## സമുദ്ര അടിത്തട്ടിന്റെ ഉപരിതല വിവരണം

മഹാസമുദ്രത്തിന്റെ രൂപം ആരംഭിക്കുന്നത് കടൽതീര അതിർത്തിയിൽ വെള്ളം കരയിൽ വന്ന് തൊടുന്നത് മുതലാണ്. സമുദ്രതീര അതിർത്തി അസ്ഥിരമാണ്. എന്തെന്നാൽ ഓരോ തിരമാലയും വേലിയേറ്റത്തിനനുസരിച്ച് സമുദ്രതീരം മാറിക്കൊണ്ടിരിക്കുന്നു. സമുദ്ര അടിത്തട്ടിന്റെ ഭൂപ്രകൃതിയെ 3 ആയി പിരിക്കാം. അ. ഭൂഖണ്ഡത്തട്ട് ആ. ഭൂഖണ്ഡചരിവ് ഇ. ആഴക്കടൽ സമതലം


## ഭൂഖണ്ഡത്തട്ട്

ഭൂഖണ്ഡത്തട്ട് എന്ന് പറയുന്നത് ആഴം കുറഞ്ഞ് കരയോട് ചേർന്ന ഭാഗമാണ് ഇതിന്റെ ആഴം 100 മീറ്ററാണ് ഈ തട്ടിന്റെ വ്യാപനം നൂറടി മുതൽ 200 മൈലുകൾ വരെ ഖണ്ഡത്തിന്റെ ചരിവിനെ ആശ്രയിച്ചിരിക്കുന്നു. ഭൂഖണ്ഡത്തട്ടുകൾ മത്സ്യബന്ധനത്തിന് അനുയോജ്യമായതാണ്. എന്തെന്നാൽ ഈ പ്രദേശങ്ങളിൽ മത്സ്യാഹാര സസ്യങ്ങളായ പ്ലവർഗ്ഗങ്ങൾ (പ്ലാങ്ങ്ടൺ) ധാരാളം കാണുന്നു. ഉദാഹരണമായി ഗ്രാന്റ് ബാങ്ക്സ്, ഫിഷർ ബേങ്ക് ഡോഗർ ബാങ്ക് എന്നിവ. ഈ തീരങ്ങൾ എണ്ണപ്പാടങ്ങളായി അറിയപ്പെടുന്നു. ഉദാ : മുംബൈ ഹൈ

## ഭൂഖണ്ഡചരിവ്

ഭൂഖണ്ഡചരിവുകൾ എന്നത് വളരെ ചെങ്കുത്തായ ചരിവുകളാണ്. ഇവ ഭൂഖണ്ഡത്തട്ടുകളെ ആഴക്കടൽ സമതലങ്ങളൊട് ബന്ധിച്ചിരിക്കുന്നു. ഭൂഖണ്ഡചരിവിനേയും ഭൂഖണ്ഡത്തിനേയും ചേർത്ത് "ഭൂഖണ്ഡ അതിര്" എന്ന് പറയുന്നു. ഭൂഖണ്ഡചരിവിന്റെ ശരാശരി ആഴം ഏകദേശം 155 മീറ്റർ ആകുന്നു.

ക്രമരഹിതമായ സമുദ്രതീരങ്ങളും ആഴം കൂടിയ ഭൂഖണ്ഡചരിവുകളും തുറമുഖങ്ങൾ രൂപീകരിക്കുന്നതിൽ സുപ്രധാനപങ്ക് വഹിക്കുന്നു. ഉദാഹരണമായി കൊച്ചിതുറമുഖം




മഹാസമുദ്രത്തിന്റെ നില ഘടന

സാമൂഹ്യ ശാസ്ത്രം

മുംബൈ, ഭൂഖണ്ഡചരിവിനെ സൂചിപ്പിക്കുന്നത് സമുദ്രജലപ്രവാഹങ്ങൾ, ചെങ്കുത്തുകൾ ജലാന്തർഭാഗത്തെ മണൽച്ചരിവുകൾ എന്നിവയാണ്.

ആഴക്കടൽ സമതലങ്ങൾ നിരപ്പായതും ചെറുകുന്നുകൾ നിറഞ്ഞവയുമാണ്. ഈ സമതലങ്ങൾ കടൽജീവികളുടെ അവശിഷ്ടങ്ങൾ അടങ്ങിയ ചീഞ്ഞഴിഞ്ഞ പദാർത്ഥങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു. സമുദ്രമദ്ധ്യത്തിലുള്ള മലനിരകൾ ഭൂഖണ്ഡചലനത്താൽ രൂപം കൊണ്ടവയാണ്.


### കടൽപ്പാറകൾ

കടൽപ്പാറകൾ എന്നത് സമുദ്രത്തിനടിയിൽ അഗ്നി പർവ്വതസ്ഫോടനങ്ങൾ ഉണ്ടാകുമ്പോൾ രൂപം കൊള്ളുന്നതാണ്. കടൽപ്പാറ വെള്ളത്തിന്റെ ഉപരിതലത്തേയും ഭേദിച്ചു മുകളിൽ പ്രത്യക്ഷമാകുമ്പോൾ അതിനെദ്വീപ് എന്നു പറയുന്നു. ഈ ദ്വീപുകൾക്ക് അരിപ്പ് ഏർപ്പെട്ട് അത് ജലത്തിനടിയിലേക്ക് വഴുതിപ്പോകുന്നു. ഇപ്രകാരം വഴുതിപ്പോകുന്ന കടൽ ദ്വീപിന്റെ ഭാഗത്തെ ഗയോട്ട് (Gayot) എന്ന് പറയുന്നു.

സമുദ്രഗർത്തങ്ങൾ എന്നത് സമുദ്രങ്ങളിലെ ഏറ്റവും ആഴമേറിയ സ്ഥലങ്ങളാണ്. ഇവ രണ്ടു ഭൂഖണ്ഡ തട്ടുകൾ കൂട്ടിമുട്ടുമ്പോൾ ഭാരമേറിയ തട്ട് ഭാരം കുറഞ്ഞ തട്ടിനെഅടിയിലേക്ക് താഴ്ത്തുന്നതിനാൽ ഉണ്ടാകുന്നതാണ്.

### ഹൈഡ്രോളജിക്കൽ സൈക്കിൾ അഥവാ ജലചക്രം

ജലചക്രം എന്നത് ഭൂമിയിൽ നിന്നും ആകാശത്തിലേക്ക് പോകുന്ന ജലം വീണ്ടും ഭൂമിയിലേക്ക് തിരിച്ച് വരുന്ന ജലത്തിന്റെ സഞ്ചാരമാണ്. സൂര്യതാപത്താൽ സമുദ്രങ്ങൾ തടാകങ്ങൾ എന്നിവകളിലെ ജലം ആവിയാകുന്നു. കൂടാതെ സസ്യങ്ങൾ പ്രകാശസംശ്ലേഷണ രീതിയിലൂടെ ജലത്തെ അന്തരീക്ഷത്തിലേക്ക് പുറം തള്ളുന്നു. ഈ പ്രക്രിയയാണ് സസ്യസ്വേദനം. ഈ നീരാവി ക്രമേണ ഘനീഭവിച്ച് ചെറിയ ജലകണങ്ങളായി മേഘങ്ങൾ രൂപം കൊള്ളുന്നു. ഈ മേഘങ്ങൾ സംപൂരിതമാകുമ്പോൾ



ജലചക്രം

ഘനീഭവിച്ച് മഴയായി പെയ്യുന്നു. ഈ ജലം മണ്ണിനെകുതിർപ്പിക്കുകയും പാറകൾക്കും, കളിമൺ പാളികൾക്കുമിടയിൽ കെട്ടിനിൽക്കുന്നു. ഇതിനെഭൂഗർഭജലം എന്ന് പറയുന്നു. ഇതിൽ ഭൂരിഭാഗം ജലവും മലഞ്ചരിവുകളിലൂടെ ഒഴുകിപ്പോവുകയും ക്രമേണ സമുദ്രത്തിലെത്തി ഉപ്പുവെള്ളമായിത്തീരുകയും ചെയ്യുന്നു.

സമുദ്രത്തിൽ സോഡിയം ക്ലോറൈഡ്, മെഗ്നീഷ്യം ക്ലോറൈഡ്, മെഗ്നീഷ്യം സൾഫേറ്റ്, ക്യാൽസ്യം സൾഫേറ്റ്, പൊട്ടാസ്യം സൾഫേറ്റ്, ക്യാൽസ്യം കോർബണേറ്റ് മെഗ്നീഷ്യം ബ്രോമൈഡ്.

### എന്തുകൊണ്ടാണ് സമുദ്രജലത്തിൽ ഉപ്പുരസം കാണുന്നത്

നദികളിലൂടെ ജലം ഒഴുകുമ്പോൾ അത് പാറകൾ, നദീതടമണ്ണ് എന്നിവയിൽ നിന്നും ചെറിയ അളവ് ലവണാംശങ്ങളെ വലിച്ചെടുക്കുന്നു. ഈ ചെറിയ അളവ് ഉപ്പുജലം കടലിലോ സമുദ്രങ്ങളിലോ എത്തിച്ചേരുന്നു. സൂര്യപ്രകാശത്താൽ ജലം മാത്രം ആവിയാകുന്നു. ഉപ്പുമാത്രം കടലിൽ തന്നെ നിലകൊള്ളുന്നു. ഈ പ്രക്രിയ കാലാകാലങ്ങളിൽ തുടർന്ന് നടക്കുന്നതിനാൽ സമുദ്രജലത്തിൽ ഉപ്പിന്റെ അളവ് കൂടികൂടി വരുന്നു.

നിങ്ങൾ കടൽ ജലം രുചിച്ചിട്ടുണ്ടോ?
എന്തുകൊണ്ടാണ് ഉപ്പുരസം കാണുന്നത്.

### ലവണത്വം

ലവണത്വം എന്നത് വെള്ളത്തിൽ

കലർന്നിട്ടുള്ള ഉപ്പിന്റെ അളവാണ്. സമുദ്രത്തിൽ അടങ്ങീട്ടുള്ള ഉപ്പിന്റെ അളവിനെകുറിയ്ക്കാൻ ഉപയോഗിക്കുന്ന സാങ്കേതിക പദമാണ് . ലവണത്വം എന്നത് പൊതുവേ ആയിരത്തിന് എത്രഭാഗം എന്നാണ്. ശരാശരി കടൽജല ലവണത്വം എന്നത് 1kg യ്ക്ക് 35 ഗ്രാം ആകുന്നു.

പ്രായോഗികാഭ്യാസം
ലവണത്വം സമുദ്രത്തിന് സമുദ്രം വ്യത്യാസപ്പെടുന്നത് എന്ത്കൊണ്ട്?

ലവണത്വം അധികമായ വെള്ളം ഉള്ളത് ചാവ്കടൽ, ചെങ്കടൽ, പേർഷ്യൻ ഉൾക്കടൽ എന്നിവിടങ്ങളിലാണ് ഇവിടത്തെ ലവണത്വം ഒരുകിലോമീറ്ററിന് 40 ഗ്രാം ആണ്. (ഇത് എന്തെന്നാൽ വലിയ അളവ് ബാഷ്പീകരണവും ചെറിയ അളവ് ശുദ്ധജല പ്രവേശനവുമാണ്. ലവണത്വം കുറവായ കടലുകൾ ലവണ പ്രദേശങ്ങളിൽ കാണുന്നു. ഇവിടെ വലിയ അളവിൽ മഞ്ഞ് ഉണ്ടാകുന്നതിനാലും ധാരാളം മഴ ലഭിക്കുന്നതിനാലും ലവണത്വം കുറയുന്നു.

പ്രായോഗികാഭ്യാസം
അയനമണ്ഡലങ്ങളിൽ ഉള്ള ഉൾക്കടലുകളിൽ ലവണത്വം അധികമാകാൻ കാരണമെന്ത്? എന്തുകൊണ്ട്?

## മഹാസമുദ്രത്തിലെ ഊഷ്മാവ്

മഹാസമുദ്രങ്ങളിലെ ഊഷ്മാവ് ജൈവശാസ്ത്ര സവിശേഷതകളെ നിയന്ത്രിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നു. മഹാസമുദ്രങ്ങളിലെ ഊഷ്മാവ് സമുദ്രജല പ്രവാഹത്തിനും മറ്റു ജലചലനത്തിനും കാരണമാകുന്നു. മഹാസമുദ്രത്തിന് സൗരോർജ്ജത്തെ ശേഖരിക്കുന്നതിനുള്ള വലിയശേഷി ഉള്ളതിനാൽ അവ ഭൂമിയിലെ താപത്തെ സമാനമായി നിലനിറുത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. ഭൗമോപരിതലം വേഗം ചൂടാവുകയും വേഗം തണുക്കുകയും ചെയ്യുന്നു. എന്നാൽ ജലം സാവധാനം ചൂടാകുകയും സാവധാനം തണുക്കുകയും ചെയ്യുന്നു. കരയുടേയും കടലിന്റേയും താപവ്യത്യാസം ഭൗമോപരിതലത്തിൽ വ്യത്യാസങ്ങളായ കാലാവസ്ഥ ഉണ്ടാകുന്നതിന് കാരണമാകുന്നു.

മഹാസമുദ്രത്തിലെ ഉപരിതല ഊഷ്മാവ് അക്ഷാംശം, സമുദ്ര പ്രവാഹം, കാറ്റിന്റെ നില, പ്രാദേശിക കാലാവസ്ഥ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നു.

## തിരമാലകൾ

കടലിലെ ജലം എല്ലായ്പ്പോഴും മുകളിലോട്ടും താഴോട്ടും ചലിക്കുന്നു. ഈ ചലനത്തെ തിരമാലകൾ എന്ന് പറയുന്നു. തിരമാലകൾ ഉണ്ടാകുന്നതിന് കാറ്റ് ഒരു പ്രധാനകാരണമാണ്. കൂടുതൽ തിരമാലകളുംകാറ്റിനാൽ ഉണ്ടാക്കപ്പെടുന്നവയാണ്.

## സമുദ്രജലപ്രവാഹങ്ങൾ

വലിയൊരളവ് ഉപരിതല സമുദ്രജലം ഒരു നിശ്ചിത ദിശയിൽ സാധാരണയായി ചലിക്കുന്നതിനെയാണ് സമുദ്രജലപ്രാഹം എന്ന് പറയുന്നത്.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ സമുദ്രജലപ്രവാഹം എന്നത് പ്രാധാന്യമുള്ളതും, തിരശ്ചീനമായതും നിരന്തരമായതുമായ കടൽജല പ്രവാഹമാണ്. സമുദ്രജലപ്രവാഹങ്ങൾ നദികളെപ്പോലെ ഒരു നിശ്ചിത പ്രാഹത്തിൽ ഒരു നിശ്ചിത പാതയിലൂടെ ഒഴുകുന്നു. സമുദ്രപ്രവാഹങ്ങൾ രണ്ട് വിധത്തിലുണ്ട്. ഉഷ്ണജല പ്രവാഹങ്ങൾ, ശീതജല പ്രവാഹങ്ങൾ. ഉഷ്ണജലപ്രവാഹം ഭൂമദ്ധ്യരേഖാ പ്രദേശത്ത് നിന്നാരംഭിച്ച് ധ്രുവങ്ങളിലേക്ക് പ്രവഹിക്കുന്നു. ശൈത്യജല പ്രവാഹങ്ങൾ ധ്രുവങ്ങളിൽ നിന്നാരംഭിച്ച് ഭൂമദ്ധ്യരേഖാ പ്രദേശത്തേയ്ക്ക് ഒഴുകുന്നു.

## സമുദ്രജലപ്രവാഹങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ

1. ഊഷ്മവ്യത്യാസം
2. സമുദ്രജല സാന്ദ്രത (ലവണത്വം)
3. കാറ്റും അന്തരീക്ഷ മർദ്ദവും
4. കോറിയോലിസ്ബലം
5. ഭൂഗുരുത്വാകർഷണബലം
6. പടിയലും, ബാഷ്പീകരണവും
7. ഹിമനദികളുടെ പ്രവാഹം,

സാമൂഹ്യ ശാസ്ത്രം

ബാഷ്പീകരണം
മഞ്ഞുരുകൽ

## വേലിയേറ്റവും വേലിയിറക്കവും

കടൽജലത്തിന്റെ ഉയർച്ചയേയും താഴ്ചയേയും വേലിയേറ്റം എന്നു പറയുന്നു. ഇത് ഒരു ദിവസം രണ്ടു പ്രാവശ്യം സംഭവിക്കുന്നു. ഇത് സൂര്യന്റെയും ചന്ദ്രന്റെയും ഭൂമിയുടെ മേലുള്ള ഗുരുത്വാകർഷണ ശക്തിയാൽ ആറുമണിക്കൂർ ഇടവിട്ട് സംഭവിക്കുന്നു. കടൽജലം ഉയരുന്ന തിനെ വേലിയേറ്റം(High Tide) എന്നും കടൽജലം താഴുന്നതിനെവേലിയിറക്കം(Low Tide) എന്നും പറയുന്നു.

സ്പ്രിംഗ് റ്റൈഡ്(Springtide) പൗർണ്ണമി ദിവസവും, അമാവാസി ദിവസവും ഏർപ്പെടുന്നു. ഇത് സൂര്യനും ചന്ദ്രനും ഭൂമിയും ഒരേ നേർരേഖയിൽ വരുന്നതിനാൽ സൂര്യചന്ദ്രൻമാരിൽ നിന്നുള്ള കൂടുതൽ ആകർഷണത്താൽ ഉണ്ടാകുന്നു.

അതുപോലെ ചന്ദ്രന്റെ ആദ്യ ത്തേയും മൂന്നാമത്തേതുമായ കാൽ ഭാഗത്തിൽ സമുദ്രജലം അധികം ഉയരുകയും താഴുകയും ചെയ്യുന്നതിനെനീപ്പ് വേലിയിറക്കം (Neaptide) എന്നു പറയുന്നു. ഇത് സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നിവ സമകോണിൽ വരുന്നതിനാൽ കുറഞ്ഞ അളവ് ഗുരുത്വാകർഷണ ബലം ഉണ്ടാകുന്നതിനാലാണ് സംഭവിക്കുന്നത്.

**പ്രായോഗികാഭ്യാസം**
**സമുദ്രവിഭവങ്ങളുടെ പട്ടിക തയ്യാറാക്കുക.**


## മനുഷ്യജീവിതത്തിൽ സമുദ്രങ്ങളുടെ സ്വാധീനം

മനുഷ്യന്റെ ഭൗതീക പരിസ്ഥിതിയിൽ സമുദ്രങ്ങൾ ഒരു സുപ്രധാനപങ്കുവഹിക്കുന്നു. സമുദ്രങ്ങൾ പല വിധത്തിൽ മനുഷ്യനെസ്വാധീനിക്കുന്നു. മനുഷ്യൻ അനുഭവിക്കുന്ന കാലാവസ്ഥ ശ്വസിക്കുന്ന ആക്സിജൻ, കഴിക്കുന്ന ഭക്ഷണം, ജീവിക്കുന്ന സാമൂഹിക സാമ്പത്തിക, രാഷ്ട്രീയ സൈനീക മേഖലകൾ എന്നിവയിൽ സമുദ്രങ്ങൾ സ്വാധീനം ചെലുത്തുന്നു.

പ്രോട്ടീൻ അടങ്ങിയ മത്സ്യാഹാരത്തിനുവേണ്ടി നാം കടലുകളെ ആശ്രയിക്കുന്നു. സ്വർണ്ണം വെള്ളി, മെഗ്നീഷ്യം, പെട്രോളിയം, മുത്ത് എന്നീ വിലപിടിപ്പുള്ള ധാതുക്കൾ കടലിലുണ്ട്. ഇവ കൂടാതെ മെഗ്നീഷ്യം, ബ്രോമിൻ, സോഡിയം ക്ലോറൈഡ് എന്നി ധാതുക്കളും സമുദ്രജലത്തിൽ അടങ്ങിയിട്ടുണ്ട്. സമുദ്രത്തിൽ നിന്നും നിർമ്മാണ സാമഗ്രികളായ മണൽ, ചെറുകല്ലുകൾ, കക്ക എന്നിവ കൂടാതെ ചെറിയ തോതിൽ വജ്രാംശവും ആഴക്കടൽ ഗ്രാവലിൽ നിന്നും ലഭിക്കുന്നു.

ലോകത്തിലെ മൊത്ത പെട്രോളിയ ഉല്പന്നങ്ങളുടെ 17% വും കടൽത്തീര എണ്ണക്കിണറുകളിൽ നിന്നും ലഭിക്കുന്നു. സമുദ്രങ്ങൾ ശക്തി ഉറവിടങ്ങളാണ്. സമുദ്രത്തിലെ താപശക്തി സൂര്യനിൽ നിന്നും സമുദ്രജല പ്രവാഹങ്ങളിൽ നിന്നും താപത്തെ ആഗിരണം ചെയ്ത് അതിനെവൈദ്യുതിയാക്കിമാറ്റുന്നു. ഈ പ്രക്രിയയെ സമുദ്ര താപോർജ്ജമാറ്റം (OTEC-Ocean Thermal Energy Conversion)എന്നു പറയുന്നു.

## ലോകത്തിലെ പ്രധാന സമുദ്രജലപ്രവാഹങ്ങൾ




## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. അധിക അളവിൽ ജലമുള്ളതും ഭൂഖണ്ഡങ്ങളാൽ ചുററപ്പെട്ടതുമായ ജലവിഭാഗത്തെ ____________എന്നു പറയുന്നു.
   (അ) മഹാസമുദ്രം (ആ) കടൽ (ഇ) ജലസന്ധി (ഈ) ഉൾക്കടൽ
2. അറ്റ്ലാന്റിക് മഹാസമുദ്രം ______________ ആകൃതിയിൽ വ്യാപിച്ച് കിടക്കുന്നു
   (അ) 'L' (ആ) 'S' (ഇ) 'U' (ഈ) 'O'
3. ഗുരുത്വാകർഷണ ശക്തിയാൽ രണ്ടു പ്രാവശ്യം കടൽജലം ഉയരുകയും താഴുകയും ചെയ്യുന്ന പ്രക്രിയയെ ____________ എന്നു പറയുന്നു.
   (അ) വേലിയേറ്റം, വേലിയിറക്കം (ആ) സമുദ്രജലപ്രവാഹം (ഇ) സുനാമി (ഈ) തിരമാലകൾ
4. ജലത്തിനടിയിലെ പാറയിൽ പീഠാകൃതിയുള്ള രൂപത്തെ____________എന്നു പറയുന്നു
   (അ) ഗയോട്ട് (ആ) ആഴക്കടൽ സമതലം (ഇ) സമുദ്രപർവ്വതം (ഈ) സമുദ്രവക്ക്
5. ഹൈഡ്രോളജിക്കൽ സൈക്കിൾ എന്നത്____________ എന്ന പേരിൽ അറിയപ്പെടുന്നു
   അ) ഹൈഡ്രജൻ ചക്രം ആ) ഓക്സിജൻ ചക്രം
   ഇ) ജലചക്രം ഈ) കാർബൺ ചക്രം

### II. പൂരിപ്പിക്കുക

1. ഭൂമിയുടെ അപരനാമം____________
2. പസഫിക്ക സമുദ്രത്തിലുള്ള ആഴം കൂടിയ ഗർത്തം ____________
3. കരയാൽ ചുറ്റപ്പെട്ട ജലവിഭാഗം ____________ എന്നു പറയുന്നു.
4. ആഴക്കടൽ സമതലങ്ങൾ ____________നാൽ മൂടപ്പെട്ടിരിക്കുന്നു.
5. ____________കാരണത്താൽ തിരമാലകൾ ഉണ്ടാകുന്നു.

### III. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. ലവണത്വം എന്നാലെന്ത്?
2. സമുദ്രജല പ്രവാഹങ്ങൾ എന്നാലെന്ത്?
3. തിരമാലകൾ എങ്ങനെയുണ്ടാകുന്നു?
4. മഹാസമുദ്ര ശാസ്ത്രം എന്നാലെന്ത്?
5. സമുദ്ര വിഭവങ്ങളുടെ പേരുകൾ എഴുതുക?

## IV. വിവരിച്ച് ഉത്തരമെഴുതുക.

1. ഇന്ത്യൻ മഹാസമുദ്രത്തെക്കുറിച്ച് വിവരിക്കുക.
2. ഭൂഖണ്ഡത്തട്ട്, ഭൂഖണ്ഡ ചരിവ് എന്നിവയെ കുറിച്ചെഴുതുക.
3. ജലചക്രം എന്നാലെന്ത്? വിവരിക്കുക.
4. വേലിയേറ്റം, വേലിയിറക്കം എന്നിവയെപ്പറ്റി വിവരിക്കുക.
5. ലോകത്തുള്ള മഹാസമുദ്രങ്ങളെക്കുറിച്ച് വിവരിക്കുക.
6. സമുദ്രങ്ങളുടെ ലവണത്വത്തെക്കുറിച്ചെഴുതുക.

## V. ഭൂപട പരിശീലനം.

1. ലോകഭൂപടത്തിൽ മഹാസമുദ്രങ്ങൾ, കടലുകൾ എന്നിവ അടയാളപ്പെടുത്തുക.
2. ലോകഭൂപടത്തിൽ ഉഷ്ണജലപ്രവാഹം, ശീതജലപ്രവാഹം എന്നിവ കുറിക്കുക.

### രൂപീകരണ മൂല്യനിർണ്ണയം

1. മഹാസമുദ്രങ്ങൾ, കടലുകൾ എന്നിവയെ ലോകഭൂപടത്തിൽ കുറിക്കുക.

2. ഭൂഖണ്ഡത്തട്ടുകൾ ഈ നാട്ടിൽ കാണപ്പെട്ടാൽ അതിന്റെ നന്മതിന്മകളെക്കുറിച്ച് ഒരു സംവാദം നടത്തുക.

3. മഹാസമുദ്രജല പ്രവാഹങ്ങളെപ്പറ്റിയ മാതൃക തയ്യാറാക്കുക.

4. വേലിയേറ്റം, വേലിയിറക്കം എന്നിവയെ കാണിക്കുന്ന ചിത്രം വരക്കുക.

5. ലോകത്തിലെ പ്രധാനപ്പെട്ട ജലപ്രവാഹങ്ങളെ ലോകഭൂപടത്തിൽ കുറിക്കുക.

# 1.ഐക്യരാഷ്ട്ര സംഘടന

രണ്ടാം ലോകമഹായുദ്ധം ക്രി.പി 1939 മുതൽ ക്രി.പി. 1945 വരെ നീണ്ടുനിന്നു. ഇത് ഒന്നാം ലോക മഹായുദ്ധത്തേക്കാളും വിനാശകരമായിരുന്നു. അൻപത് മില്യനിലധികം ജനങ്ങൾക്ക് ജീവഹാനി സംഭവിച്ചു. ഒന്നാംലോകമഹായുദ്ധത്തിനുശേഷം സുരക്ഷക്കും സമാധാനത്തിനും വേണ്ടി രൂപീകരിച്ച സർവ്വരാഷ്ട്ര സഖ്യം രണ്ടാം ലോകമഹായുദ്ധം ഉണ്ടാകുന്നതിനെതടയുന്നതിൽ പരാജയപ്പെട്ടു.

അമേരിക്കൻ ഐക്യനാടുകൾ, സോവിയറ്റ് റഷ്യ, ബ്രിട്ടൺ എന്നീ രാജ്യങ്ങൾ ലോകസമാധാനം നിലനിറുത്തുന്നതിനു വേണ്ടി ഒരു ആഗോള സംഘടനരൂപീകരിക്കുന്നതിന്റെ ആവശ്യകതയെ മനസ്സിലാക്കി. ഈ അവബോധം ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണത്തിന് വഴിതെളിച്ചു.

## ഐക്യരാഷ്ട്ര സംഘടനയുടെ ഉത്ഭവവും പ്രരംഭ പദ്ധതികളും

1939-ൽ അമേരിക്കൻ ഐക്യനാടുകളുടെ വിദേശ മന്ത്രാലയത്തിന്റെ കീഴിൽ പുതിയ ലോകസംഘടനയ്ക്കായി ഒരു ഉറച്ച പദ്ധതി ആരംഭിച്ചു. അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ളിൻ ഡി. റൂസ് വെൽറ്റ് ആണ് സഖ്യകക്ഷികളിൽ സമാധാനത്തിനായി നിലകൊണ്ട രാജ്യങ്ങൾക്കായി ഐക്യരാഷ്ട്രസംഘടനഎന്ന പേർ നിർദ്ദേശിച്ചത്. 1942 ജനുവരി 1-ാം തീയതി വാഷിങ്ടൺ ടി.സി യിൽ വച്ച് 26 രാജ്യങ്ങൾ അറ്റ്ലാന്റിക് ശാസനത്തിൽ ഒപ്പുവച്ചു. ഈ സമയത്താണ് ആദ്യമായി ഐക്യരാഷ്ട്രസംഘടനഎന്ന പേര് ആധികാരികമായി ഉപയോഗിച്ചത്.

### അറ്റ്ലാന്റിക് ചാർട്ടർ (ശാസനം)

ഇത് സമാധാനത്തിനും, സുരക്ഷിതത്വത്തിനുമായി സ്വരൂപിച്ച ഒരു കൂട്ടം നയരേഖകൾ ആണ് ഇത്. 1941-മാണ്ട് ആഗസ്റ്റ് 14-ാം തീയതി അമേരിക്കൻ പ്രസിഡന്റായ ഫ്രാങ്ക്ളിൻ ഡി. റൂസ്വെൽറ്റും ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിലും ചേർന്ന് അറ്റ്ലാന്റിക് സമുദ്രത്തിൽ HMS പ്രിൻസ് ആഫ് വെയിൽസ് എന്ന കപ്പലിൽ വച്ച് ഒപ്പു വച്ചു. ആയതിനാൽ ഇതിനെഅറ്റ്ലാന്റിക് ശാസനം എന്നു പറയുന്നു.

## ഐക്യരാഷ്ട്രശാസനം (ചാർട്ടർ)

വിവിധ സ്ഥലങ്ങളിൽ വച്ച് നടന്ന പല സമ്മേളനങ്ങൾക്ക് ശേഷം ഐക്യരാഷ്ട്ര സംഘടനരൂപീകരിക്കപ്പെട്ടു. 1945 ഏപ്രിൽ 25-ാം തീയതി അമേരിക്കയിലെ സാൻ ഫ്രാൻസിസ്ക്കോ നഗരത്തിൽ വച്ച് ഐക്യരാഷ്ട്ര സംഘടനയുടെ ശാസനം രൂപീകരിക്കുന്നതിനു വേണ്ടിയുള്ള ഐക്യരാഷ്ട്രങ്ങളുടെ സമ്മേളനം നടന്നു.

യു.എൻ ശാസനങ്ങളിൽ അതിന്റെ ലക്ഷ്യങ്ങളും, ഫലങ്ങളും ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ നിയമങ്ങളും ഉൾക്കൊള്ളുന്നു. ഇതിൽ 1945 ജൂൺ 26-ാം തിയതി 50 രാജ്യങ്ങളിലെ പ്രതിനിധികൾ ഒപ്പുവച്ചു. പോളണ്ട് പിന്നീടാണ് ഈ ശാസനത്തിൽ ഒപ്പുവെച്ചത്. 1945 ഒക്ടോബർ 24-ാം തിയതിയെ ഐക്യരാഷ്ട്ര, സംഘടനതന്റെ പ്രവർത്തനങ്ങളെ ആരംഭിച്ചു ആയതിനാൽ ഒക്ടോബർ 24-ാം തിയതിയെ ഐക്യരാഷ്ട്ര ദിനമായി ആഘോഷിക്കുന്നു.

**ഐക്യരാഷ്ട്രസംഘടനരൂപീകരണത്തിനുമുമ്പ് നടന്ന സമ്മേളനങ്ങൾ**

1943 ഒക്ടോബർ 30 - മോസ്ക്കോ

1944 ഡിസംബർ 1 - ടെഹ്റാൻ

1944 സെപ്റ്റംബർ 21 - ഡംബാർട്ടൻഓക്സ്

1943 ഒക്ടോബർ 7 - ഡംബാർട്ടൻഓക്സ്

1945 ഫെബ്രുവരി 11 - യാൽട്ടാ

## ഐക്യരാഷ്ട്ര സംഘടനയിലെ അംഗങ്ങൾ

ഐക്യരാഷ്ട്ര ശാസനത്തെ അംഗീകരിച്ച സമാധാനകാംക്ഷികളായ രാജ്യങ്ങളാണ് ഐക്യരാഷ്ട്ര സംഘടനയിലെ അംഗങ്ങൾ. ഇപ്പോൾ ഐക്യരാഷ്ട്ര സംഘടനയിൽ 193 രാജ്യങ്ങൾ അംഗങ്ങളായിട്ടുണ്ട്. ഇതിന്റെ ആസ്ഥാനം ന്യൂയാർക്കിലുള്ള മാൻഹാട്ടൺ എന്ന അന്തർദ്ദേശീയ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു.

## ഐക്യരാഷ്ട്ര സംഘടനയിലെ ചിഹ്നം, പതാക, ഭാഷ

ഐക്യരാഷ്ട്ര സംഘടനയുടെ ചിഹ്നം 5 കേന്ദ്രീകൃത വൃത്തങ്ങളാൽ ചുറ്റപ്പെട്ടതും ഉത്തരധ്രുവത്തിൽ നിന്ന് കാണാൻ സാധിക്കുന്നതുമായ ഒരു ലോക ഭൂപടമാണ്. ഇതിനെചുറ്റി ഒലീവ് ശാഖകൾ കാണുന്നു. ഇത് സമാധാനത്തെ സൂചിപ്പിക്കുന്നു. ലോകഭൂപടം ഐക്യരാഷ്ട്ര സംഘടനയുടെ അധികാരപരിധിയേയും, സമാധാനത്തിന്റെയും, സുരക്ഷിതത്വത്തിന്റെയും ലക്ഷ്യത്തേയും സൂചിപ്പിക്കുന്നു.



ഐക്യരാഷ്ട്രസംഘടനയുടെ ചിഹ്നം

ഐക്യരാഷ്ട്ര സംഘടനയുടെ പതാകയിൽ ഐക്യരാഷ്ട്ര സംഘടനയുടെ ചിഹ്നം കാണുന്നു. ഇത് വെള്ളനിറത്തിലുള്ളതും, ഇളം നീലനിറത്താൽ ചുറ്റപ്പെട്ടതുമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ ഔദ്യോഗികഭാഷയാണ് ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, റഷ്യൻ, ചൈനീസ്, അറബിക്ക് എന്നിവ.

**ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനങ്ങൾ**

സമാധാനപരിപാലനം

സംഘർഷം ഒഴിവാക്കുക.

അഗതിയുടെ സംരക്ഷണം

തീവ്രവാദ പ്രതിരോധം, നിരായുധീകരണം

ഭ്രൂണഹത്യ നിരോധനം, ജനാധിപത്യ പ്രോൽസാഹനം, പുരോഗതി കാലാവസ്ഥാ പരിപാലനം, ഊർജ്ജസംരക്ഷണം, ലോകആരോഗ്യ പരിപാലനം, ശിശുസംരക്ഷണം, പകർച്ചവ്യാധികളെ തടയുക, ആരോഗ്യപുരോഗതി.

അഞ്ചാം പനി രോഗമരണം കുറയ്ക്കൽ

ബാലവാതം ഉന്മൂലനം

മലേറിയ കൊണ്ടുള്ള മരണം തടുക്കൽ

ഭക്ഷ്യ ഉല്പാദനവികസനം

## ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ

ഐക്യരാഷ്ട്ര സംഘടനയിലെ രാജ്യങ്ങൾക്കിടയിൽ ഉണ്ടാകുന്ന വിവാദങ്ങളായ (കലഹങ്ങളെ) സമാധാനവഴിയിലൂടെ പരിഹരിക്കുക.

അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നിലനിർത്തുക.

അന്തർദേശീയ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി സഹകരിക്കുക.

സമൂഹപുരോഗതി, ഉന്നത ജീവിത നിലവാരം, മാനുഷ്യ അവകാശങ്ങൾ എന്നിവ ഉയർത്തുക.

## ഐക്യരാഷ്ട്ര സംഘടനയുടെ നൂറ്റാണ്ടു പുരോഗമനലക്ഷ്യങ്ങൾ

ഐക്യരാഷ്ട്ര സംഘടനനടപ്പ് നൂറാണ്ടിലേക്ക് വേണ്ടി താഴെപ്പറയുന്ന ലക്ഷ്യങ്ങൾ രൂപീകരിച്ചു.

1. ദാരിദ്ര്യം, പട്ടിണി എന്നിവയെ നിർമ്മാർജ്ജനം
2. സാർവ്വത്രിക പ്രാരംഭവിദ്യാഭ്യാസം നേടുക
3. സ്ത്രീ പുരുഷ സമത്വം, സ്ത്രീ ശാക്തീകരണം എന്നിവ ഏർപ്പെടുത്തുക.
4. ശിശുഹത്യ ഒഴിവാക്കുക
5. മാതൃ ആരോഗ്യം വർദ്ധിപ്പിക്കുക
6. AIDS/HIV, മലേറിയ മറ്റു രോഗങ്ങൾക്കെതിരെ പോരാടുക.
7. പരിസ്ഥിതി സംരക്ഷണം ഏർപ്പെടുത്തുക.
8. പുരോഗതിക്കായി ആഗോള സഹകരണം ഉണ്ടാകുക.

## ഐക്യരാഷ്ട്ര സംഘടനയുടെ സമിതികൾ

ഐക്യരാഷ്ട്ര സംഘടനയിലെ ആറു പ്രധാന സംഘടന കളാണുള്ളത്. അവ

1. പൊതുസമിതി
2. സംരക്ഷണ സമിതി
3. സാമ്പത്തിക, സാമൂഹിക സമിതി
4. നീതിന്യായ കോടതി
5. ട്രസ്റ്റീഷിപ്പ് കൗൺസിൽ (പരിപാലനസമിതി)
6. സെക്രട്ടേറിയേറ്റ്

## 1. പൊതുസമിതി

പൊതുസമിതി എന്നത് ഐക്യരാഷ്ട്ര സംഘടനയിലെ വളരെ പ്രധാനപ്പെട്ട സമിതിയാണ്. ഇതിനെജനങ്ങളുടെ പ്രതിനിധിസഭയെന്നു പറയുന്നു.ഈ സഭ അംഗരാജ്യങ്ങളിലെ പ്രതിനിധികളെ ഉൾക്കൊണ്ടതാണ്. ഓരോരുത്തർക്കും ഒരു വോട്ടാണുള്ളത്. ഓരോ അംഗരാജ്യവും അഞ്ച് അംഗങ്ങളെ പൊതുസമിതിയിലേക്ക് അയക്കാവുന്നതാണ്. വർഷത്തിലൊരിക്കൽ സമ്മേളനം നടക്കുന്നു. ഈ സമ്മേളനം സെപ്റ്റംബർ മാസത്തിലാണ് നടക്കുന്നത്. സംരക്ഷണസമിതിയുടെ അപേക്ഷപ്രകാരം പ്രത്യേക സമ്മേളനം കൂടാവുന്നതാണ്.

ഇന്ത്യയിലെ വിജയലക്ഷ്മി പണ്ഡിറ്റിനെ1954-ൽ പൊതുസമിതിയുടെ പ്രസ്ഡന്റായി തെരഞ്ഞെടുത്തു.

പ്രധാനപ്പെട്ട പ്രശ്നങ്ങളായ സമാധാനവും, സുരക്ഷയും പുതിയ അംഗങ്ങളെ ചേർക്കൽ, വരവുചെലവു കണക്ക് എന്നിവയ്ക്ക് 2/3 ഭൂരിപക്ഷം ആവശ്യമാണ്. മറ്റു തീരുമാനങ്ങൾക്ക് ചെറിയ ഭൂരിപക്ഷം മതിയാകുന്നതാണ്.

## പൊതുസമിതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രസിഡന്റിനെയും 21 വൈസ് പ്രസിഡന്റിനെയും തെരഞ്ഞെടുക്കൽ
2. സുരക്ഷ സമിതിയിലെ സ്ഥിരമല്ലാത്ത അംഗങ്ങളെയും, ഐക്യരാഷ്ട്ര സംഘടനയിലെ മറ്റു സമിതികളിലെ അംഗങ്ങളെയും തിരഞ്ഞെടുക്കൽ.
3. ഐക്യരാഷ്ട്ര സഭയുടെ വാർഷിക വരവു ചെലവു കണക്കിനു അംഗീകാരം നൽകൽ
4. സുരക്ഷാ സമിതിയുടെ ശുപാർശ പ്രകാരം സെക്രട്ടറി ജനറലിനേയും അന്തർദേശീയ കോടതിയിലെ ന്യായാധിപന്മാരേയും നിയമിക്കുക.

## സുരക്ഷാ സമിതി

ഐക്യരാഷ്ട്ര സംഘടനയിലെ രണ്ടാമത്തെ പ്രധാനപ്പെട്ട സമിതിയാണിത്. ഐക്യരാഷ്ട്ര സംഘടനയുടെ നിർവ്വാഹകശാഖയായി പ്രവർത്തിക്കുന്നു. ഈ സമിതിയിൽ മൊത്തം 15 അംഗങ്ങളാണുള്ളത്. അവരിൽ 5 സ്ഥിരം അംഗങ്ങളും 10 അസ്ഥിര അംഗങ്ങളുമാണ്. ഇതിലെ സ്ഥിര

അംഗങ്ങൾ റഷ്യ, ഫ്രാൻസ്, അമേരിക്കൻ ഐക്യനാടുകൾ, ബ്രിട്ടൺ, ചൈനഎന്നിവയാണ്. അസ്ഥിര അംഗങ്ങളെ ഐക്യരാഷ്ട്ര സമിതി രണ്ടുവർഷത്തേക്ക് തെരഞ്ഞെടുക്കുന്നു. സുരക്ഷാസമിതി ഓരോ മാസവും സമ്മേളിച്ച് പുതിയ പ്രസിഡന്റിനെതെരഞ്ഞെടുക്കുന്നു. ഒരു തീരുമാനം കൈകൊള്ളുന്നതിന് 2/3 ഭൂരിപക്ഷം ആവശ്യമാണ്. ഓരോ സ്ഥിര അംഗരാജ്യത്തിനും വീറ്റോ (veto power) അധികാരമുണ്ട്. ഇതുപയോഗിച്ച് ഒരു സ്ഥിര അംഗരാജ്യത്തിന് ഏതൊരു തീരുമാനത്തേയും നിറവേറ്റാതെ തടുക്കാൻ സാധിക്കും.

2010-ൽ ഇന്ത്യ സുരക്ഷാസമിതിയിൽ 2 വർഷത്തേയ്ക്ക് സ്ഥിരമല്ലാത്ത അംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

## സുരക്ഷസമിതിയുടെ പ്രധാനപ്രവർത്തനങ്ങൾ

1. അന്തർദേശീയ സമാധാനവും സുരക്ഷയും നിലനിർത്തുക
2. രാജ്യങ്ങൾക്കിടയിലുള്ള തർക്കങ്ങളെ തീർക്കുന്നതിന് സമാധാന പരമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക.
3. പുതിയ അംഗങ്ങളെ തെരെഞ്ഞെടുക്കാൻ ശുപാർശ ചെയ്യുക.
4. സുരക്ഷാസമിതിയിൽ സെക്രട്ടറിയുടെ തെരെഞ്ഞെടുപ്പിൽ പങ്കുചേരൽ എന്നിവയാണ്.

## സാമ്പത്തിക സാമൂഹിക സമിതി

സാമ്പത്തിക സാമൂഹിക സമിതി ഐക്യരാഷ്ട്ര സംഘടനയും അതിന്റെ പ്രത്യേകസമിതികളും ചെയ്യുന്ന സാമൂഹികസാമ്പത്തിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. ഇതിലെ 54 അംഗങ്ങൾ പൊതുസമിതിയാൽ മൂന്നുവർഷത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നു. ഓരോ വർഷവും 1/3 ഭാഗം അംഗങ്ങൾ വിരമിക്കുകയും പുതിയ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. ഈ സമിതി വർഷം മുഴുവനും, ആവശ്യമായ സമയത്തും സമ്മേളിക്കുന്നു. ഇതിന്റെ ജൂലൈ സമ്മേളനത്തിൽ സാമ്പത്തിക, സാമൂഹിക, മാനുഷിക പ്രശ്നങ്ങളായ സാമൂഹ്യ പുരോഗതി, സ്ത്രീകളുടെ നില, കുറ്റങ്ങളെ തടുക്കൽ, മയക്കുമരുന്ന് മറ്റും നിലയായ പുരോഗതി എന്നിവ ചർച്ചചെയ്യുന്നു.

## പരിപാലനസമിതി

പരിപാലനസമിതി എന്നത് ഏഴ് അംഗരാജ്യങ്ങളാൽ ഭരിക്കപ്പെടുന്ന 11 പ്രദേശങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ്. ഈ പ്രദേശങ്ങളിൽ തദ്ദേശഗവൺമെന്റ്, സ്വാതന്ത്ര്യം എന്നിവയെ ഉറപ്പുവരുത്തുന്നതിനുവേണ്ടി യോജിപ്പിച്ച നടപടികൾ കൈകൊള്ളുന്നു. 1994-ൽ ഈ പ്രദേശങ്ങൾ സ്വയംഭരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സമിതിയുടെ പ്രവർത്തനം അവസാനിച്ചതിനുശേഷം ഇതിന്റെ നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കും ആവശ്യാനുസരണം ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

## അന്തർദ്ദേശീയ നീതിന്യായ കോടതി

അന്തർദേശീയ കോടതിയെ ലോക കോടതി എന്നും പറയുന്നു. ഇത് ഐക്യരാഷ്ട്ര സഭയുടെ പ്രധാനപ്പെട്ട നീതിന്യായ സമിതിയാണ്. ഇതിലെ പതിനഞ്ചു ന്യായാധിപൻമാർ പൊതുസമിതിയാലും, സുരക്ഷാസമിതിയാലും തെരഞ്ഞെടുക്കപ്പെടുന്നു. ഈ കോടതി രാജ്യങ്ങൾക്കിടയിലുള്ള തർക്കങ്ങളെ പരിഹരിക്കുന്നു. കൂടാതെ ഈ കോടതി ഐക്യരാഷ്ട്ര സംഘടനയുടെയും അതിന്റെ പ്രത്യേക സമിതികളുടെയും പ്രവർത്തനത്തിനുവേണ്ട ഉപദേശം നൽകുന്നു. ഇതിന്റെ ആസ്ഥാനം ഹോളണ്ടിലുള്ള ഹേഗ് നഗരത്തിലാണ്.

## സെക്രട്ടറിയേറ്റ്

സെക്രട്ടറിയേറ്റ് ഐക്യരാഷ്ട്ര സംഘടനയിലെ സമിതികളായ പൊതുസമിതി, സംരക്ഷസമിതി, മറ്റു സമിതികൾ എന്നിവയുടെ നിർദ്ദേശപ്രകാരം ഭരണപരമായ പ്രവർത്തനങ്ങളെ നിർവഹിക്കുന്നു. ഇതിനെസെക്രട്ടറി ജനറൽ മേൽനോട്ടം വഹിക്കുന്നു.ഇദ്ദേഹം ഭരണ നിർദ്ദേശങ്ങളെ നൽക്കുന്നു. ഇപ്പോഴത്തെ സെക്രട്ടറി ജനറൽ 2007-ാം മാണ്ട് തെരഞ്ഞെടുക്കപ്പെട്ടു. തെക്കൻ കൊറിയയിലെ ബാൻ-കീ-മൂൺ ആകുന്നു.

സെക്രട്ടറിയേറ്റിൽ വിവിധ വകുപ്പുകളിലെ ആഫീസുകളിൽ ഏകദേശം 7500 പേർ ജോലിനോക്കുന്നു. ഇതിലെ പ്രവർത്തനമേഖലകൾ ഐക്യരാഷ്ട്ര സംഘടനയുടെ സ്ഥാനം ന്യൂയാർക്ക്, ജനീവ, വിയന്നാ, നൈരോബി, മറ്റു പല പ്രദേശങ്ങളിലുള്ള ആഫീസുകൾ എന്നിവയാണ്. ഇതിലെ ഉദ്ദ്യോഗസ്ഥർ ഉന്നത വൈദഗ്ധ്യം, മത്സര മനോഭാവം,ഐക്യമനോഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നു.

ഐക്യരാഷ്ട്ര സംഘടന അതിന്റെ പ്രവർത്തനത്തെ 30 പ്രത്യേക പ്രവർത്തനസംഘങ്ങൾ മുഖേനചെയ്തു വരുന്നു. ഇത് വിവിധ ലക്ഷ്യങ്ങളെ നേടുന്നതിന് സഹായിക്കുന്നു.

## ഐക്യരാഷ്ട്ര സംഘടനയുടെ നേട്ടങ്ങൾ

ഐക്യരാഷ്ട്ര സംഘടന ലോക രാജ്യങ്ങൾക്കിടയിലുള്ള യുദ്ധങ്ങളെ ഒഴിവാക്കുന്നതിനും സമാധാനചർച്ചകളിലൂടെ ലോകസമാധാനം നിലനിറുത്തുന്നതിനും മുൻകൈയെടുത്ത് പ്രവർത്തിക്കുകയും അതിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അംഗരാജ്യങ്ങളുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മാനുഷികമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും സഹായിക്കുന്നു.

### പ്രധാനനേട്ടങ്ങൾ

1946-ൽ റഷ്യയെ ഇറാനിൽ നിന്നും തങ്ങളുടെ പട്ടാളക്കാരെ പിൻവലിക്കുന്നതിനും ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളെ അവരുടെ സൈന്യത്തെ ലബനോൺ, സിറിയ എന്നീവിടങ്ങളിൽ നിന്നും പിൻവലിക്കുന്നതിനും, പ്രേരിപ്പിച്ചു. 1947-ൽ ഇന്ത്യോനേഷ്യയെ ഡച്ചുകാരിൽ നിന്നും മോചിപ്പിച്ചു.

1956-സൂയസ് കനാൽ പ്രശ്നത്തിൽ ഇടപെടുകയും അവസാനം കനാലിനെആഗോളവൽക്കരിക്കുകയും ചെയ്തു.

## ചില പ്രത്യേക പ്രവർത്തനസംഘങ്ങൾ

1. F.A.O(Food And Agricultural Organization)-ഭക്ഷ്യകാർഷിക സംഘടന
2. ILO(International Labour Organization)സർവ്വദേശീയ തൊഴിൽ സംഘടന
3. IMF(International Monetary Fund)അന്തർദേശീയ ധനകാര്യസ്ഥാപനം
4. UNICEF(United Nations International Children's Emergency Fund) ഐക്യ ഐക്യരാഷ്ട്ര അടിയന്തിര ശിശുക്ഷേമ നിധി
5. UNESCO(United Nations Educational Scientific & Cultural Organization) ഐക്യരാഷ്ട്ര വിദ്യാഭ്യാസ, ശാസ്ത്ര,സാംസ്കാരിക സമിതി
6. WHO(World Health Organization) ലോക ആരോഗ്യസംഘടന
7. WTO (World Trade Organization) ലോക വ്യാപാര സംഘടന എന്നിവയാണ്.

1962-ലും, 1973-ലും ക്യൂബയിലെ മിസൈൽ പ്രശ്നത്തെയും മധ്യകിഴക്കൻ രാജ്യങ്ങളിലെ പ്രശ്നങ്ങളെയും പരിഹരിച്ചു.

1988-ഇറാൻ-ഇറാഖ് യുദ്ധം അവസാനിപ്പിച്ചു. 1989-ൽ കൂടിയാലോചനയിലൂടെ അഫ്ഗാനിസ്ഥാനിൽ നിന്ന് സോവിയറ്റ് സൈന്യത്തെ പിൻവലിച്ചു.

1990 ൽ കുവൈറ്റിന്റെ പരമാധികാരത്തെ നിലനിറുത്തുകയും കംബോഡിയ, എൽസാവഡോർ, ഗോട്ടിവാല, മൊസാംബിക്, എന്നിവിടങ്ങളിലെ ആഭ്യന്തര യുദ്ധങ്ങളെ അവസാനിപ്പിച്ചു.

ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക സമിതിയായ ലോക ആരോഗ്യ സംഘടന(WHO) വസൂരിയെ വിജയകരമായി ഉന്മൂലനം ചെയ്യുകയും പിള്ളവാതം, മലേറിയ, ആസ്മ എന്നീ രോഗങ്ങളെ ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഐക്യരാഷ്ട്ര സംഘടനയുടെ അഭയാർത്ഥികൾക്കായുള്ള കമ്മിഷൻ (UNHCR) അഭയാർത്ഥികളെ പുനരധിവസിപ്പിക്കാൻ ധാരാളം ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക സമിതികൾ ഭാവിതലമുറയുടെ സുരക്ഷിതത്വത്തിനുവേണ്ടി പ്രവർത്തിച്ചു വരുന്നു.

## അഭ്യാസം

### I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഐക്യരാഷ്ട്ര സംഘടനയുടെ ആസ്ഥാനം------------ സ്ഥിതി ചെയ്യുന്നു.
   (അ. വാഷിങ്ടൺ, ആ. ഹേഗ്, ഇ. ന്യൂയോർക്ക്)
2. ----------- നെമനുഷ്യ സമ്മേളനസഭ എന്നു പറയുന്നു.
   (അ. പരിപാലനസമിതി, ആ. പൊതുസമിതി, ഇ. സാമ്പത്തിക സാമൂഹിക സമിതി)
3. ഐക്യരാഷ്ട്ര സംഘടനയിലെ ഔദ്യോഗിക ഭാഷ---------- ആണ്.
   (അ. ഹിന്ദി, ആ. ജർമ്മൻ, ഇ. ഫ്രഞ്ച്)
4. സംരക്ഷണസമിതിയിൽ -------------- സ്ഥിരാംഗങ്ങൾ ഉണ്ട്.
   (അ. 4, ആ. 5, ഇ. 10)
5. ---------ന്റെ വിജയകരമായ പ്രവർത്തനത്താൽ വസൂരി ഉന്മൂലനം ചെയ്യപ്പെട്ടു.
   (അ. ലോകാരോഗ്യസംഘടന, ആ. സർവ്വലോക തൊഴിലാളി സംഘടന, ഇ. ഐക്യരാഷ്ട്ര സംഘടനയുടെ വിദ്യാഭ്യാസ ശാസ്ത്ര അന്തർദേശീയ സ്ഥാപനം)

### II പൂരിപ്പിക്കുക

1. ഐക്യരാഷ്ട്ര സംഘടനഎന്ന പേർ ആദ്യമായി നിർദ്ദേശിച്ചത്------
2. ഐക്യരാഷ്ട്ര ശാസനങ്ങൾ ------- രാജ്യങ്ങളാൽ 1945 ജൂൺ 26-ാം തിയതി ഒപ്പു വയ്ക്കപ്പെട്ടു.
3. ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനസമിതി -------- ആണ്
4. ഐക്യരാഷ്ട്ര സംഘടനയിലെ വിശ്വസ്ത പ്രദേശങ്ങൾക്കും സ്വയംഭരണം ഏർപ്പെടുത്തപ്പെട്ട വർഷം---------
5. അന്താരാഷ്ട്ര കോടതി ഹോളണ്ടിൽ --------എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു.

## III യോജിപ്പിക്കുക

| | | |
|---|---|---|
| 1. ഐക്യരാഷ്ട്ര സമ്മേളനം | - | അഭയാർത്ഥി പുനരധിവാസം |
| 2. ഐക്യരാഷ്ട്ര സംഘടന | - | സാൻ ഫ്രൻസിസ്ക്കോ |
| 3. ബാൻ-കീ-മൂൺ | - | ന്യൂയാർക്ക് |
| 4. ഐക്യരാഷ്ട്ര ആസ്ഥാനം | - | 24 ഒക്ടോബർ 1945 |
| 5. അഭയാർത്ഥി സമിതി | - | ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ |

## IV ചുരുക്കി ഉത്തരം എഴുതുക

1. ഐക്യരാഷ്ട്ര സംഘടനയുടെ ചിഹ്നത്തെക്കുറിച്ച് എഴുതുക?
2. ഐക്യരാഷ്ട്ര സംഘടനയുടെ ഔദ്യോഗിക ഭാഷകൾ ഏതെല്ലാം?
3. ഐക്യരാഷ്ട്ര സംഘടനയുടെ 2 ലക്ഷ്യങ്ങൾ ഏവ?
4. സുരക്ഷാ സമിതിയിലെ സ്ഥിരാംഗങ്ങൾ ആരെല്ലാം?
5. അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ പങ്ക് എന്ത്?

## V വിവരിച്ച് ഉത്തരം എഴുതുക

1. ഐക്യരാഷ്ട്ര സംഘടനയുടെ നൂറ്റാണ്ട് വികസനലക്ഷ്യങ്ങളെക്കുറിച്ചെഴുതുക
2. ഐക്യരാഷ്ട്ര സംഘടനയുടെ സമിതികൾ ഏതെല്ലാം ? സംരക്ഷണസമിതിയുടെ പ്രവർത്തനം വിവരിക്കുക?

### രൂപീകരണ മൂല്യനിർണ്ണയം

1. വിവരപട്ടിക തയ്യാറാക്കുക

ഐക്യരാഷ്ട്ര സംഘടനയിലെ മറ്റു സമിതികളുടെ പ്രവർത്തനങ്ങൾ കുറിക്കുന്ന വിവരപട്ടിക തയ്യാറാക്കുക

2. സംഘചർച്ച

ഐക്യരാഷ്ട്ര സംഘടന തങ്ങളുടെ അംഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക വളർച്ചയ്ക്ക് എപ്രകാരം സഹായിക്കുന്നു എന്നതിനെപ്പറ്റി സംഘചർച്ച നടത്തുക.

3. ചോദ്യോത്തരി

ഐക്യരാഷ്ട്ര സംഘടനയുടെ സംഭാവനകളെപ്പറ്റിയ ചോദ്യോത്തരപരിപാടി തയ്യാറാക്കുക.

4. കണ്ടുപിടിക്കുക.

ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാനപ്പെട്ട പത്തു സംഘടനകളും അവയുടെ തലസ്ഥാനങ്ങളെയും പട്ടികയാക്കുക.

5. ആൽബനിർമ്മാണം

ഐക്യരാഷ്ട്ര സംഘടനയിൽ സെക്രട്ടറി ജനറൽ പദവി വഹിക്കുന്നവരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

6. ചെയ്തു നോക്കുക

ഇന്ത്യയിലെ കുട്ടികളെയും സ്ത്രീകളെയും ഐക്യരാഷ്ട്രസംഘടന എപ്രകാരം സഹായിച്ചു പോരുന്നു എന്നതിനെപ്പറ്റിയുള്ള കാര്യങ്ങൾ ശേഖരിക്കുക.

# 2. കുട്ടികൾക്കും വനിതകൾക്കുമായുള്ള നിയമങ്ങളും ക്ഷേമപദ്ധതികളും

ഇന്ത്യ എല്ലാ പൗരൻമാർക്കും പ്രത്യേകിച്ച് വനിതകൾക്കും കുട്ടികൾക്കും വേണ്ടി പല ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള രാജ്യമാണ്. യാതൊരു രാജ്യവും സ്ത്രീ വിദ്യാഭ്യാസത്തെ അവഗണിച്ചിട്ട് പുരോഗതി പ്രാപിയ്ക്കാൻ സാധിക്കുകയില്ല. എന്തെന്നാൽ മാതാവാണ് ശിശുവിന്റെ ആരംഭ ഗുരു. കുട്ടികളാണ് നമ്മുടെ നാട്ടിന്റെ ഭാവിസ്തംഭങ്ങൾ. അതിനാൽ കുട്ടികളുടെയും വനിതകളുടെയും പുരോഗതിയ്ക്കായി നമ്മുടെ രാജ്യം വളരെ പ്രാധാന്യം നൽകിവരുന്നു.

## ശിശുക്ഷേമ നിയമങ്ങൾ

ഇന്ത്യൻ ഭരണഘടനയിലെ മാർഗ്ഗദർശകമായ ആദർശങ്ങളിൽ വകുപ്പ് 39(f), വകുപ്പ് 45 എന്നിവ ശിശുക്കളുടെ സംരക്ഷണത്തേയും പുരോഗതിയെയും കുറിച്ച് പ്രതിപാദിക്കുന്നു.

വകുപ്പ് 24 ശിശുക്കളുടെ മൗലീകാവകാശങ്ങളെക്കുറിച്ചുള്ളതാണ്. ഇത് കുട്ടികളെ ബാലവേല ചെയ്യുന്നതിൽ നിന്ന് സംരക്ഷിക്കുന്നു. ഇത് 14 വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് തൊഴിൽശാലകൾ, തുരംഗങ്ങൾ എന്നിവയിൽ അപകടകരമായ ജോലികൾ ചെയ്യിക്കുന്നതിനെനിരോധിക്കുന്നു.

വകുപ്പ് 39 (f) കുട്ടികളുടെ ആരോഗ്യകരമായ വളർച്ച, കുട്ടികൾക്കും യുവജനങ്ങൾക്കും ആവശ്യമായ ശ്രദ്ധ ലഭ്യമാക്കുക, ചൂഷണങ്ങളിൽ നിന്നും സംരക്ഷണം നൽകുക എന്നിവയ്ക്ക് മാർഗ്ഗദർശനം നൽകുന്നു. വകുപ്പ് 45, 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസ നൽകുന്നതിനെപ്രോത്സാഹിപ്പിക്കുന്നു.

**കുട്ടികൾക്കും വനിതകൾക്കുമായിള്ള മന്ത്രാലയം**

കുട്ടികളുടെയും വനിതകളുടെയും സർവ്വധോന്മുഖമായ വളർച്ച, സംരക്ഷണം, സമൃദ്ധമായ ജീവിതം എന്നിവയെയും, നല്ല പൗരന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തേയും മുൻനിർത്തി ഈ മന്ത്രാലയം പ്രവർത്തിക്കുന്നു.

## വിദ്യാഭ്യാസ അവകാശം

നൂറുവർഷങ്ങൾക്കു മുമ്പ് സ്വാതന്ത്ര്യ സമര സേനാനി ഗോപാലകൃഷ്ണ ഗോഖലേ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബ്രിട്ടീഷുകാരുടെ കാലത്തിൽ നിയമസഭയിൽ പ്രഖ്യാപിച്ചു. അതു നേടിയെടുക്കുന്നതിനുവേണ്ടി കഠിന പ്രയത്നം ചെയ്തു. 2010 ഏപ്രിൽ 1-ന് നടപ്പിലാക്കിയ വിദ്യാഭ്യാസ അവകാശ നിയമം വഴി നേടിയെടുത്തു. ഇതിൻപ്രകാരം 6-14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ഒരടിസ്ഥാനആവശ്യമായി കണക്കാക്കി.

## ഇന്ത്യൻ സർക്കാർ നടപ്പിലാക്കിയ നിയമങ്ങൾ

കുട്ടികളുടെ ക്ഷേമത്തിനായി ധാരാളം നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അവയിൽ ചിലത്,

1. നിർഗ്ഗുണ അനീതിക്കെതിരെയുള്ള നിയമം 1986-ൽ നടപ്പിലാക്കി. 2000-ൽ ഭേദഗതി വരുത്തിയ ബാല്യകുറ്റവാളി നിയമം .
2. കുട്ടികൾക്ക് തായ് പാലിന് പകരമായി, 1992-ലെ നിയമമനുസരിച്ച് ശൈശവാഹാരസമ്പ്രദായവും കുപ്പിപ്പാലു സമ്പ്രദായവും നടപ്പിൽ വരുത്തി.
3. 2005-ൽ ശിശുക്കളുടെ സംരക്ഷണത്തിനായി ശിശു അവകാശ നിയമം കൊണ്ടുവന്നു.

## ശിശുക്ഷേമ പദ്ധതികൾ

കുട്ടികളുടെ ഉന്നമനത്തിനും നന്മയ്ക്കും വേണ്ടി അനേകം പദ്ധതികളും കർമ്മ പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.

1. ഏകോപിത ശിശുവികസനസേവനപദ്ധതികൾ (ICDS) (1975) ഇത് താഴെക്കൊടുത്തിട്ടുള്ള ലക്ഷ്യങ്ങളെ ആധാരമാക്കിയുള്ളതാണ്.

അ. കുട്ടികളുടെയും (6 വയസ്സിനു താഴെയുള്ള കുട്ടികൾക്ക്) ഗർഭിണികളുടെയും, പാലൂട്ടുന്ന അമ്മമാരുടെയും ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ.
ആ. മരണ നിരക്കിന്റെ വർദ്ധനവ് പോഷകാഹാരക്കുറവ്, സ്ക്കൂൾ പഠനം ഇടയ്ക്കു നിറുത്തുന്നത് എന്നിവയ്ക്കു പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ.

ജോലിക്കായി സ്വഗൃഹം വിട്ടുപോകുന്ന മാതാക്കളുടെ ശിശുക്കളെ പകൽ സമയം സംരക്ഷിക്കുന്നതിനായി 2006-ൽ തുടങ്ങിയ സേവനം (0 മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾക്ക്)രാജീവ് ഗാന്ധി ദേശീയ ശിശുപരിപാലനപദ്ധതി നടപ്പിലാക്കി.

**3. തെരുവുകളിൽ വസിക്കുന്ന കുട്ടികൾക്കുള്ള പദ്ധതി:** അനാഥക്കുട്ടികൾക്കായി പാർപ്പിടം, പോഷകാഹാരം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, വിശ്രമം എന്നീ സൗകര്യങ്ങളെ ഏകോപിപ്പിച്ച് നടത്തിവരുന്നു. ഇത് കുട്ടികളെ ചൂഷണം, ദുരുപയോഗം എന്നിവയിൽ നിന്നും സംരക്ഷിക്കുന്നു.

**4. ശിശു സംരക്ഷണകേന്ദ്രങ്ങൾ:** ബുദ്ധിമുട്ടുകളും അത്യാവശ്യങ്ങളും നേരിടുമ്പോൾ കുട്ടികളെ ശിശുക്ഷേമ സേവനങ്ങൾ മുഖേനസഹായിക്കുന്നു. മാത്രവുമല്ല അവ ശിശുസംരക്ഷണവും ശ്രദ്ധയും ആധാരമാക്കി പ്രവർത്തിക്കുന്നതുമാണ്.

**5.ഏകോപിത ശിശു സംരക്ഷണ സംഘടന:** ഏകോപിത ശിശുസംരക്ഷണ പദ്ധതി കുട്ടികളുടെ ധാർമ്മിക മാർഗ്ഗങ്ങൾക്ക് പ്രയോജനപ്പെടുന്നു.

**6. ജോലിക്കു പോകുന്ന കുട്ടികളുടെ സംരക്ഷണം (2005):** ജോലി ചെയ്യുന്ന കുട്ടികളുടെ ക്ഷേമപദ്ധതികൾ അവർക്ക് ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനു വേണ്ടിയുള്ളതാണ്. (2005). ഇത് ജോലി ചെയ്യുന്ന കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം തുടരുന്നതിനും തൊഴിൽപരമായ പരിശീലനം നൽകുന്നതിനും വേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്.

ശിശുദിനാചരണം ഓരോ വർഷവും നവംബർ മാസം 14-ാം തിയതി ശിശുദിനം ആഘോഷിച്ചു വരുന്നു. ഇത് കുട്ടികളുടെ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും അവരുടെ ഉന്നമനത്തിനായി, സർക്കാരും സാമൂഹ്യസംഘടനകളും സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികളെക്കുറിച്ച് അവലോകനം ചെയ്യുന്നതിനുള്ള അവസരം നൽകുന്നു.

**പ്രതിഭാശാലികൾക്കുള്ള സർക്കാർ അംഗീകാരം**

സർവ്വകലാശാലാപഠനം, കല, സാംസ്കാരികം, കായികവിനോദം എന്നിങ്ങനെവിവിധ മണ്ഡലങ്ങളിൽ വ്യത്യസ്ത മേഖലകളിൽ വിശിഷ്ട നേട്ടങ്ങളും കൈവരിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കായി നമ്മുടെ സർക്കാർ അംഗീകാരങ്ങളും പലതരം സമ്മാനങ്ങളും നൽകിവരുന്നു.

വ്യത്യസ്തമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള വിദ്യാർത്ഥികളെ പ്രശംസിക്കുന്നതിനായി 1996-ൽ സ്ഥാപിച്ചതാണ് കുട്ടികൾക്കായുള്ള ദേശീയ അവാർഡ്. 4 വയസ്സിനും 15 വയസ്സിനുമിടയ്ക്കുള്ള കുട്ടികൾക്ക് പ്രശംസാർഹ സമ്മാനങ്ങളോടുകൂടിയുള്ള ബഹുമതി എല്ലാവർഷവും റിപ്പബ്ലിക് ദിനത്തിൽ നൽകി വരുന്നുണ്ട്.

സർക്കാരിന്റെ ഇത്തരം നിയമങ്ങൾ കുട്ടികൾക്ക് ആപൽഘട്ടങ്ങളെ തരണംചെയ്യുന്നതിനുള്ള ബോധവൽക്കരണം നൽകുന്നു. തങ്ങളുടെ പ്രശ്നങ്ങളെ ബന്ധപ്പെട്ട അധികാരികളോട് പറഞ്ഞ് പരിഹാരം കാണുന്നതിന് ഈ നിയമം പ്രയോജനപ്പെടുന്നു. വിദ്യാർത്ഥികളെ ദുരാചാരം, ചൂഷണം എന്നിവയിൽ നിന്നും സംര

ക്ഷിക്കുന്നതിന് സർക്കാരിനോടും ക്ഷേമ സ്ഥാപനങ്ങളോടുമൊപ്പം രക്ഷകർത്താക്കൾ, വിദ്യാലയങ്ങൾ, പൊതുജനങ്ങൾ എന്നിവയും സഹകരിക്കണം. എങ്കിൽ മാത്രമേ സാന്മാർഗ്ഗികവും ഉത്തരവാദിത്വവുമുള്ളവരായിത്തീരാൻ വിദ്യാർത്ഥികൾ ശ്രമിക്കുകയുള്ളൂ.

## സ്ത്രീകളുടെ അധികാരങ്ങളും നിയമ നിർമ്മാണവും

അതിപ്രാചീനകാലം മുതൽ തന്നെ സ്ത്രീകളുടെനില വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്തമായിരുന്നു. ചില കാലങ്ങളിൽ സ്ത്രീകളുടെ സ്ഥാനം ബഹുമാനിക്കത്തക്കതായിരുന്നു. എന്നാൽ മറ്റു ചിലപ്പോൾ ദുരിതം നിറഞ്ഞതും ദാരുണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുമായ നിലയിലായിരുന്നു. സമൂഹത്തിൽ സ്ത്രീകളെ മാനിക്കുന്നതിനു വേണ്ടി ഭാരതസർക്കാർ സ്ത്രീകൾക്ക് അനേകം അവകാശങ്ങൾ നിയമനിർമ്മാണത്തിലൂടെ നടപ്പാക്കി.

## സ്ത്രീകളുടെ അവകാശങ്ങളും നിയമങ്ങളും

ഭരണഘടനയിലെ 23-ഉം 24-ഉം വകുപ്പുകൾ സ്ത്രീ വിമോചനത്തെ സൂചിപ്പിക്കുന്നതാണ്.

23-ാം വകുപ്പ് സ്ത്രീകളെ വാണിജ്യവസ്തുവാക്കുന്നതിനെനിരോധിക്കുന്ന നിയമമാണ്.

സ്ത്രീകളെ നിർബ്ബന്ധിച്ച് ജോലി ചെയ്യിപ്പിക്കുന്നത് കുറ്റകരമാണ്.

സ്ത്രീകളെ അടിമകളാക്കി വിൽക്കുന്നത് നിയമവിരുദ്ധമാണ്.

സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുകയോ കബളിപ്പിക്കപ്പെടുകയോ ചെയ്താൽ അതിനെഎതിർക്കുന്നതിനുള്ള അവകാശങ്ങളും നിയമങ്ങളും ഉണ്ട്.

കുടുംബത്തിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വത്തവകാശം ലഭിക്കുന്നതിനുള്ള നിയമത്തിനും അനുവാദം നൽകി. 1978-ലെ ബാല്യവിവാഹ നിയന്ത്രണ ഭേദഗതി നിയമം വിവാഹപ്രായത്തെ ഉയർത്തി. പെൺകുട്ടികളുടെ വിവാഹപ്രായം 15 വയസ്സിൽ നിന്നും 18 വയസ്സാക്കി ഉയർത്തി. ആൺകുട്ടികളുടെ വിവാഹപ്രായം 18 വയസ്സിൽ നിന്നും 21 വയസ്സാക്കി. ഇത് ബാല്യവിവാഹത്തെ നിരോധിക്കുന്നു.

1961-ൽ സ്ത്രീധനനിരോധനനിയമം കൊണ്ടുവന്നു. ഇത് സ്ത്രീധനം വാങ്ങുന്നതിനേയും കൊടുക്കുന്നതിനേയും നിരോധിച്ചു. 1986-ൽ നടപ്പിലാക്കിയ പരിഷ്ക്കരിച്ച സ്ത്രീധനനിരോധനനിയമം.ഇത്സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ ഉപദ്രവിച്ചാൽ കടുത്ത ശിക്ഷ നൽകുന്നതിനുള്ളതാണ്. ഇതിലുപരി ഭരണഘടനാപരമായ വ്യവസ്ഥകളും നടപ്പിലാക്കിയിട്ടുണ്ട്. ചൂഷണത്തിൽ നിന്നും സാമൂഹിക അനീതികളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനസർക്കാരും യൂണിയൻ പ്രദേശങ്ങളും അനേകം നിയമങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദാഹരണം - തമിഴ്നാട് നിയമനിർമ്മാണ സഭ 1997-ൽ ഒരു നിയമം പാസ്സാക്കി. ഇത് സ്ത്രീകളോട് അപമര്യദയായി പെരുമാറുന്നതിനെനിരോധിക്കുന്ന നിയമമാണ്. സ്ത്രീകളെ അലട്ടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നിയമം 2002-ൽ പ്രാബല്യത്തിൽ വന്നു.പൗരന്മാരുടെ ആനുകൂല്യങ്ങൾക്കായുള്ള ഭരണഘടനാഭേദഗതികൾ കാലത്തിനനുസരിച്ച് മാറുന്നു. ഭരണഘടനയുടെ 73-ാമത്തെയും 74-ാമത്തെയും ഭേദഗതി നിയമങ്ങൾ 33% സീറ്റുകൾ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നു.

## സാമ്പത്തിക പുരോഗമനപദ്ധതികൾ

ഇന്ത്യൻ സ്ത്രീകളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസ പുരോഗതിക്കും വേണ്ടി ധാരാളം പദ്ധതികൾ സംഘടിപ്പിച്ചി

ട്ടുണ്ട്. അവയിൽ ചിലത് താഴെ കൊടുത്തിട്ടുണ്ട്.

1. തൊഴിൽ പരിശീലനസഹായ പദ്ധതി (STEP)

ഈ പദ്ധതി 1996-ൽ ആരംഭിച്ചു. ഇത് കൈത്തറി, കൈത്തൊഴിൽ, ഖദർ തുടങ്ങിയ ഗ്രാമീണ തൊഴിൽശാലകളിൽ സ്ത്രീകൾക്ക് ജോലി ലഭിക്കുന്നതിന് പരിശീലനം നൽകി വരുന്നു.

2. സ്വ. ശക്തി പദ്ധതി (സ്വയം സിദ്ധ) സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനായും അവകാശങ്ങൾക്കായും സ്വയം സഹായപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത് സ്ത്രീകളുടെ അധികാരങ്ങളെ വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്കും മാർഗ്ഗദർശകമായിരിക്കുന്നു.

3.ഹ്രസ്വകാല വസതികൾ (1996)

സ്ത്രീകളും പെൺകുട്ടികളും അനുഭവിക്കുന്ന സാമൂഹ്യ സാമ്പത്തിക മാനസിക പ്രശ്നങ്ങളെ സാധാരണഗതിയിലാക്കുന്നതിന് ഇത്തരം വസതികൾ സഹായിക്കുന്നു.

4.കുടുംബ ഉപദേശ കേന്ദ്രങ്ങൾ

സഹകരണമില്ലാത്ത കുടുംബങ്ങൾക്കും സാമൂഹികാക്രമണങ്ങളാൽ ബാധിക്കപ്പെട്ടവർക്കും ഇത്തരം കേന്ദ്രങ്ങളിൽ ഉപദേശം നൽകിവരുന്നു.

5. സ്ത്രീകളുടെ വിദ്യാഭ്യാസ പദ്ധതികൾ

15 വയസ്സും അതിനു മുകളിലും പ്രായമുള്ള പെൺകുട്ടികൾക്ക് ചിലപ്പോൾ വ്യത്യസ്ത കാരണങ്ങളാൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നു. അങ്ങനെയുള്ളവർക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിന് പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഇത് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകുകയും അവരുടെ ജീവിത നിലവാരത്തെ ഉയർത്തുകയും ചെയ്യുന്നു.

6. ഗ്രാമീണ സ്ത്രീകൾക്കായുള്ള ബോധവൽക്കരണ പദ്ധതികൾ

ഗ്രാമീണ സ്ത്രീകൾക്ക് തങ്ങളുടെ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും കുറിച്ച് അറിവില്ലാത്തതിനാൽ അവർ പല പ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടതായി വരുന്നു. ഇത്തരം ബോധവൽക്കരണ പദ്ധതികൾ പാവപ്പെട്ട സ്ത്രീകളെ അവരുടെ അവകാശങ്ങളെയും നിലകളെയും കുറിച്ച് ബോധവൽക്കരിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സഹായം നൽകി വരുന്നു.

സ്ത്രീകളുടെ പുരോഗതി സർക്കാർ നിയമങ്ങളിലൂടെ മാത്രമല്ല പല സാമൂഹ്യക്ഷേമ സംഘങ്ങളുടെ പ്രയത്നങ്ങളിലൂടെയും നേടിയിട്ടുണ്ട്. ഭാവിയിൽ സ്ത്രീകളുടെ നില വീണ്ടും പുരോഗമിക്കും എന്നതിൽ ഒരു സംശയവുമില്ല.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. നമ്മുടെ രാജ്യത്തിന്റെ ഭാവി സ്തംഭങ്ങളാണ്
   അ. വൃദ്ധർ ആ. യുവാക്കൾ ഇ. കുട്ടികൾ
2. കുട്ടികളുടെ ആരോഗ്യപരമായ വളർച്ചയ്ക്ക് സഹായിക്കുന്ന ഭരണപരമായ നിയമമാണ്
   അ. 39(f)വകുപ്പ് ആ. 45-ാം വകുപ്പ് ഇ. 25 -ാം വകുപ്പ്
3. ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസാവകാശം കൊണ്ടുവന്നത് ദിനത്തിലാണ്.
   അ. 1947 ആഗസ്റ്റ് 15 ആ. 1950 ജനുവരി 26 ഇ . 2010 ഏപ്രിൽ 1
4. 73-ഉം 74-ഉം ഭേദഗതി നിയമത്തിന്റെ 33% സംവരണം പ്രാദേശിക തെരെഞ്ഞെടുപ്പിൽ നൽകിയിട്ടുണ്ട്.
   അ. അദ്ധ്യാപകർ ആ.സ്ത്രീകൾ ഇ. ബിരുദധാരികൾ
5. പദ്ധതിയാണ് സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനും അവകാശത്തിനും സഹായം നൽകിയിട്ടുള്ളത്.
   അ. തങ്ങുന്നതിനുള്ള ചെറിയ ഭവനങ്ങൾ ആ . സ്വശക്തിപദ്ധതി
   ഇ. കുടുംബ ഉപദേശകേന്ദ്രങ്ങൾ

### II. പൂരിപ്പിക്കുക

1. നിർഗുണ അനീതിക്കെതിരെയുള്ള നിയമം നടപ്പിലാക്കിയ വർഷം ________.
2. ബുദ്ധിമുട്ടുകളും അത്യാവശ്യങ്ങളും നേരിടുമ്പോൾ ________ നെശിശുക്ഷേമ സേവനങ്ങൾ മുഖേനസഹായിക്കുന്നു.
3. 1978-ലെ ബാല്യവിവാഹ നിരോധനഭേദഗതി നിയമം പെൺകുട്ടികളുടെ വിവാഹ പ്രായത്തെ 15 വയസ്സിൽ നിന്നും________വയസ്സാക്കി ഉയർത്തി.
4. തമിഴ്നാട് നിയമ നിർമ്മാണ സഭ സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്നതിനെ നിരോധിക്കുന്ന നിയമം നടപ്പിലാക്കിയ വർഷം ________ആണ്.
5. കുടുംബ ഉപദേശ കേന്ദ്രങ്ങൾ സാമൂഹ്യദുഷ്ടത അനുഭവിക്കുന്നവർക്കും പീഡിതർക്കും ________ നൽകപ്പെടുന്നു.

### III. യോജിപ്പിക്കുക

| | | | |
|---|---|---|---|
| 1. | 45-ാം വകുപ്പ് | - | ശിശു മരണനിരക്ക് കുറയ്ക്കുക |
| 2. | ഏകോപനശിശുവികസനപദ്ധതി | - | 1961 |
| 3. | ശിശുദിനം | - | പെൺകുട്ടികളെ സാധാരണ ഗതിയിലാക്കൽ |
| 4. | സ്ത്രീധനനിരോധനനിയമം | - | നവംബർ 14 |
| 5. | ഹ്രസ്വകാല ഭവനങ്ങൾ | - | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം |

### IV.ഉത്തരം ചുരുക്കി എഴുതുക

1. ഭരണഘടനയുടെ 24-ാം വകുപ്പ് കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയിട്ടുള്ളത്?
2. കുട്ടികളുടെ ക്ഷേമത്തിനായി നടപ്പാക്കിയ ചില നിയമങ്ങളുടെ പേരെഴുതുക?
3. ഏതു തരം വിദ്യാർത്ഥികൾക്കാണ് റിപ്പബ്ളിക് ദിനത്തിൽ നമ്മുടെ സർക്കാർ പ്രശംസാർഹ സമ്മാനങ്ങൾ നൽകി വരുന്നത്?
4. ഭരണഘടനയുടെ 23-ഉം, 24-ഉം, വകുപ്പുകൾ സ്ത്രീകൾക്ക് ഏതെല്ലാം രീതിയിൽ സഹായങ്ങൾ നൽകുന്നു.
5. 1961-ലെയും 1986-ലെയും സ്ത്രീധനനിരോധനനിയമത്തിന്റെ പ്രാധാന്യമെന്ത്?

## V. വിശദമായി ഉത്തരമെഴുതുക

1. കുട്ടികളുടെ ക്ഷേമത്തിനായും ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടിയും ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളും നടപടികളും എന്തെല്ലാം?
2. സ്ത്രീകൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തികാധികാരം പദ്ധതികളെക്കുറിച്ചെഴുതുക.

### രൂപീകരണ മൂല്യനിർണ്ണയം

1. വിവാദിക്കുക.

ഭരണഘടന നിയമമനുസരിച്ച് 24-ാം മതു വകുപ്പിൽ എപ്രകാരമാണ് ബാലവേല നിരോധനനിയമം വിജയം കണ്ടെത്തിയത്. വിവാദിക്കുക

2. പരസ്യപലക തയ്യാറാക്കൽ

വിദ്യാഭ്യാസാവകാശ നിയമത്തിന്റെ പ്രാധാന്യം വിവരിക്കുന്ന പരസ്യപലകകൾ തയ്യാറാക്കുക.

3. ചർച്ച ചെയ്യുക

സ്ക്കൂൾ പഠനം ഇടയ്ക്ക് നിറുത്തുന്ന പ്രവണത – ഇല്ലാതാക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ കൊണ്ടുവന്നിട്ടുള്ള പദ്ധതികളെ ക്ലാസ് അധ്യാപകരുടെ സഹായത്തോടെ ചർച്ച ചെയ്യുക.

4. മനസ്സിലാക്കൽ

സ്ത്രീകൾ, കുട്ടികൾ ഇവരുടെ മുന്നേറ്റത്തിനായി നിങ്ങളുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കുക.

5. അഭിനയിച്ചു കാണിക്കൽ

കുട്ടികളാണ് നമ്മുടെ നാടിന്റെ ഭാവിസ്തംഭങ്ങൾ എന്ന ആശയത്തെ ആസ്പദമാക്കി ഒരു നാടകം അഭിനയിച്ച് കാണിക്കുക.

# 1. ഉല്പാദനത്തിന്റെ ഘടകങ്ങൾ

സാമ്പത്തിക ശാസ്ത്രം എന്നത് ഒരു സമൂഹ്യശാസ്ത്രമാണ്. ഇത് മനുഷ്യന്റെ ആവശ്യങ്ങളേയും അവയുടെ പൂർത്തികരണത്തേയും കുറിക്കുന്നു. സാമ്പത്തിക ശാസ്ത്രം സാമൂഹിക പ്രശ്നങ്ങളായ തൊഴിലില്ലായ്മ, ദാരിദ്ര്യം, ആരോഗ്യപരിപാലനം,ഉല്പാദനം,സർക്കാർ നയങ്ങൾ എന്നിവയെ കുറിക്കുന്നു.



ആഡംസ്മിത്ത്

ആഡംസ്മിത്തിനെ സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് എന്ന് വിളിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം സാമ്പത്തിക ശാസ്ത്രം എന്നത് സമ്പത്തിനെക്കുറിച്ചുള്ള ശാസ്ത്രമാണ്. ഇദ്ദേഹം പ്രസിദ്ധീകരിച്ച പ്രകൃതിയിലേക്ക് ഒരു അന്വേഷണവും ദേശീയ സമ്പത്ത് കാരണങ്ങളും(An Enquiry in to the Nature and Causes of Wealth of Nation) എന്ന പുസ്തകം സാമ്പത്തിക ശാസ്ത്രത്തിന്റെ ചിട്ടയായ പഠനത്തിന് അടിത്തറപാകി.

ലയോണൽ റോബിൻസ് സാമ്പത്തിക ശാസ്ത്രത്തിന് നൽകുന്ന നിർവ്വചനം സാമ്പത്തിക ശാസ്ത്രം എന്നത് മനുഷ്യന്റെ പെരുമാറ്റങ്ങളെ കുറിച്ച് പഠിക്കുന്ന ഒരു ശാസ്ത്രവും,മനുഷ്യന്റെ ആവശ്യങ്ങളും അവയെ പൂർത്തികരിക്കുന്നതിനുള്ള പരിമിതമായ വഴികളും തമ്മിലുള്ള ബന്ധത്തെയും കുറിക്കുന്നതാണ്.



ലയോണൽ റോബിൻസ്

### സമൂഹവും വിഭവദൗർലഭ്യവും

ഒരു സമൂഹം കൈവശമുള്ള പരിമിതമായ വിഭവങ്ങളെ വ്യത്യസ്ത ഉപയോഗങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു. ദൗർലഭ്യമായ വിഭവങ്ങളെ നല്ല മാർഗ്ഗങ്ങളിലൂടെ പ്രയോജനപ്പെടുത്തുന്ന രീതിയിൽ സാമ്പത്തിക ശാസ്ത്രം രൂപപ്പെടുത്തിയിരിക്കുന്നു.

ആധുനിക ലോകത്തിൽ ജനങ്ങൾ തങ്ങളുടെ നിത്യജീവിതത്തിൽ കൂടുതൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാകുന്നതിന് ആഗ്രഹിക്കുന്നു. തൊഴിലുകളും സാധനങ്ങളും ഉല്പാദിപ്പിച്ച് പൊതു ജനങ്ങൾക്ക് നൽകണം. ഉല്പാദനം എന്നത് പ്രകൃതി വിഭവങ്ങളെ മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന വസ്തുക്കളായി മാറ്റുന്ന പ്രക്രിയയാണ്.

ഒരു രാജ്യത്ത് ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടേയും തൊഴിലുകളുടേയും ഉല്പാദനഅളവിനെആശ്രയിച്ചാണ് ആ രാജ്യത്തിന്റെ ദേശീയ വരുമാനം നിർണ്ണയിക്കുന്നത്. വികസിത രാജ്യങ്ങൾ വൻതോതിൽ സാധനങ്ങളേയും തൊഴിലവസരങ്ങളേയും ഉണ്ടാക്കുന്നതിനാൽ ആവരുടെ ദേശീയ വരുമാനം ഉയർന്ന തോതിൽ കാണപ്പെടുന്നു.

മൂലധനവും തൊഴിൽ ഘടനയും ലഭ്യമാക്കുന്ന ഘടകങ്ങളാണ്.

**നമുക്കു മനസ്സിലാക്കാം**

ഉല്പാദനം എന്നത് പ്രയോജനകരമായ വസ്തുക്കളുടെ സൃഷ്ടിയാണ്. ഉപയോഗം എന്നത് ആഗ്രഹപൂർത്തീകരണ ശക്തിയുമാണ്.

നിലം, തൊഴിലാളികൾ, മൂലധനം, സംഘടനകൾ എന്നിവ സാധനങ്ങളെയും തൊഴിലവസരങ്ങളെയും ഉണ്ടാക്കുന്നതിന് പ്രയോജനപ്പെടുന്നു. ഇവയെ ഉല്പാദനഘടകങ്ങൾ എന്നു പറയുന്നു. യാതൊരു വസ്തുവിന്റെ ഉല്പാദനത്തിനും തൊഴിലവസരത്തിനുമായി ഈ നാലുഘടകങ്ങളും ഒഴിച്ചു കൂടാനാവാത്തതാണ്. ഈ ഒരോ ഘടകവും ഉല്പാദനപ്രക്രിയയ്ക്ക് പ്രധാനപങ്കുവഹിക്കുന്നു.

ഇവയിലേതെങ്കിലും ഒന്നിനെ ഒഴിവാക്കിയാൽ ഉല്പാദനം അസാദ്ധ്യമാകുന്നു. ആയതിനാൽ ഉല്പാദകർ ഈ ഘടകങ്ങളെ ശരിയായ തോതിൽ സംയോജിപ്പിച്ച് ഉല്പാദനം സാധ്യമാക്കുന്നു. ഓരോ ഉല്പാദകന്റെ ലക്ഷ്യം കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം ഉണ്ടാക്കുക എന്നതാണ്. ഉല്പാദനം എന്നത് സാധനങ്ങളുടെ ഉല്പാദനം മാത്രമല്ല മറിച്ച് ഡോക്ടർ, അദ്ധ്യാപകർ എന്നീ സേവനങ്ങളും കൂടി ഉൾക്കൊള്ളിച്ചതാണ്.

**പ്രായോഗികാഭ്യാസം**

സമൂഹത്തിലെ വ്യത്യസ്തമായ സാധനങ്ങളെ എങ്ങനെഉല്പാദിപ്പിക്കപ്പെടുന്നു ?




**ഉല്പാ ദന ഘടകങ്ങളും പ്രതിഫലനങ്ങളും**

- നിലം (വാടക)
- തൊഴിലാളികൾ (കൂലി)
- മൂലധനം (പലിശ)
- സംഘടനകൾ (ലാഭം)

## നിലം

സാധാരണയായി നിലം എന്നത് ഭൂമിയെ കുറിക്കുന്നു. എന്നാൽ സാമ്പത്തിക ശാസ്ത്രത്തിൽ നിലം എന്നാൽ ഭൂമിയിൽ മനുഷ്യ നിർമ്മിതമല്ലാത്ത എല്ലാ വസ്തുക്കളെയും കുറിക്കുന്നു. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന എല്ലാത്തിനേയും സാമ്പത്തിക ശാസ്ത്രത്തിൽ നിലം എന്ന് കരുതുന്നു. ഇതിൽ വായു, സൂര്യപ്രകാശം, ഭൂമി, വനം, നദികൾ, ധാതുക്കൾ എന്നിവ ഉൾപ്പെടുന്നു. ഉല്പാദക ഘടകമായ നിലത്തിന് നൽകുന്ന പ്രതിഫലമാണ് വാടക. നിലം ചില പ്രത്യേക ഗുണങ്ങൾ ഉൾക്കൊണ്ടതാണ്. ഈ സവിശേഷതകൾ മറ്റു ഉല്പാദനഘടകങ്ങളിൽ കാണാൻ സാധിക്കുകയില്ല.

**നമുക്ക് പഠിക്കാം**

നിലവും അധ്വാനവും യഥാർത്ഥ ഘടകങ്ങളാണ്.

മൂലധനവും തൊഴിൽ അവസരവും ലഭിക്കുന്ന ഘടകങ്ങളാണ്.

താഴെ കൊടുത്തിട്ടുള്ള ചിത്രത്തിൽ പ്രകൃതി വരദാനങ്ങളെ കാണാവുന്നതാണ്.



കാടുകൾ



നദി



നിലം



ഖനിജങ്ങൾ

## നിലത്തിന്റെ സ്വഭാവ സവിശേഷതകൾ

1. നിലം ഒരു പ്രകൃതി വരദാനമാണ്.

നിലം മനുഷ്യ നിർമ്മിതമല്ല. അത് നേരത്തേ നിലവിലുള്ളതാണ്.

2. നിലത്തിന്റെ അളവ് സ്ഥിരമായതാണ്


വിസ്തൃതിയെ കൂട്ടുവാനോ, കുറയ്ക്കുവാനോ സാധ്യമല്ല. മനുഷ്യന് നിലത്തിന്റെ ഉപയോഗത്തെ മാറ്റാൻ മാത്രമേ സാധിക്കുകയുള്ളൂ.

3. നിലം സ്ഥിരമായതാണ്.

നിലം സ്ഥിരതയുള്ളതാണ്. അതിനെമനുഷ്യനാൽ നശിപ്പിക്കാൻ സാധ്യമല്ല.

4. നിലം വ്യത്യസ്ത ഫലഭൂയിഷ്ടി യുള്ളതാണ്.

ചില നിലങ്ങൾ വളരെയധികം വളക്കൂറുള്ളതാണ്. ചില നിലങ്ങൾ കുറഞ്ഞ വളക്കൂറുള്ളവയാണ്. രണ്ടു നിലങ്ങൾക്ക് ഒരിക്കലും സമാനഗുണങ്ങൾ കാണുകയില്ല.



ശാരീരിക അധ്വാനം



മാനസിക അധ്വാനം

5. ഉല്പാദക ഘടകങ്ങളിൽ ചലനമറ്റതാണ് നിലം.

നിലത്തിന് സ്വമേധയാ ഒരു വസ്തുവും ഉല്പാദിപ്പിക്കാൻ കഴിയില്ല. മനുഷ്യൻ നിലത്തിൽ പ്രയത്നിച്ചാൽ മാത്രമേ സാധനങ്ങൾ ഉല്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ.

## അദ്ധ്വാനം

വരുമാനവും പ്രതിഫലവും ലഭിക്കുന്നതിനു വേണ്ടി കൈകൊള്ളുന്ന ജോലിയെയാണ് അധ്വാനം എന്ന് പറയുന്നത്. അധ്വാനം മാനസികമായതോ, ശാരീരി കമായതോ ആകാം. ഒരു പാചകക്കാരൻ ചെയ്യുന്ന അദ്ധ്വാനം ശാരീരികമാണ്. ഒരു അദ്ധ്യാപകൻ ചെയ്യുന്ന ജോലി മാനസികമായതാണ്. ഏതെങ്കിലും ജോലി ആനന്ദത്തിന് വേണ്ടി

ചെയ്യുകയാണെങ്കിൽ അതിനെ അദ്ധ്വാനമായി കാണാൻ പാടില്ല. അദ്ധ്വാനം എന്ന ഉത്പാദകഘടകത്തിന് (വേതനം) നൽകുന്ന പ്രതിഫലത്തെ ശമ്പളം എന്ന് പറയുന്നു.

**പ്രായോഗികാഭ്യാസം**

നിങ്ങളുടെ പരിസരത്ത് ഭൂരിഭാഗം ജനങ്ങളും എവിടെ ജോലി ചെയ്യുന്നു ?

## അദ്ധ്വാനത്തിന്റെ സ്വഭാവസവിശേഷതകൾ

**1. അദ്ധ്വാനം നശ്വരമാണ്**

മറ്റ് വസ്തുക്കളെപോലെ ശേഖരിച്ചുവയ്ക്കാൻ കഴിയില്ല. അധ്വാനശക്തി ഒരിക്കൽ നഷ്ടപ്പെട്ടാൽ വീണ്ടെടുക്കാൻ സാദ്ധ്യമല്ല.

**2. അദ്ധ്വാനം അവിഭാജ്യഘടകമാണ്.**

തൊഴിലാളിയിൽ നിന്നും അദ്ധ്വാനത്തെ വേർതിരിക്കാൻ സാദ്ധ്യമല്ല. ഉദാഹരണത്തിന് നർത്തകരിൽ നിന്നും നൃത്തത്തെ വേർതിരിക്കാൻ കഴിയില്ല.

**3. അദ്ധ്വാനശക്തി വ്യക്തിക്ക് വ്യക്തി വ്യത്യാസപ്പെട്ടതാണ്.**

ഒരേ വിദ്യാഭ്യാസവും പരിശീലനവും ലഭിച്ച വ്യക്തികൾ ആയിരുന്നാലും അവരുടെ സാമർത്ഥ്യത്തിൽ വ്യത്യാസം കാണാവുന്നതാണ്. ഇത് വേതനത്തിൽ മാറ്റത്തെ ഉണ്ടാക്കുന്നു.

**4. അദ്ധ്വാനസ്ഥലം മാറുന്ന സ്വഭാവം ഉള്ളതാണ്.**

മനുഷ്യൻ കുറഞ്ഞ വേതനമുള്ള ജോലിയിൽ നിന്നും കൂടുതൽ വേതനമുള്ള ജോലി തേടി ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നു.

**5. തനിച്ചുള്ള അദ്ധ്വാനം നഷ്ടകച്ചവടമാണ്.**

ഇന്ത്യയെപോലെ വികസ്വര രാജ്യങ്ങളിലെ തൊഴിലാളികൾ തൊഴിലില്ലായ്മ കാരണമായി കുറഞ്ഞവേതനത്തിന് ജോലി ചെയ്യാൻ നിർബന്ധിക്കപ്പെടുന്നു. തൊഴിൽ സംഘടനകളുടെ ആരംഭം നഷ്ടകച്ചവടത്തിൽ നിന്നും തൊഴിലാളികളെ പുരോഗതിയിലേക്ക് നയിച്ചു.

## അദ്ധ്വാനസാമർത്ഥ്യം

അദ്ധ്വാനസാമർത്ഥ്യം എന്നത് ഒരു തൊഴിലാളിയുടെ അധിക പരിശ്രമവും, നല്ല ഉല്പാദനക്ഷമതയുമാണ്. നല്ല സാമർത്ഥ്യമുള്ള തൊഴിലാളിയായാൽ ഉൽപാദനത്തെ വർദ്ധിപ്പിക്കുവാനും, സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുവാനും സാധിക്കും. ഒരു തൊഴിലാളിയുടെ സാമർത്ഥ്യം എന്നത് പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

അ. കാലാവസ്ഥാസ്ഥിതി.
ആ. വർഗ്ഗ, പാരമ്പര്യ ഘടകങ്ങൾ.
ഇ. ജോലി സ്ഥലത്തെ നല്ല പ്രവർത്തന സ്ഥിതി.
ഈ.ജോലിയുടെ ദൈർഘ്യം

ഉ. ദുരന്തം, അപകടം, നിക്ഷേപനിധി എന്നിവയ്ക്ക്ലഭിക്കുന്നസംരക്ഷണ രീതി കൾ.

## തൊഴിൽ വിഭജനത്തിന്റെ അർത്ഥം

സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവായ ആഡംസ്മിത്ത് അദ്ദേഹത്തിന്റെ “രാജ്യങ്ങളുടെ സമ്പത്ത്” എന്ന പുസ്തകത്തിൽ അദ്ധ്വാന വിഭജനത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. മൊട്ടുസൂചി

നിർമ്മാണത്തെയാണ് ഉദാഹരണമായി അദ്ദേഹം ചൂണ്ടികാട്ടിയത്.

## അർത്ഥം

അധ്വാനവിഭജനം എന്നത് ഉത്പാദനപ്രക്രിയയെ പല ഭാഗങ്ങളായി പിരിച്ച് ആ വിഭാഗങ്ങളെ ഓരോ തൊഴിലാളിയുടേയോ അല്ലെങ്കിൽ ഒരു കൂട്ടം തൊഴിലാളിയുടെയോ കൈയിൽ ഏൽപ്പിക്കുന്ന പ്രക്രിയയാണ്.

ആഡംസ്മിത്ത് മൊട്ടുസൂചി നിർമ്മാണ പ്രക്രിയയെ മുകൾ ഭാഗം നിർമ്മിക്കൽ, കൂർമ്മപ്പെടുത്തൽ എന്നിങ്ങനെ18 വ്യത്യസ്ത പ്രക്രിയകളായി തിരിച്ചിരിക്കുന്നു. അധ്വാന വിഭജന ഫലമായി ഓരോ 10 തൊഴിലാളികളും ഒരു ദിവസം 48000 മൊട്ടുസൂചികൾ നിർമ്മിക്കുന്നു. ഒരാൾ ഒരു ദിവസം 4800 മൊട്ടുസൂചികൾ നിർമ്മിക്കുന്നു. അധ്വാനവിഭജനമോ യന്ത്രങ്ങളോ ഇല്ലെങ്കിൽ ഒരു ദിവസം ഒരാൾക്ക് ഒരു മൊട്ടുസൂചി മാത്രമേ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

## അധ്വാനവിഭജനത്തിന്റെ ഗുണങ്ങൾ

1. ഉത്പാദനം വർദ്ധിക്കുന്നു
2. വൈദഗ്ദ്ധ്യം വർദ്ധിക്കുകയും, കഴിവ് കൂട്ടുകയും ചെയ്യുന്നു.
3. കൂടുതൽ ഉത്പാദനം സാദ്ധ്യമാക്കുന്നു.
4. സമയലാഭം, ഉപകരണ ലാഭം എന്നിവ ഉണ്ടാകുന്നു.
5. അധ്വാനവിഭജനത്താൽ യോജിച്ച ജോലിക്ക് അനുയോജ്യമായ തൊഴിലാളിയെ നിയമിക്കാൻ സാധിക്കുന്നു.

## അധ്വാനവിഭജനത്തിന്റെ ദോഷങ്ങൾ

1. ഒരേ ജോലി വീണ്ടും വീണ്ടും ചെയ്യുന്നതിനാൽ തൊഴിലാളികളിൽ (monotonous) വിരസത ഉണ്ടാകുന്നു.
2. അധ്വാനവിഭജനം മനുഷ്യത്വത്തെ നശിപ്പിക്കുന്നു.
3. കൈത്തൊഴിലുകളുടെ നാശത്തിന് കാരണമാകുന്നു.
4. ഒരു സാധനം പൂർണ്ണമായി നിർമ്മിക്കാൻ സാധിക്കാത്തതിനാൽ തൊഴിലാളികൾക്ക് തൃപ്തിയുണ്ടാകുന്നില്ല.
5. ജോലിയിൽ ചെറിയ പരിശീലനം മാത്രമുള്ളതിനാൽ മറ്റു ജോലികൾക്കായുള്ള സാദ്ധ്യതകളും കുറയുന്നു.

## മൂലധനം

മൂലധനം എന്നത് പൊതുവായി സമ്പത്തിനെസൂചിപ്പിക്കുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ മൂലധനം എന്നത് മനുഷ്യനിർമ്മിത സമ്പത്തിനെകൂടുതൽ സമ്പാദ്യത്തിനായി ഉപയോഗപ്പെടുത്തുന്നതാണ്. മൂലധനത്തിൽ യന്ത്രങ്ങൾ, ഉപക രണങ്ങൾ മറ്റു അത്യാവശ്യസാധനങ്ങൾ എന്നിവ ഉൾപ്പെടുന്നു. കെട്ടിടം തൊഴിൽ ശാലയായിരുന്നാൽ അതിനെമൂലധനമായി കണക്കാക്കുന്നു. എന്നാൽ അത് താമസത്തിനായി ഉപയോഗിക്കുകയാണെങ്കിൽ അതിനെ മൂലധനമായി കണക്കാക്കില്ല. എല്ലാ സമ്പത്തും മൂലധനമല്ല. എന്നാൽ എല്ലാമൂലധനവും സമ്പത്താണ്. ഉല്പാദനഘടകമായ മൂലധനത്തിന് നല്കുന്ന പ്രതിഫലത്തെയാണ് പലിശ എന്നു പറയുന്നത്.

**പ്രായോഗികാഭ്യാസം**

ഒരു വസ്ത്ര നിർമ്മാണ ശാല ആരംഭിക്കാൻ ആവശ്യമായ മൂലധനം എത്രയാണെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ ?

മനുഷ്യ മൂലധനത്തെകുറിച്ച് ചിന്തിക്കുക. എന്ത് വൈദഗ്ദ്യമാണ് നിങ്ങൾക്കുള്ളത് ?

## മൂലധനത്തിന്റെ തരങ്ങൾ

**1. ഭൗതിക മൂലധനം**

മനുഷ്യനിർമ്മിത ഭൗതിക വസ്തുക്കളായ കെട്ടിടങ്ങൾ, യന്ത്രങ്ങൾ എന്നിവയ്ക്കായി നിക്ഷേപിക്കുന്ന മൂലധനത്തെ ഭൗതിക മൂലധനം എന്നു പറയുന്നു.







**2. ധനമൂലധനം**

പണത്തിന്റെ രൂപത്തിലോ, ധനപരമായ ഉപകരണങ്ങളായോ മുടക്കുന്നതിനെയാണ് ധനമൂലധനം എന്നു പറയുന്നത്.

**3. മനുഷ്യ മൂലധനം**

വിദ്യാഭ്യാസം, പരിശീലനം, ആരോഗ്യപരിപാലനം എന്നിവയ്ക്കു വേണ്ടി മുതൽ മുടക്കുന്നതിനെമനുഷ്യ മൂലധനം എന്നുപറയുന്നു.

## മൂലധനത്തിന്റെ സ്വഭാവ സവിശേഷതകൾ

മൂലധനം എന്നത് നിഷ്ക്രിയമായ ഉല്പാദകഘടകമാണ്. നിലത്തെപ്പോലെ തന്നെ അധ്വാനമില്ലെങ്കിൽ മൂലധനം നിഷ്ക്രിയമാണ്.

**2. മൂലധനം മനുഷ്യ നിർമ്മിതമാണ്**

നിലവും അധ്വാനവും യഥാർത്ഥഘടകങ്ങളാണ്. മൂലധനം സമ്പാദ്യത്തിൽ നിന്നും ഉണ്ടാകുന്നു.

**3. മൂലധനം ഉല്പാദനസ്വഭാവമുള്ളതാണ്**

ഇത് ഉല്പാദനയോഗ്യമാണ്. എന്തെന്നാൽ ഇത് വരുമാനത്തെ ഉണ്ടാക്കുന്നു.

**4. മൂലധനം വളരെക്കാലം നിലനിൽക്കും**

മൂലധനം നീണ്ടനാൾ നിലനിൽക്കുന്നു. ഇത് അപ്രത്യക്ഷമാകുന്നില്ല. മൂലധനത്തെ നിശ്ചലമാക്കി സൂക്ഷിക്കാനും വീണ്ടും ഉപയോഗിക്കാനും സാധിക്കുന്നു.

**5.മൂലധനം ഉയർന്ന ചലനശേഷിയുള്ളതാണ്**

നിലം പൂർണ്ണമായും നിശ്ചലമാണ്. അദ്ധ്വാനം കുറഞ്ഞ ചലനശേഷിയുള്ളതാണ്. മൂലധനം സ്ഥലത്തിനനുസരിച്ചും തൊഴിലിനനുസരിച്ചും പ്രവർത്തിക്കുന്നു.

## തൊഴിൽ ഘടന

ഉല്പാദനം എന്നത് നിലം, അധ്വാനം, മൂലധനം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ ഘടകങ്ങളെ ശരിയായ അനുപാതത്തിൽ സംയോജിപ്പിച്ച്, ഉല്പാദനപ്രക്രിയയെ ഏകീകരിക്കാൻ ഒരു ഘട്ടം ആവശ്യമാണ്. ഈ ഘട്ടത്തെ "തൊഴിൽ ഘടന" എന്നു പറയുന്നു.



ഒരു വ്യവസായി ഉത്പാദനഘടകങ്ങളെ ശരിയായരീതിയിൽ ഏകീകരിക്കുകയും ഉത്പാദനപ്രക്രിയ ആരംഭിക്കുകയും, ഈ പ്രക്രിയ ഉണ്ടാക്കുന്ന ദുരന്തത്തെയും, അനിശ്ചിതത്വത്തെയും ഏറ്റെടുക്കുകയും ചെയ്യുന്ന ആളാണ് ഒരു വ്യവസായിയെ സമൂഹത്തിന്റെ ഇടനിലക്കാരൻ എന്ന് വിളിക്കുന്നു.

**പ്രായോഗികാഭ്യാസം**

നല്ല വ്യവസായി സംരംഭകനാകാൻ ആവശ്യമായ ഗുണങ്ങൾ എന്തെല്ലാമാണ്?

ഒരു വ്യവസായിയോട് ആശയവിനിമയം ചെയ്ത് അദ്ദേഹത്തിന്റെ വ്യവസായ വിജയത്തെക്കുറിച്ച് വിശകലനം ചെയ്യുക.

**പവർത്തനങ്ങൾ**

1. ലാഭകരമായ മുതൽമുടക്ക് അവസരങ്ങൾ കണ്ടെറിയൽ.
2. ഉത്പാദനസ്ഥലങ്ങളെ തീരുമാനിക്കുക.
3. നവീകരണമുണ്ടാക്കുക.
4. അപകട ഉത്തരവാദിത്വം ഏറ്റെടുക്കുക.
5 സമ്പദ് ഘടനയുടെ വ്യത്യസ്ഥ മേഖലകൾ.


മനുഷ്യന്റെ വ്യത്യസ്ത തൊഴിലുകളെ മൂന്ന് മേഖലകളായി തിരിക്കാം അവ പ്രാരംഭമേഖല, ദ്വിതീയ മേഖല, ത്രിതീയ മേഖല എന്നിവയാണ്. കർഷകതൊഴിലാളി
കൾ അവരുടെ നിലങ്ങളിൽ കൃഷി ചെയ്യുന്നു.

വ്യവസായതൊഴിലാളികൾ സാധനങ്ങൾ ഉത്പാദിപ്പിക്കുന്നു. അദ്ധ്യാപകർ, ഡോക്ടർ, ബാങ്ക് ജീവനക്കാർ, ഗതാഗതജീവനക്കാർ, എന്നിവർ തങ്ങളുടെ ജോലികൾ ചെയ്യുന്നു.



തൊഴിൽ ഘടന

സാമ്പത്തിക പ്രവർത്തനങ്ങളുടെ ചക്രങ്ങൾ ചുറ്റികൊണ്ടേയിരിക്കും. ദ്വിതീയ, ത്രിതീയ മേഖലകളിലൂടെയുള്ള വസ്തുക്കളുടെയും, സേവനങ്ങളിലൂടെയും, ചലനത്തെ ഉത്പാദനചങ്ങല എന്ന് പറയുന്നു.




## പ്രാരംഭ മേഖല (Primary Sector)

സമ്പത്ത് വ്യവസ്ഥയുടെ പ്രാരംഭ മേഖല എന്നത് പ്രകൃതി വിഭവങ്ങളെ പ്രാരംഭ ഉത്പന്നങ്ങളാക്കി മാറ്റുന്നതാണ് ഈ മേഖല ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം, അസംസ്കൃത വസ്തുക്കളുടെ ഉത്പാദനം എന്നിവയെക്കുറിക്കുന്നതാണ്. ഇവയെ പ്രാഥമിക ഉത്പന്നങ്ങൾ എന്നു പറയുന്നു. ഈ ഉത്പന്നങ്ങൾ കൂടുതലും മറ്റ് വ്യവസായങ്ങൾക്കുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളായിരിക്കും. ഈ മേഖലയിൽ പ്രധാനമായി കൃഷി, മത്സ്യബന്ധനം, വനസംരക്ഷണം, ഖനനം, പാറളടയ്ക്കൽ, എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയിൽ വലിയൊരു വിഭാഗം ജനങ്ങൾ ഈ മേഖലയിൽ ജോലി ചെയ്യുന്നവരാണ്. വികസിത രാജ്യങ്ങളിൽ പ്രാഥമിക ഉല്പാദനമേഖലയിൽ കൂടുതൽ മുതൽ മുടക്കുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ കൃഷിയാണ് ഏറ്റവും വലുതും പ്രധാനവുമായ മേഖല അർഹിക്കുന്നതാണ്.

## ദ്വിതീയ മേഖലകൾ(Secondary Sector)

ദ്വിതീയ മേഖല എന്നത് പ്രാരംഭമേഖലയിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെ ഉപയോഗയുക്തമായ ഉല്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ്.


ഇതിനെഉല്പാദനമേഖല എന്നും വിളിക്കുന്നു. ഇത് അസംസ്കൃത വസ്തുക്കളെ പൂർണ്ണ വസ്തുക്കളായോ, അർദ്ധ പൂർണ്ണ വസ്തുക്കളായോ മാറ്റുന്ന പ്രക്രിയയാണ്. ഈ മേഖലയിൽ വൻകിട വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുന്നു. ദ്വിതീയമേഖലകളോട് ബന്ധപ്പെട്ട തൊഴിലുകൾ ലോഹതൊഴിൽ, ഉരുക്കൽ, വസ്ത്ര നിർമ്മാണം, രാസ വ്യവസായം, യന്ത്ര നിർമ്മാണം, കപ്പൽ നിർമ്മാണം, വ്യവസായം എന്നിവ ഉൾ പ്പെടുന്നു.

## തൃതീയ മേഖല (Tertiary Sector)

തൃതീയ മേഖല എന്നത് സേവന മേഖലയാണ്. ഈ മേഖല വ്യാപാര മേഖലക്കും, പൊതു ജനങ്ങൾക്കും സേവനം ലഭ്യമാക്കുന്നു. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഇൻഷ്യുറൻസ്, ബാങ്കിംഗ്, ആരോഗ്യപരിപാലനം, ഗതാഗതം,വാർത്താവിനിമയം, ചില്ലറ മൊത്തവ്യാപാരങ്ങൾ എന്നിവയാണ്.

നമ്മുടെ രാജ്യത്ത് സേവനമേഖലയിൽ വളരെ ആകർഷകമായ തൊഴിലവസരങ്ങൾ ധാരാളമുണ്ട്. പല വികസിത രാജ്യങ്ങളിലും ഈ മേഖലയിൽ വളരെ അധികം ആളുകൾ അർപ്പണ ബോധത്തോടെ ജോലി ചെയ്യുന്നു. അമേരിക്കൻ ഐക്യനാടുകളിൽ 80% തൊഴിലാളികൾ തൃതീയ മേഖലയിൽ ഉള്ളവരാണ്. തൃതീയ മേഖല ആഗോള സമ്പദ് വ്യവസ്ഥയിൽ ഒരു പ്രധാനപങ്ക് വഹിക്കുന്നു.

സമ്പത്ഘടനയുടെ വിഭാഗങ്ങൾ




അങ്ങനെ മൂന്നു മേഖലകളും ഒന്നിനോടൊന്ന് ആശ്രയിച്ചിരിക്കുന്നു.

## അഭ്യാസം

### I ശരിയായി ഉത്തരം തെരെഞ്ഞെടുക്കുക.

1. സാമ്പത്തിക ശാസ്ത്രം എന്നത് ഒരു ______________ വിജ്ഞാനമാണ്.
   അ. സമൂഹം ആ. രാഷ്ട്രീയം ഇ.ഗുണപാഠം
2. ഉല്പാദനഘടകങ്ങൾ ______________ ഉണ്ട്.
   അ.2 ആ.4 ഇ.5
3. അധ്വാനത്തെ ______________ നിന്നും വേർതിരിക്കാൻ സാധ്യമല്ല.
   അ.തൊഴിൽ ദാതാവ് ആ.ലാഭം ഇ.മൂലധനം
4. മൂലധനത്തെ പൊതുവായി ______________ എന്നു പറയുന്നു.
   അ.കെട്ടിടങ്ങൾ ആ.യന്ത്രങ്ങൾ ഇ.പണം
5. സംയോജകൻ എല്ലായ്പ്പോഴും ______________ ഉണ്ടാകുന്നു.
   അ.നവീകരണം ആ.പാരമ്പര്യം ഇ.ഉത്തരവാദിത്വം
6. മൂലധനത്തിന് നൽകുന്ന പ്രതിഫലത്തെ ______________ എന്ന് പറയുന്നു.
   അ.വാടക ആ.വേതനം ഇ.പലിശ
7. വിദ്യാഭ്യാസത്തിലുള്ള മുതൽ മുടക്ക് ______________ മൂലധനം എന്നു പറയുന്നു.
   അ.ഭൗതികം ആ.മാനുഷികം ഇ.പണം
8. ഉല്പാദനത്തിന്റെ ഘടകമായ അധ്വാനത്തിന് നല്കുന്ന പ്രതിഫലത്തെ ______________ എന്നു പറയുന്നു.
   അ.വാടക ആ.വേതനം ഇ.ലാഭം
9. അമേരിക്കൻ ഐക്യനാടുകളിൽ ______________ ൽ കൂടുതൽ തൊഴിലാളികൾ തൃതീയ മേഖലകളിൽ ജോലി ചെയ്യുന്നു.
   അ.60% ആ.40% ഇ.80%
10. കൃഷിയെ ______________ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
   അ.പ്രാരംഭം ആ..ദ്വിതീയം ഇ. തൃതീയം

### II പൂരിപ്പിക്കുക

1. ഉല്പാദനം എന്നത് ______________ സൃഷ്ടിയാണ്.
2. ______________ എന്നാൽ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന ശക്തി എന്നാണർത്ഥം.
3. ______________നേയും ______________നേയും യഥാർത്ഥ ഉല്പാദകഘടകങ്ങൾ എന്നുപറയുന്നു.
4. ______________ എന്നത് പ്രകൃതിനൽകുന്ന വരദാനമാണ്.
5. മൂലധനത്തെയും, തൊഴിലവസരത്തേയും ______________ എന്നു പറയുന്നു.
6. അദ്ധ്വാനവിഭജനത്തെ ഉണ്ടാക്കിയത് ______________ ആണ്.
7. ______________ സമൂഹമാറ്റത്തെ ഉണ്ടാക്കുന്ന ഇടനിലക്കാരനാണ്.
8. ദ്വിതീയ മേഖലയെ______________ എന്നു പറയുന്നു.
9. സമ്പദ്ശാസ്ത്രത്തിലെ തൃതീയ മേഖല എന്നത്______________ വ്യവസായമാണ്.
10. പ്രകൃതിയിലേക്ക് അന്വേഷണവും ദേശീയ സമ്പദ്കാരണങ്ങളും എന്ന പുസ്തകമെ ഴുതിയത്______________ ആണ്.

## III. ചുരുക്കി ഉത്തരമെഴുതുക

1. സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ച് ലിയോനൽ റോബിൻസിന്റെ അഭിപ്രായമെന്ത് ?
2. സമ്പദ്വ്യവസ്ഥയിലെ മൂന്ന് മേഖലകൾ ഏതെല്ലാം ?
3. അദ്ധ്വാനവിഭജനം എന്നാലെന്ത് ?
4. മൂലധനത്തിന്റെ രൂപങ്ങൾ ഏതെല്ലാം ?
5. ഉല്പാദനഘടകങ്ങൾ ഏതെല്ലാം ? അവയുടെ പ്രതിഫലങ്ങൾ ഏതെല്ലാം ?

## IV ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.

1. നിലത്തിന്റെ സവിശേഷ സ്വഭാവങ്ങളെക്കുറിച്ച് എഴുതുക?
2. വ്യവസായ സംരംഭകന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം?

## V വിശദമായ ഉത്തരമെഴുതുക.

1. അദ്ധ്വാനവിഭജനത്തിന്റെ ഗുണദോഷങ്ങളെ വിവരിക്കുക?
2. തൃതീയ മേഖലയെക്കുറിച്ചെഴുതുക?

## രൂപീകരണ മൂല്യനിർണ്ണയം

1. പല വിധത്തിലുള്ള തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ചിത്രങ്ങൾ ശേഖരിക്കുക.
2. പല തരത്തിലുള്ള തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ വരുമാനങ്ങളെപ്പറ്റിയും കണക്കെടുക്കുക,
3. ഒരു പണമിടപാട് ബാങ്കിന്റെ മാതൃക തയ്യാറാക്കുക.
4. നിങ്ങളിലുള്ള പ്രത്യേക കഴിവുകളെ കണ്ടെത്തി പട്ടികയാക്കുക.
5. ഗ്രാമത്തിലെ ജനങ്ങൾ ചെയ്യുന്ന പ്രവൃത്തികളെ ചിത്രമാക്കുക
6. നിങ്ങളുടെ നഗരത്തിലുള്ള ബാങ്കിനെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
7. തൃതീയ മേഖലയിലുള്ള ജോലികളെ പട്ടികയാക്കുക.
8. തൊഴിലവസരം തേടുന്നവർ തൊഴിൽ ആരംഭിക്കാൻ ശ്രമിക്കുന്നവർ എന്നിവർക്കു വേണ്ടനിർദ്ദേശങ്ങളെന്തൊക്കെ?
9. വിവിധ നാടുകളിലെ നാണയങ്ങളെ കുറിച്ചെഴുതുക.
10. ശാരീരികാധ്വാനം, മാനസീകാധ്വാനം എന്നിവയെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ ശേഖരിക്കുക.

## 2. നികുതിയും അതിന്റെ പ്രാധാന്യവും

**വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ടവ:**


- നികുതിയുടെ നിർവചനവും അതിന്റെ വകഭേദങ്ങളും
- പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും തമ്മിലുള്ള വ്യത്യാസങ്ങൾ
- പ്രത്യക്ഷ നികുതിയുടേയും പരോക്ഷ നികുതിയുടേയും വിവിധ തരങ്ങളെക്കുറിച്ചുള്ള പട്ടിക തയ്യാറാക്കൽ.
- നികുതി ചെലുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചറിയാൻ
- VAT, TDS, CENVAT എന്നിവയെക്കുറിച്ച് മനസ്സിലാക്കൽ.

വരുമാനം, വാണിജ്യത്തിൽനിന്നുള്ള ലാഭം അഥവാ ചില വസ്തുക്കളിന്മേലുള്ള അധികമൂല്യം. സേവനങ്ങൾ, ഇടപാടുകൾ എന്നിവയിൽനിന്നും നിയമാനുസൃതവും നിർബന്ധിതവുമായി സർക്കാർ ഈടാക്കുന്ന തുകയെ നികുതി എന്നു പറയുന്നു.

നികുതി (നികുതി അഥവാ ടാക്സ് എന്ന പദം 'വിഹിതം' എന്നർത്ഥം വരുന്ന ലാറ്റിൻ ഭാഷയിലെ 'ടാക്സോ' എന്ന പദത്തിൽനിന്നും രൂപംകൊണ്ടതാണ്) എന്നത്, രാജ്യം പൗരന്മാരിൽ നിന്നും പിരിച്ചെടുക്കുന്ന തുകയാണ്. ഭരണകൂടത്തിന്റെ പ്രവർത്തനത്തിനും വിവിധ പൊതുക്ഷേമ സ്ഥാപനങ്ങളുടെ ചെലവിനുമായി വേണ്ടി വരുന്ന തുക നികുതിദായകരിൽ ചുമത്തുന്നു. നികുതി, പ്രത്യക്ഷ നികുതിയെന്നും പരോക്ഷ നികുതിയെന്നും രണ്ടുതരത്തിലുണ്ട്.

നികുതി, മനുഷ്യ സംസ്ക്കാരത്തിന്റെ നിർമ്മാണ ശിലയായി കരുതപ്പെടുന്നു. ചരിത്ര രേഖകളനുസരിച്ച് ആദ്യമായി രൂപീകൃത സമൂഹം നിലവിലുണ്ടായിരുന്ന സുമർ രാജ്യത്തിൽ നികുതി വ്യവസ്ഥ ഏർപ്പെടുത്തിയിരുന്നു. ഈ തുക പൗരന്മാർ കൃത്യമായി സർക്കാരിന് ചെലുത്തിയിരുന്നു. പുരാതന ഗ്രീക്ക് റോമൻ സാമ്രാജ്യങ്ങളിലും നികുതി ഒരു അടിസ്ഥാന ഘടകമായിരുന്നു. തമിഴ്നാട്ടിലും നികുതി വ്യവസ്ഥ നിലവിലുണ്ടായിരുന്നതായി ഉത്തിരമേരൂർ ശിലാശാസനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ട് പ്രധാന നികുതി വിഭാഗങ്ങളേയും അവയുടെ പ്രാധാന്യത്തെയും കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.




### I. പ്രത്യക്ഷ നികുതി :

വ്യക്തികളുടേയോ സ്ഥാപനങ്ങളുടേയോ വരുമാനം, സ്വത്ത് എന്നിവയ്ക്ക് മേൽ ഗവൺമെന്റ് ചുമത്തുന്ന ഒരു തുകയാണിത്. പ്രത്യക്ഷ നികുതി ചുമത്തപ്പെട്ട വ്യക്തിയോ സ്ഥാപനമോ ചെലുത്തേണ്ടതാണ്. അത് മറ്റൊരു വ്യക്തിയിലേയ്ക്കോ സ്ഥാപനത്തിലേയ്ക്കോ മാറ്റാവുന്നതല്ല.

നികുതിദായകർ നേരിട്ട് കേന്ദ്രഗവൺമെന്റിലേയ്ക്ക് നികുതി ചെലുത്തുന്നതുകൊണ്ട് ഇതിനെ പ്രത്യക്ഷ നികുതി എന്നു പറയുന്നു.

#### പ്രധാനപ്പെട്ട പ്രത്യക്ഷ നികുതികൾ :

**1. വരുമാന നികുതി :**

ഒരു വ്യക്തിയോ സ്ഥാപനമോ അഥവാ നികുതി ചെലുത്തേണ്ടുന്ന ഘടകമോ അവരുടെ പ്രവർത്തനങ്ങൾ, വിപണനം, നിക്ഷേപം, വസ്തുവകകളുടെ ക്രയവിക്രയം കേന്ദ്രനിയമമനുസരിച്ചുള്ള ഇതര മാർഗ്ഗങ്ങളിലൂടെ നേടുന്ന വാർഷിക വരുമാനം എന്നിവയ്ക്കുമേൽ കേന്ദ്ര ഗവൺമെന്റ് ചുമത്തിയിട്ടുള്ള തുകയാണ് വരുമാന നികുതി. നിശ്ചിത പരിധിക്കുമേൽ വാർഷിക വരുമാനം ഉള്ളവർ വരുമാന നികുതി ചെലുത്തേണ്ടതാണ്.

**നിങ്ങൾക്കറിയാമോ?**

TDS എന്നത് Tax Deduction at Source (വരുമാന ഉറവിടത്തിൽത്തന്നെ നികുതി കുറവു ചെയ്യുക.)

## 2. കോർപ്പറേറ്റ് നികുതി :

ഒരു കമ്പനിയുടെ ലാഭത്തിന്മേൽ ഗവൺമെന്റിന് ചുമത്തുന്ന നികുതിയാണ് കോർപ്പറേറ്റ് നികുതി.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഈ നികുതി ചെലുത്തുന്നുണ്ട്. കോർപ്പറേറ്റ് നികുതി ചെലുത്തുന്ന കമ്പനികളിൽ ഇന്ത്യക്കുള്ളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കമ്പനികളും വിദേശ കമ്പനികളും ഉൾപ്പെടുന്നു. ഈ നികുതി ഗവൺമെന്റിന്റെ വരുമാനത്തിനുള്ള ഒരു പ്രധാന ഉറവിടമാണ്.

**നിങ്ങൾക്കറിയാമോ?**

ഒരു മരിച്ച വ്യക്തി വിട്ടുപോയ സ്വത്തിന്റെ നികുതി അവകാശികളിൽനിന്നും പിരിച്ചെടുക്കുന്നതാണ് എസ്റ്റേറ്റ് നികുതി. അതിപ്പോൾ നിലവിലില്ല.

## 3. സമ്മാന നികുതി :

ഒരു വ്യക്തിക്ക് സമ്മാനമായി ലഭിക്കുന്ന രൂ. 50,000/- നു മേൽ വരുന്ന തുകയ്ക്ക് നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ വിവാഹ സമ്മാനം, ബന്ധുക്കളിൽനിന്നും ലഭിക്കുന്ന തുക, പാരമ്പര്യമായി ലഭിക്കുന്ന സ്വത്ത് എന്നിവയെ ഈ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.




## 4. സ്വത്തു നികുതി :

തദ്ദേശീയ സ്വയംഭരണ സ്ഥാപനത്തിൽ ഒരു വ്യക്തി, തനിക്കു സ്വന്തമായ വീട്, വാടകയ്ക്ക് വിടപ്പെട്ട വീട്, ഓഫീസ് കെട്ടിടങ്ങൾ, സ്ഥലം എന്നിവയ്ക്കായി അടയ്ക്കുന്ന വാർഷിക നികുതിയെ സ്വത്തു നികുതി എന്നു പറയുന്നു. ഒരു സ്വത്തിന്റെ നിലവിലുള്ള പ്രദേശം, കെട്ടിടത്തിന്റെ വിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി നികുതി നിർണ്ണയിക്കപ്പെടുന്നു.

പിരിച്ചെടുക്കുന്ന നികുതികൊണ്ട് പൊതുജനാവശ്യമായ റോഡ്, വിദ്യാലയം, ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കായും ഉപയോഗപ്പെടുത്തുന്നു. ഗവൺമെന്റ് കെട്ടിടങ്ങളും സ്വത്തു നികുതിക്ക് വിധേയമാണ്. വൈദ്യുത നികുതി, ജലനികുതി, മലിന ജല നിർമ്മാർജ്ജന നികുതി എന്നിവയും സ്വത്തു നികുതിയിൽ ഉൾപ്പെടുന്നു.

## II. പരോക്ഷ നികുതികൾ :

ഉപഭോഗം, ചെലവ്, ചില പ്രത്യേക അവകാശങ്ങൾ എന്നിവയുടെ മേൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ചുമത്തുന്ന നികുതി പരോക്ഷ നികുതിയാകുന്നു. വിൽപന നികുതി, ഇറക്കുമതിച്ചുങ്കം, കയറ്റുമതിച്ചുങ്കം എന്നിവയും പരോക്ഷ നികുതികൾക്ക് ഉദാഹരണങ്ങളാണ്. ഇത് വ്യക്തികളുടെ മേൽ നേരിട്ടു ചുമത്തപ്പെടാത്തതിനാൽ പരോക്ഷ നികുതിയെന്ന് പറയപ്പെടുന്നു.



**1. വിൽപന നികുതി :**

രാജ്യത്തിലോ സംസ്ഥാനത്തിലോ ക്രയവിക്രയം ചെയ്യപ്പെടുന്ന ജംഗമ വസ്തുക്കളിൽ വിൽപന നികുതി ചുമത്തപ്പെടുന്നു. ഇപ്പോൾ ഇതിനെ മൂല്യവർധിത നികുതി (VAT) എന്നാണ് പറയുന്നത്. മൂല്യവർധിത നികുതി – VAT എന്നാൽ എന്താണെന്നറിയുമോ? നിങ്ങളുടെ രക്ഷിതാക്കൾ സൂപ്പർ മാർക്കറ്റിൽനിന്നും സാധനങ്ങൾ വാങ്ങുമ്പോൾ ലഭിക്കുന്ന ബില്ലിൽ VAT എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?




**2. സേവന നികുതി :**

ചില പ്രത്യേക സേവനങ്ങൾ, സേവന ദാതാക്കൾ എന്നിവയുടെ മേൽ കേന്ദ്ര സർക്കാർ ചുമത്തുന്ന നികുതിയാണ് സേവനനികുതി. യഥാർത്ഥത്തിൽ ഉപഭോക്താക്കളാണ് സേവന നികുതിയുടെ ഭാരം വഹിക്കേണ്ടി വരുന്നത്. ഇത് പരോക്ഷ നികുതിയിനത്തിൽപെടുന്നു. സേവന നികുതി സംബന്ധിച്ച നിയമം 1994-ൽ പ്രാബല്യത്തിൽ വന്നു. ഇന്ത്യയിൽ സേവന ദാതാക്കൾ ഈ നികുതി അടയ്ക്കുന്നു. കുത്തകയ്ക്ക് നൽകൽ, ഇന്റർനെറ്റ്, ഗതാഗതം എന്നിവയ്ക്കെല്ലാം സേവന നികുതി ചുമത്തപ്പെടുന്നു.

**3. കസ്റ്റംസ് ഡ്യൂട്ടി (ഇറക്കുമതിച്ചുങ്കം) :**

രാജ്യത്തിൽ ഇറക്കുമതി ചെയ്യപ്പെടുന്ന വസ്തുക്കൾക്ക് ചുമത്തപ്പെടുന്ന നികുതിയാണിത്. മറ്റു രാജ്യങ്ങളിൽനിന്നും വസ്തുക്കൾ ഇറക്കുമതി ചെയ്യപ്പെടുമ്പോൾ വിമാനനിലയം, തുറമുഖം എന്നിവിടങ്ങളിൽ വെച്ച് ഈ നികുതി ചെലുത്തേണ്ടി വരുന്നു.

**4. എക്സൈസ് ഡ്യൂട്ടി (ആഭ്യന്തര ഉൽപാദന നികുതി) :**

ഒരു രാജ്യത്തിനുള്ളിൽ ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കൾക്ക് ചുമത്തപ്പെടുന്ന നികുതിയാണിത്. ഇതിനെ കേന്ദ്ര മൂല്യവർധിത നികുതി (CENVAT) എന്നും പറയുന്നു. ഇത് കസ്റ്റംസ് ഡ്യൂട്ടിയിൽനിന്നും എപ്രകാരം വ്യത്യാസപ്പെടുന്നുവെന്ന് പറയാമോ?

**നികുതി ചെലുത്തേണ്ടതിന്റെ പ്രാധാന്യം :**

നാമേവരും ഏതെങ്കിലുമൊരുവിധത്തിൽ സർക്കാരിന് നികുതി നൽകി വരുന്നു. സർക്കാർ പലതലങ്ങളിലായി അതായത് കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നികുതി പിരിച്ചെടുക്കുന്നു. നികുതി ചെലുത്തേണ്ടതിന്റെ പ്രാധാന്യം താഴെ കൊടുത്തിരിക്കുന്നു.

1. ഗവൺമെന്റിന്റെ വരുമാനത്തിലെ ഒരു മുഖ്യ ഭാഗമാണ് നികുതി.
2. നികുതി ചെലുത്തുകയെന്നത് നമ്മുടെ പ്രധാന കർത്തവ്യമാണ്.
3. ഗവൺമെന്റ് പിരിച്ചെടുക്കുന്ന നികുതിയെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഗതാഗതം, വാർത്താവിനിമയ സംവിധാനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ എന്നിവയ്ക്കായി ചെലവിടുന്നു.
4. ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന നികുതികൊണ്ട് നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നു.
5. ജനങ്ങളിൽ നിന്നും ലഭിക്കുന്ന നികുതിയെ അടിസ്ഥാനമാക്കിയാണ് വാർഷിക വരവു ചിലവ് കണക്ക് (Budget) തയ്യാറാക്കി അതിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കപ്പെടുമെന്നത്.
6. അന്തർദ്ദേശീയ വായ്പകൾ തിരിച്ചടയ്ക്കുന്നതിന് നികുതിയിലൂടെയുള്ള വരുമാനം സഹായകമാകുന്നു. ചുരുക്കത്തിൽ നികുതി ചെലുത്തുകയെന്നത് അത് പ്രത്യക്ഷമോ പരോക്ഷമോ ആയത് – രാഷ്ട്ര നിർമ്മാണ പ്രക്രിയയെ വളരെയേറെ സഹായിക്കുന്നു.

## അഭ്യാസം

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

1. ഇന്ത്യയിൽ പ്രവർത്തിക്കുന്ന കമ്പനികൾ ചെലുത്തുന്ന നികുതി

   a) സ്വത്ത് നികുതി  b) കോർപ്പറേറ്റ് നികുതി  c) സമ്മാന നികുതി  d) കസ്റ്റംസ് നികുതി

2. ഒരു വ്യക്തി നേരിട്ട് ഗവൺമെന്റിനു ചെലുത്തുന്ന നികുതി.

   a) പരോക്ഷ നികുതി  b) വിൽപന നികുതി  c) പ്രത്യക്ഷ നികുതി  d) സേവന നികുതി

3. താഴെ കൊടുത്തിട്ടുള്ളവയിൽ പരോക്ഷ നികുതി ഏത്?

   a) സേവന നികുതി  b) വരുമാന നികുതി  c) കോർപ്പറേറ്റ് നികുതി  d) സമ്മാന നികുതി

4. താഴെ കൊടുത്തിട്ടുള്ളവയിൽ പ്രത്യക്ഷ നികുതി ഏത്?

   a) സമ്മാന നികുതി  b) കസ്റ്റംസ് നികുതി  c) സേവന നികുതി  d) വിൽപന നികുതി

5. ഒരു രാജ്യത്തിനകത്ത് ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കളിന്മേൽ ചുമത്തപ്പെടുന്ന നികുതി.

   a) വിൽപന നികുതി  b) സേവന നികുതി  c) ഇറക്കുമതിച്ചുങ്കം  d) എക്സൈസ് നികുതി

**II. അനുയോജ്യമായ വാക്കുകൾകൊ് വിട്ടഭാഗം പൂരിപ്പിക്കുക**

1. ______ എന്നത് ഗവൺമെന്റിലേയ്ക്ക് ചെലുത്തുന്ന തുകയാണ്.
2. നിശ്ചിത പരിധിക്കുമേൽ വരുമാനം ഉള്ളവർ ______ നികുതി ചെലുത്തണം.
3. ജംഗമ വസ്തുക്കൾ ഒരു രാജ്യത്തിനകത്ത് ക്രയവിക്രയം ചെയ്യപ്പെടുമ്പോൾ ______ നികുതി ചുമത്തപ്പെടുന്നു.

**III. ചുരുക്കി ഉത്തരമെഴുതുക**

1. നികുതിയുടെ പ്രധാന വകഭേദങ്ങൾ ഏവ?
2. പരോക്ഷ നികുതിയിനങ്ങളുടെ പട്ടിക തയ്യാറാക്കുക.
3. വിൽപന നികുതി, സേവന നികുതി എന്നിവയുടെ വ്യത്യാസങ്ങളേവ?
4. സമ്മാന നികുതി – നിർവചിക്കുക.
5. മൂല്യവർധിത നികുതി (VAT) എന്നാലെന്ത്?

**IV. വിവരിച്ച് ഉത്തരമെഴുതുക.**

1. നികുതി ചെലുത്തുന്നതിന്റെ പ്രാധാന്യങ്ങളിൽ അഞ്ചെണ്ണം എഴുതുക.
2. പ്രത്യക്ഷ നികുതിയുടെ വകഭേദങ്ങളെക്കുറിച്ച് വിവരിക്കുക.

## രൂപീകരണ മൂല്യ നിർണ്ണയം

1. താഴെപ്പറയുന്നവയെ ഒരു ചാർട്ട് പേപ്പറിൽ തയ്യാറാക്കി ക്ലാസ്സിൽ മറ്റുള്ളവരുമായി ചർച്ച ചെയ്യുക.

a) വ്യക്തിഗത വരുമാനത്തിന് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള നികുതിയിളവ് പരിധി

b) മൂല്യവർധിത നികുതിയുടെ ശതമാനം

c) നികുതിയിളവ് ലഭിക്കുന്നതിനുള്ള ഇറക്കുമതിയുടെ ഏറ്റവും കുറഞ്ഞ തുക.

2. ഇന്ത്യയിലെ ഏതെങ്കിലും അഞ്ച് വലിയ കമ്പനികളുടെ വാർഷിക വരുമാനവും അവർ ചെലുത്തിയ നികുതിയും എത്രയാണെന്ന് കുപിടിക്കുക.

## 'എനിക്കും സാധി ക്കും, ഞാൻ ചെയ്തു'
## ('I can,I did')

### വിദ്യാർത്ഥികളുടെ പ്രവർത്തനവിവ ര സൂ ചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |